2021 മെയ്, ജൂൺ, ജൂലൈ | ത്രൈമാസിക | ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National, State, District, Village star news Kerala & India

Cinema Sports Arts & Literature



പി.ആർ നാഥൻ
ശ്രീധരനുണ്ണി
ഭാസി മലാപ്പറമ്പ്
മുണ്ടിയാടി ദാമോദരൻ
പൂനൂർ കെ കരുണാകരൻ
സത്യൻ താന്നിപ്പുഴ
മനോജ്
നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ
രജികുമാർ പുലക്കാട്
എം.കെ രവീന്ദ്രൻ വൈദ്യർ
അഷ്റഫ് നെടിയനാട്
വിജയൻ ചെറുവറ്റ
വിനോദ് കുമാർ ദാമോദർ
ജനാർദ്ദനൻ കടുങ്ങപുരം
കാരിത്തടം വർക്കി
മനോജ് കെ.കെ
സബീന സുനിൽ
ചമ്പയിൽ ബാബുരാജൻ
പി.വി പോൾരാജൻ

UEFA EURO2020

2021 ജൂൺ 11 – ജൂലൈ 11
24 ദേശിയ ടീമുകൾ
52 മത്സരങ്ങൾ
12 രാജ്യങ്ങളിലായി
12 വേദികൾ


പവിഴം
ബാങ്കേഴ്സ്
കുളങ്ങരപീടിക — കച്ചേരിക്കുന്ന് റോഡ്   കോഴിക്കോട്, ഫോൺ : 0495 2330823


ആത്മപ്രഭാലയ
ബനാന ചിപ്സ് സെന്റർ
കളിപ്പൊയ്ക, പി.ഒ. കോട്ടൂളി,
കോഴിക്കോട് 673 016, ഫോൺ : 9744960052


നാട്യാഞ്ജലി നൃത്തവിദ്യാലയം
വന്ദന സ്റ്റോപ്പ്, ഒളവണ്ണ, കോഴിക്കോട്
15 വർഷത്തിലേറെയായി നൃത്തരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച
നാട്യാഞ്ജലി
നൃത്തവിദ്യാലയത്തിലെ വിദ്യാർത്ഥിനികൾ സബ്ജില്ല, ജില്ലാ, സംസ്ഥാന
കലോത്സവങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്
ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, കേരള നടനം (നാടോടി നൃത്തം)
എന്നിവ അഭ്യസിപ്പിക്കുന്ന നൃത്താദ്ധ്യാപകൻ : സജീവ് ഒളവണ്ണ - Mob:9349730269




മുഖചിത്രം
കീർത്തി സുരേഷ്
(ഫിലിം സ്റ്റാർ)


# Nakshatra Rajyam

**TRI Monthly (QUARTERLY) Magazine**

**2021 MAY, JUNU, JULY**

**RNI Title Code: KERMAL 16195 Dt: 22-06-2018**

**Issue 12 volume 3**

**Managing Editor, Publisher & Owned by**

**Nakshthrarajyam E. Radhakrishnan**
**Edoli House, Kommeri P.O**
**Kozhikode- 673007, Kerala**

**Address**
**Managing Editior**
**NAKSHATHRA RAJYAM**
**P.B. No.1205**
**Mankave P.O., Kozhikode - 7**
**Kerala, India**
**Mob: 98 47 64 95 67**
**97 44 23 39 97**
**e-mail: nakshathrarajyam@gmail.com**

**WEB**
**www.nakshathrarajyameradhakrishnan.in**

**LAYOUT**
**Nakshthrarajyam E. Radhakrishnan**

**COVER**
**Sayooj Mayanad**

**Price 10.**


## എഡിറ്റോറിയൽ

## ക്ഷാമകാലത്തിനൊരു അടികുറിപ്പ്



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

സാഹിത്യ, സംഗീത, നാടക, കലാപ്രവർത്തന മണ്ഡലത്തിലെ പ്രവർത്തകരുടെ ക്ഷേമ കാലം ഒന്നര വർഷത്തോളമായി ഇല്ലാതായിട്ട്. കോവിഡ് 19 പൊട്ടിപ്പുറപ്പെട്ട ശേഷം ആദ്യമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ച 2020 മാർച്ച് മാസം മുതൽ തുടങ്ങിയതാണ് നാടക, സംഗീത, സിനിമ കലാകാരന്മാരുടേയും, പത്രപ്രവർത്തകരുടേയും, സാഹിത്യ പ്രവർത്തകരുടേയും ക്ഷാമകാലവും കഷ്ടകാലവും. ഇവർ മാത്രമല്ല ഇന്ത്യാ രാജ്യത്തിലേയും വിശിഷ്യ നമ്മുടെ മാതൃസംസ്ഥാനമായ കേരളത്തിലേയും സാധാരണ ജനങ്ങൾ കടമെടുത്ത ബാങ്ക് ലോണുകളും മറ്റു കട ബാധ്യതകളും ദിവസം തോറും അധികരിച്ചു കൊണ്ടിരിക്കുകയും ബാങ്ക് അടവുള്ളവർക്ക് ലോൺ തിരിച്ചടക്കാൻ കഴിയാത്ത വിധം ബാങ്ക് പലിശയും മുതലും കുന്നുകൂടുകയാണ്. എല്ലാ വിധത്തിലും ക്ഷാമകാലമായി ഇനിയും എത്രനാൾ സാധാരണ ജനങ്ങൾക്ക് സമൂഹത്തിൽ പിടിച്ചുനിൽക്കാനാവും എന്നത് ഭരണകൂടങ്ങൾ ആലോചന ചെയ്യേണ്ടതും പരിഹാരം നിർവ്വഹിക്കേണ്ടതുമാണെന്ന് സാധാരണക്കാരായ ജനങ്ങൾ വിശ്വസിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം ക്ഷാമങ്ങൾക്ക് പരിഹാരം കാണുവാനും, പരിഹാരം നിർദ്ദേശിക്കുവാനും ഭരണകൂടങ്ങൾതന്നെ ഇക്കാലയളവിൽ തയ്യാറാവേണ്ടതാണ്. ചെറുകിട കച്ചവടക്കാരും, ചെറു വ്യാപാരികളും വ്യവസായികളും ഇനിയും ഒരു പ്രതീക്ഷക്ക് വഴിയില്ലാത്ത വിധം സാമ്പത്തികമായി കൂപ്പുകുത്തിയിരിക്കുന്നു.

സർക്കാർ അനുവദിക്കുന്ന കിറ്റും റേഷനരിയും ആരോഗ്യ ക്ഷേമപ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളും സാധാരണ ജനങ്ങളെ ഒരു പരിധിവരെ ജീവിക്കാൻ സഹായിക്കുന്നുണ്ട്, എങ്കിൽപ്പോലും പഴയകാല തമിഴ് ജനതയെപ്പോലെ മനസ്സിൽ താൻ ഉയർന്നസാമ്പത്തിക സ്ഥിതിയിലിരിക്കണമെന്ന മോഹം വെടിഞ്ഞ്, മുന്നേറ്റത്തിനുള്ള ആർജ്ജവവും, നല്ല ജീവിത സാഹചര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുവാനുള്ള ആർജ്ജവവും നശിച്ച് എല്ലാവിധത്തിലും സമ്പന്നരുടെ ആശ്രയരായി മാത്രം ജീവിക്കുവാനും തന്റെ രോഷവും വിദ്വേഷവും "അധർമ്മത്തിനേയും അനീതിയേയും അക്രമത്തിനേയും എതിർക്കുന്ന സിനിമകളിലെ സിനിമാനായകന്മാരുടെ "അഭിനയ" കഥാപാത്രത്തെ തന്റെ ഉൾമനസ്സിൽ വ്യക്തിമുദ്രയായി പതിപ്പിക്കുകയും സമൂഹത്തിലെ അസമത്വങ്ങളെ എതിർക്കുവാനുള്ള തന്റെ ശക്തിയില്ലായ്മ മറക്കുകയും എന്നാൽ തന്റെ മനസ്സിലുള്ളത് കഥാപാത്രത്തിലൂടെ സാധ്യമാക്കിയ സിനിമാനായകന്മാരുടെ അനുഭാവികളാകുകയും, രസികസംഘങ്ങളിൽ അംഗങ്ങളാകുകയും ചെയ്യുന്നതിനു ഒരുങ്ങുന്ന അനാഥത്വ ജനവിഭാഗമായി ജനങ്ങളെ നയിക്കാതിരിക്കാൻ ഭരണകൂടങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്ന കാര്യം ഭരണകൂടങ്ങൾ വിസ്മരിച്ചുകൂടാ. അതോടൊപ്പം 1947 ആഗസ്റ്റ് 15-ാം തിയ്യതി അർദ്ധരാത്രി 12 മണിക്ക് ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടിയ ശേഷം കാലാകാലങ്ങളിലും എന്നും രാജ്യം സാമ്പത്തികമായി മുന്നേറികൊണ്ടിരിക്കുകയാണ് എന്നും എല്ലാ കാലത്തും അതുണ്ടാകുകയും വേണമെന്ന നന്മ മനസ്സോടെ രാജ്യം ഇനിയും വളരെയേറെ മുന്നേറട്ടെ എന്നും! ജനങ്ങൾ ആശ്വസിക്കട്ടെ എന്നും! എല്ലാ ജനമനസ്സുകൾക്കും പ്രത്യാശിക്കാം.

**മാനേജിംഗ് എഡിറ്റർ**

സ്പോർട്സ്



ഭാസി മലാപ്പറമ്പ്

# യൂറോ കപ്പ് ഫുട്ബോൾ 2020



യൂറോപ്യൻവൻകരാ ഫുട്ബോൾ കിരീടത്തിനു വേണ്ടി യൂറോപ്പിലെ നാഷണൽ ടീമുകൾ നാല് വർഷങ്ങളുടെ ഇടവേളയിൽ മത്സരിക്കുന്ന "യൂറോകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്" 2020 ലും അരങ്ങിലെത്തേണ്ടതായിരുന്നു. കോവിഡ് 19 ന്റെ ഭീകരഭീഷണി കാരണം 2021ലേക്ക് മാറ്റി വെക്കേണ്ടിവന്ന ചാമ്പ്യൻഷിപ്പ് മത്സരം ടൈറ്റിലിൽ ഭേദം വരുത്താതെ "യൂറോകപ്പ് 2020" എന്ന പേരിൽത്തന്നെ 2021 ജൂൺ 11 മുതൽ പന്ത്രണ്ട് രാഷ്ട്രങ്ങളിലെ പന്ത്രണ്ട് സ്റ്റേഡിയങ്ങളെ മത്സര വേദികളാക്കി കൊണ്ട് അരങ്ങേറുകയാണ്. നാല് ദേശീയ ടീമുകൾ ഏകപാദ ലീഗ് അടിസ്ഥാനത്തിൽ മത്സരിക്കുന്ന ആറ് ഗ്രൂപ്പുകളിലായി ഇരുപത്തിനാല് ദേശീയടീമുകളാണ് യൂറോ കപ്പിന്റെ രണവേദിയിൽ ഉള്ളത്.

ആറ് ഏകപാദ ഗ്രൂപ്പ് ലീഗ് മത്സരങ്ങളും തുടർന്ന് പ്രീ-ക്വാർട്ടർ തുടങ്ങിയുള്ള "നോക്കൗട്ട്" മത്സരങ്ങളും വേദികളിൽ എത്തുന്നു. നോക്കൗട്ട് മത്സരങ്ങളിൽ ആദ്യം പ്രീക്വാർട്ടർ ഫൈനൽ. ആറ് ഗ്രൂപ്പുകളിലെ ആദ്യ രണ്ട് സ്ഥാനക്കാരായ ആറ് ടീമുകളിൽ ഏറ്റവും മികച്ച റിക്കാർഡുള്ള നാല് ടീമുകളും ആണ് എട്ട് പ്രീ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് അരങ്ങിലെത്തുന്നത്. മത്സര രീതി താഴെ;

## യൂറോ കപ്പ് 2020 : ഫിക്സ്ചർ

ഗ്രൂപ്പ് 'എ' <> ഇറ്റലി, സ്വിറ്റ്സർലാണ്ട്, തൂർക്കി, വെയിൽസ <>

| മത്സരദിനം | ടീമുകൾ | വേദി |
|---|---|---|
| ജൂൺ 11 | തുർക്കി V/S ഇറ്റലി | റോം |
| ജൂൺ 12 | വെയിൽസ് V/S സ്വിറ്റ്സർലാന്റ് | ബക്കു |

| | | |
|---|---|---|
| ജൂൺ 16 | തുർക്കി V/S വെയിൽസ് | ബക്കു |
| ജൂൺ 16 | ഇറ്റലി V/S സ്വിറ്റ്സർലന്റ് | റോം |
| ജൂൺ 20 | ഇറ്റലി V/S വെയിൽസ് | റോം |
| ജൂൺ 20 | സ്വിറ്റ്സർലന്റ് V/S തുർക്കി | ബക്കു |

**ഗ്രൂപ്പ് 'ബി ' <> ബൽജിയം, റഷ്യ, ഡെൻമാർക്ക്, ഫിൻലാന്റ <>**

| മത്സരദിനം | ടീമുകൾ | വേദി |
|---|---|---|
| ജൂൺ 12 | ഡെൻമാർക്ക V/S ഫിൻലാന്റ് | കോപ്പൻഹാഗൻ |
| ജൂൺ 12 | ബൽജിയം V/S റഷ്യ | സെന്റ് പീറ്റേർസ് ബർഗ്ഗ് |
| ജൂൺ 16 | ഫിൻലാന്റ് V/S റഷ്യ | സെന്റ് പീറ്റേർസ് ബർഗ്ഗ് |
| ജൂൺ 17 | ഡെൻമാർക്ക് V/S ബൽജിയം | കോപ്പൻഹാഗൻ |
| ജൂൺ 21 | റഷ്യ V/S ഡെൻമാർക്ക് | കോപ്പൻഹാഗൻ |
| ജൂൺ 21 | ഫിൻലാന്റ് V/S ബൽജിയം | സെന്റ് പീറ്റേർസ് ബർഗ്ഗ് |

**ഗ്രൂപ്പ് 'സി ' <> ഉക്രൈൻ, നെതർലന്റ്സ്, ആസ്റ്റ്രീയ, നോർത്ത് മെസിഡോണിയ <>**

| മത്സരദിനം | ടീമുകൾ | വേദി |
|---|---|---|
| ജൂൺ 13 | ആസ്റ്റ്രീയ V/S നോർത്ത് മെസിഡോണിയ | ബുക്കാറെസ്റ്റ് |
| ജൂൺ 13 | നെതർലാന്റ് V/S ഉക്രൈൻ | ആംസ്റ്റർ ഡാം |
| ജൂൺ 17 | ഉക്രൈൻ V/S നോർത്ത് മെസിഡോണിയ | ബുക്കാറെസ്റ്റ് |
| ജൂൺ 17 | നെതർലാന്റ് V/S ആസ്ട്രിയ | ആംസ്റ്റർ ഡാം |
| ജൂൺ 21 | നോർത്ത് മെസിഡോണിയ V/S നെതർലാന്റ് | ആംസ്റ്റർ ഡാം |
| ജൂൺ 21 | ഉക്രൈൻ V/S ആസ്റ്റ്രീയ | ബുക്കാറെസ്റ്റ് |

**ഗ്രൂപ്പ് 'ഡി ' <> ഇംഗ്ലണ്ട്, ക്രൊയേഷ്യ്, ചെക്ക് റിപ്പബ്ലിക്ക്, സ്ക്കോട്ട്ലാന്റ <>**

| മത്സരദിനം | ടീമുകൾ | വേദി |
|---|---|---|
| ജൂൺ 13 | ഇംഗ്ലണ്ട് V/S ക്രൊയേഷ്യ | ലണ്ടൻ |
| ജൂൺ 14 | സ്കോട്ട്ലാന്റ് V/S ചെക്ക് റിപ്പബ്ലിക്ക് | ഗ്ലാസ്ഗോ |
| ജൂൺ 18 | ക്രൊയേഷ്യ V/S ചെക്ക് റിപ്പബ്ലിക്ക് | ഗ്ലാസ്ഗോ |
| ജൂൺ 18 | ഇംഗ്ലണ്ട് V/S സ്കോർട്ട്ലാന്റ് | ലണ്ടൻ |
| ജൂൺ 22 | ചെക്ക് റിപ്പബ്ലിക്ക് V/S ഇംഗ്ലണ്ട് | ലണ്ടൻ |
| ജൂൺ 22 | ക്രൊയേഷ്യ V/S സ്ക്കോട്ട്ലാന്റ് | ഗ്യാസ്ഗോ |

ഗ്രൂപ്പ് 'ഇ ' <> സ്പെയിൻ, പോളണ്ട്, സ്വീഡൻ, സ്ലോവാക്കിയ <>

| മത്സരദിനം | ടീമുകൾ | വേദി |
|---|---|---|
| ജൂൺ 14 | പോളണ്ട് V/S സ്ലോവാക്കിയ | ഡുബ്ലിൻ |
| ജൂൺ 14 | സ്പെയിൻ V/S സ്വീഡൻ | ബിൽബാവോ |
| ജൂൺ 18 | സ്വീഡൻ V/S സ്ലോവാക്കിയ | ഡുബ്ലിൻ |
| ജൂൺ 19 | സ്പെയിൻ V/S പോളണ്ട് | ബിൽബാവോ |
| ജൂൺ 23 | സ്ലോവാക്കിയ് V/S സ്പെയിൻ | ബിൽബാവോ |
| ജൂൺ 23 | സ്വീഡൻ V/S പോളണ്ട് | ഡുബ്ലിൻ |

ഗ്രൂപ്പ് 'എഫ് ' <> ജർമ്മനി, ഫ്രാൻസ്, ഹംഗറി, പോർച്ചുഗൽ <>

| മത്സരദിനം | ടീമുകൾ | വേദി |
|---|---|---|
| ജൂൺ 15 | ഹംഗറി V/S പോർച്ചുഗൽ | ബുഡാപെസ്റ്റ് |
| ജൂൺ 15 | ഫ്രാൻസ് V/S ജർമ്മനി | മ്യൂണിക്ക് |
| ജൂൺ 19 | ഹംഗറി V/S ഫ്രാൻസ് | ബുഡാപെസ്റ്റ് |
| ജൂൺ 19 | പോർച്ചുഗൽ V/S ജർമ്മനി | മ്യൂണിക്ക് |
| ജൂൺ 23 | ജർമ്മനി V/S ഹംഗറി | മ്യൂണിക്ക് |
| ജൂൺ 23 | പോർച്ചുഗൽ V/S ഫ്രാൻസ് | ബുഡാപെസ്റ്റ് |

<> തുടർന്നുള്ള നോക്കൗട്ട് മത്സരങ്ങൾ <>

<> ഫ്രീ ക്വാർട്ടർ ഫൈനൽ <>

| | |
|---|---|
| 1) ജൂൺ 26: | 'എ' ഗ്രൂപ്പ് റണ്ണർ അപ് V/S 'ബി' ഗ്രൂപ്പ് റണ്ണർ അപ് |
| 2) ജൂൺ 26: | 'എ' ഗ്രൂപ്പ് വിജയികൾ V/S 'സി' ഗ്രൂപ്പ് റണ്ണർ അപ് |
| 3) ജൂൺ 27: | 'സി' ഗ്രൂപ്പ് വിജയികൾ V/S 'ഡി', 'ഇ', 'എഫ്', ഗ്രൂപ്പുകളിലെ ഉയർന്ന പോയിന്റുകാരായ മൂന്നാം സ്ഥാനക്കാർ |
| 4) ജൂൺ 27: | 'ബി' ഗ്രൂപ്പ് വിജയികൾ V/S 'എ', 'ഡി', 'ഇ', 'എഫ് ' ഗ്രൂപ്പുകളിലെ മികച്ച മൂന്നാം സ്ഥാനക്കാർ |
| 5) ജൂൺ 28: | 'ഡി' ഗ്രൂപ്പ് റണ്ണർ അപ് V/S 'ഇ' ഗ്രൂപ്പ് റണ്ണർ അപ് |
| 6) ജൂൺ 28: | 'എഫ്' ഗ്രൂപ്പ് ഒന്നാം സ്ഥാനക്കാർ V/S 'എ', 'ബി', 'സി', ഗ്രൂപ്പുകളിലെ മികച്ച മൂന്നാം സ്ഥാനക്കാർ. |
| 7) ജൂൺ 29: | 'ഡി' ഗ്രൂപ്പ് ഒന്നാം സ്ഥാനക്കാർ V/S 'എഫ് ' ഗ്രൂപ്പ് രണ്ടാം സ്ഥാനക്കാർ |
| 8) ജൂൺ 29: | 'ഇ' ഗ്രൂപ്പ് ഒന്നാം സ്ഥാനക്കാർ V/S 'എ', 'ബി', 'സി', 'ഡി' ഗ്രൂപ്പുകളിലെ ഉയർന്ന മൂന്നാം സ്ഥാനക്കാർ |

<> ക്വാർട്ടർ ഫൈനൽ <>

| | | |
|---|---|---|
| ക്വാ.ഫൈ.ഒന്ന് | ജൂലൈ 2 | പ്രീ ക്വാർട്ടർ 6 വിജയികൾ V/S പ്രീ ക്വാർട്ടർ 5 വിജയികൾ |
| ക്വാ.ഫൈ.രണ്ട് | ജൂലൈ 2 | പ്രീ ക്വാർട്ടർ 4 വിജയികൾ V/S പ്രീ ക്വാർട്ടർ 2 വിജയികൾ |
| ക്വാ.ഫൈ.മൂന്ന് | ജൂലൈ 3 | പ്രീ ക്വാർട്ടർ 3 വിജയികൾ V/S പ്രീ ക്വാർട്ടർ 1 വിജയികൾ |
| ക്വാ.ഫൈ.നാല് | ജൂലൈ 3 | പ്രീ ക്വാർട്ടർ 8 വിജയികൾ V/S പ്രീ ക്വാർട്ടർ 7വിജയികൾ |

**<> സെമി ഫൈനൽ <>**

| | | |
|---|---|---|
| I | ജൂലൈ 6 | 2-ാം ക്വാർട്ടർ ഫൈനൽ വിജയികൾ V/S 1-ാം ക്വാർട്ടർ ഫൈനൽ വിജയികൾ |
| II | ജൂലൈ 7 | 4-ാം ക്വാർട്ടർ ഫൈനൽ വിജയികൾ V/S 3-ാം ക്വാർട്ടർ ഫൈനൽ വിജയികൾ |

**<> യൂറോകപ്പ് 2020 ഫൈനൽ ജൂലായ് 11 <>**

**1-ാം ക്വാർട്ടർ ഫൈനൽ വിജയികൾ V/S 2-ാം ക്വാർട്ടർ ഫൈനൽ വിജയികൾ**

മത്സരങ്ങൾക്ക് ടെലിവിഷൻ ചാനലുകളിൽ തത്സമയ പ്രസാരണം ഉള്ളതിനാൽ ഫുട്ബോൾ പ്രേമികൾക്ക് ജൂൺ 11 മുതൽ ജൂലൈ 11 വരെ എല്ലാ ദിവസങ്ങളും ഏറ്റവും ആവേശ ദിനങ്ങൾ തന്നെയായി നിലനിൽക്കുന്നതാണ്.

ഞാൻ എട്ടു തവണ നടത്തിയ ‘ഫിഫ വേൾഡ് കപ്പ് ’ കവറേജുകൾ കൂടാതെ ഒരു ‘യൂറോ കപ്പ് ’ഫുട്ബോൾ ചാമ്പ്യൻഷിപ്പും മീഡിയാ അക്രഡിറ്റേഷനോടെ മത്സരവേദികളിലെത്തി പ്രസ്സ് സീറ്റിലിരുന്നു കൊണ്ട് മലയാളികൾക്കു വേണ്ടി റിപ്പോർട്ട് ചെയ്യുകയുണ്ടായി. 1982 മുതൽ 2006 വരെ നാല് കൊല്ലങ്ങളുടെ ഇടവേളകളിൽ അരങ്ങേറിയ ഏഴ് ഫിഫാ ലോകകപ്പ് ചാമ്പ്യൻഷിപ്പുകളിൽ യു.എസ്.എ ആതിഥേയത്വം നൽകിയ 1994 ലെ ലോകകപ്പ് ഒഴികെ മറ്റ് ആറ് ചാമ്പ്യൻഷിപ്പുകളും മലയാള മനോരമ ദിനപത്രത്തിൽ റിപ്പോർട്ട് ചെയ്ത ശേഷം സ്വിറ്റ്സർലണ്ടും ആസ്ട്രിയയും സംയുക്താതിഥേയത്വം വഹിച്ച 2008 ലെ ‘യൂറോകപ്പ് ’ ചാമ്പ്യൻഷിപ്പും മലയാള മനോരമ പത്രത്തിനു വേണ്ടി ‘കവർ’ ചെയ്യാനുള്ള മീഡിയാ അക്രഡിറ്റേഷനും യൂറോപ്യൻ വൻകരാ ഫുട്ബോൾ അധികൃത സംഘടനയായ ‘യുവേഫ’ യിൽ നിന്ന് എനിയ്ക്ക് ലഭിക്കുകയുണ്ടായി. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന രാഷ്ട്രീയങ്ങളിൽ നിന്ന് പതിനായിരക്കണക്കിൽ ഫുട്ബോൾ പ്രേമികൾ തങ്ങളുടെ ദേശീയ ടീമിനെ പ്രോത്സാഹിപ്പിക്കുവാനായി സ്റ്റേഡിയങ്ങളിലെ ഗ്യാലറികളിൽ ദേശീയ പതാകകളും തങ്ങളുടെ പൊൻതാരങ്ങളുടെ വലിയ ബാനർ ഫോട്ടോകളും കൈകളിലേന്തി തിങ്ങി നിറഞ്ഞിരിക്കുന്നത് കൺമുന്നിൽ കണ്ടപ്പോൾ ഫുട്ബോൾ യൂറോപ്പിൽ എല്ലാവർക്കും ആരാധനയുള്ള, കായിക മേഖല തന്നെ എന്ന് നേരിൽകണ്ട് ബോധ്യപ്പെടാനുള്ള സൗഭാഗ്യവും എനിയ്ക്ക ലഭിക്കുകയായിരുന്നു.



1982 മുതൽ 2006 വരെ അരങ്ങേറിയ ഏഴ് ഫിഫാ ലോകകപ്പ് ഫുട്ബോൾ ചാമ്പൻ ഷിപ്പുകളിൽ യു.എസ്.എ. ആതിഥേയത്വം നൽകിയ 1994 ലെ ചാമ്പ്യൻ ഷിപ്പ് ഒഴികെ മറ്റുള്ള ആറ് ലോകകപ്പുകളും സ്റ്റേഡിയം മീഡിയാ വേദികളിൽ സന്നിഹിതനായി മലയാള മനോരമ ദിനപത്രത്തിനു വേണ്ടി റിപ്പോർട്ട് ചെയ്തതിനു ശേഷമാണ് റിപ്പോർട്ടിങ്ങ് പരിചയ സമ്പത്തുമായി ‘യൂറോ കപ്പ് ’ചാമ്പ്യൻഷിപ്പും റിപ്പോർട്ട് ചെയ്തത്. അതിനുശേഷം രണ്ട് ‘ഫിഫ കപ്പ് ’ ചാമ്പ്യൻ ഷിപ്പുകൾ കൂടി (2008& 2014) മീഡിയാസ്റ്റാന്റുകളിരുന്നു കൊണ്ടു തന്നെ മലയാളി ഫുഡ്ബോൾ പ്രേമികൾക്ക് വായനയിൽകൂടി ആസ്വദിക്കുവാനുള്ള അവസരമൊരുക്കുവാനും എനിയ്ക്കു ഭാഗ്യം ലഭിക്കുകയുണ്ടായി. ലോക ഫുട്ബോൾ മേഖലകളിൽ നിന്ന് കൈവന്ന ആ അനുഭവങ്ങൾ കാണികൾക്ക് ഏറ്റവും കൂടുതൽ മാനസികാവേശം നൽകുന്ന കായിക മേഖല, ഫുട്ബോൾ തന്നെയാണെന്ന് വിശ്വസിക്കുവാനാണ് എന്നെ പ്രേരിപ്പിക്കുന്നതെന്ന് വിനയപൂർവ്വം ഞാനിവിടെ രേഖപ്പെടുത്തട്ടെ ■

ലേഖനം



വിനോദ്കുമാർ ദാമോദർ

# ഹൈദരാബാദ് കാഴ്ച ബംഗ്ലാവിൽ എട്ട് സിംഹങ്ങൾക്ക് കോവിഡ് എന്ന് സ്ഥിരീകരിക്കാത്ത കിംവദന്തി



ഗുജറത്തിലെ ഗീർ വനത്തിൽ ജീവിക്കുന്നസിംഹ കുടുംബം

**ഹൈ**ദരാബാദ് കാഴ്ച ബംഗ്ലാവിൽ എട്ട് സിംഹങ്ങൾക്ക് കോവിഡ് എന്ന് സ്ഥരീകരിക്കാത്ത വാർത്ത. ഈ കഴിഞ്ഞ ദിവസമാണ് ഞെട്ടലോടെ ഈ വാർത്ത ശ്രവിച്ചത്. ഹൈദരാബാദിലെ കാഴ്ച ബംഗ്ലാവിൽ എട്ട് സിംഹങ്ങൾക്ക് കോവിഡ് ബാധിച്ചുവെന്ന സ്ഥിരീകരിക്കാത്ത വിവരം പ്രചരിക്കുന്നുണ്ടെങ്കിലും ഇതുവരെ ഭാരതത്തിൽ ഈ തരത്തിൽ വാർത്തകൾ കോവിഡ് കാലത്ത് ഇന്ന് വരെ കേട്ടിരുന്നില്ല. വിദേശത്ത് ഏതോ ഒരു കാഴ്ച ബംഗ്ലാവിൽ മാസങ്ങൾക്കു മുൻപ്തന്നെ ഒരു കടുവയ്ക്ക് കോവിഡ് ബാധിച്ച വാർത്ത കണ്ടിരുന്നുവെങ്കിലും പിന്നീട് ഇത് സഥിതീകരിക്കപ്പെട്ടില്ല. ഹൈദരാബാദ് കാഴ്ച ബംഗ്ലാവിൽ സാധാരണ പലയിടങ്ങളിലും കാണുന്ന തരത്തിൽ ഇരുമ്പഴിക്കുള്ളിൽ അല്ല മൃഗങ്ങൾ. നല്ല വിസ്തൃതിയിലുള്ള സ്ഥലങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്.

വിസ്തൃതി കുറഞ്ഞവ പൂട്ടാൻ കേന്ദ്ര സൂ അതോറിറ്റി പല കാഴ്ച ബംഗ്ലാവുകളിലേക്കും നോട്ടീസ് നൽകി. പലതും മാറി കഴിഞ്ഞു.

തൃശൂർ കാഴ്ച ബംഗ്ലാവും പൂട്ടാൻ ഉത്തരവിട്ടുണ്ട്. അതിനാൽ പുത്തൂരിൽ വനപ്രദേശത്ത് ഇപ്പോൾ കാഴ്ച ബംഗ്ലാവ് സുവോളജിക്കൽ പാർക്ക് എന്ന പേരിൽ പൂർത്തീകരിച്ചു വരുന്നു. ■

## ആദരാഞ്ജലികൾ
## (മരണം 14.03.21)

പരേതന്റെ ഭാര്യ : സത്യ ഇ.
മകൻ : സനിൽകുമാർ
മകൾ : സജിത
മരുമകൾ : ടി.പി. രശ്മി
മരുമകൻ : ജ്യോതിഷ്കുമാർ
സഹോദരങ്ങൾ :
ബാലൻ, വാസു, കൃഷ്ണൻക്കുട്ടി, ജനാർദ്ദനൻ, ലക്ഷ്മി, പരേതനായ ഭാസ്ക്കരൻ

**ഇ.എം. ഗംഗാധരൻ**
**ഏറാങ്ങോട്ട് മീത്തൽ**
**കൊമ്മേരി പി.ഒ.**
**കോഴിക്കോട് 673 007**

**പരേതാത്മാവിന് നിത്യശാന്തി നേരുന്നു**

**നക്ഷത്രരാജ്യം പ്രവർത്തകർ**

**നിര്യാതനായി**



**ഇ.എം. ഗംഗാധരൻ**

**ലേഖനം**



**മുണ്ട്യാടി ദാമോദരൻ**

# അവതാരിക കൊണ്ട് എന്ത്?

ഒരു കവിതാസമാഹാരത്തിന് അവതാരിക എഴുതാൻ സുഹൃത്തും പണ്ഡിതനുമായ ഒരാളോട് അദ്ദേഹത്തിന്റെ കൂടി താൽപര്യപ്രകാരം അഭ്യർത്ഥന നടത്തിയിട്ട് മാസങ്ങൾ കഴിഞ്ഞു, അത് കിട്ടുകയുണ്ടായില്ല. അക്കാരണം കൊണ്ടുമാത്രം ആ പുസ്തകത്തിന്റെ പ്രസാധനം മുടങ്ങിയിപ്പോയി. ഈ ഒരു സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് "അവതാരിക"യെക്കുറിച്ച് ചിന്തിച്ചത്.



ഒരു പുസ്തകത്തിന്റെ അവതാരിക എന്നു പറയുന്നത് ഈ ലേഖകനെ സംബന്ധിച്ചിടത്തോളം സൗഹൃദത്തിന്റെ ഒപ്പം നടപ്പാണ്. വർഷങ്ങളെടുത്ത് എഴുതിയുണ്ടാക്കിയ മാറ്റർ ഡിറ്റിപി കൂടി ചെയ്തു കഴിയുമ്പോഴേക്കും അതിന്റെ എല്ലാ തിരുത്തുകളും കഴിഞ്ഞ് ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം പുസ്തകമായി വരാനുള്ള ഒരു ഒരുക്കത്തിൽ ചെന്നെത്തിയിരിക്കും. പിന്നെ പറ്റിയ പ്രസാദകരെ കണ്ടുപിടിക്കാനും മറ്റുമുള്ള നൂലാമാലകൾ അനുഭവിച്ചവർക്കേ അറിയൂ. അതിനിടയിലാണ് ഒരു മാമൂൽ എന്ന നിലയിൽ സൗഹൃദ വലയിൽപ്പെട്ട ഒരാളെ അവതാരികയ്ക്കു വേണ്ടി ഏൽപ്പിക്കുന്നത്. ഏതാനും നിമിഷങ്ങൾ കൊണ്ട് വായിച്ചിടാവുന്ന ആ മാറ്റർ കുറിപ്പെടുക്കലും എഴുതിയുണ്ടാക്കലുമൊക്കെയായി ഒരു മാസം കൊണ്ട് തിരിച്ചു കൊടുക്കാൻ ആർക്കും കഴിയേണ്ടതാണ്. മാസങ്ങൾ അന്യഥാ നീണ്ടു പോകുമ്പോഴാണ് പുസ്തകമായി വരാനുള്ള ഗ്രന്ഥകാരന്റെ സ്വപ്നം നീന്നു പോകുന്നത്. വർഷങ്ങൾ എടുത്ത് എഴുതി ഉണ്ടാക്കി ഒരുക്കിയ മാറ്റർ അച്ചടി മഷി പുരണ്ടു വരുമ്പോൾ അത് ഒരൊറ്റപ്പെട്ട നടത്തവും പോക്കും ആകേണ്ട, സുഹൃത്തോ, കൂട്ടുകാരനോ, വെൽവിഷറോ ആയ ഒരാളു കൂടി ഒപ്പം നടക്കട്ടെ എന്ന ചിന്തയിലായിരിക്കും അവതാരികയ്ക്ക് കൊടുക്കുന്നത്. സാധാരണഗതിയിൽ ഒരു മാസം കൊണ്ടൊക്കെ അങ്ങനെയൊന്ന് എഴുതിക്കൊടുക്കാൻ ഏതുതെരക്കു പിടിച്ച ആൾക്കും സാധിക്കുന്നതായാണ് കാണാറും. അതൊരു തോളോടു തോൾ ചേർന്ന് നടത്തമല്ലേ. അങ്ങനെ ചെയ്തു കൊടുക്കാൻ കഴിയാത്തവർ അതു വാങ്ങി വെച്ച് വഴി മുടക്കി നിന്നും കാണാറില്ല. ഈ ലേഖകനെ സംബന്ധിച്ചിടത്തോളം അങ്ങനെ തോളോടു തോൾ ചേർന്നു നടക്കാൻ തയ്യാറുള്ളു സൗഹൃദ വലയത്തിലുള്ളവർ ഇനിയുമുണ്ട്. അരനൂറ്റാണ്ടു കാലത്തിലേറെ ആയുള്ള എഴുത്തും പ്രസിദ്ധീകരണവും, അത്തരം ഒരവസരം നൽകാത്തതുകൊണ്ട് നീരസമില്ലെങ്കിലും നെറ്റി ചുളിച്ചവർ പലരും ബാക്കി നിൽക്കുന്നു.

എഴുത്തുകാരൊക്കെ അവതാരികയുടെ കാര്യത്തിൽ പലതരക്കാരാവാം. ഒരു വലിയ കൂട്ടക്കാർ "അവതാരിക" ആവശ്യമില്ല എന്ന് ശഠിക്കുന്നവരാണ്. അവർക്കതിൽ പല ന്യായീകരണങ്ങളും ഉള്ളതുപോലെ, അവതാരിക ആവശ്യമാണെന്നു വിചാരിക്കുന്നവർക്കും അതിനുള്ള ന്യായീകരണങ്ങൾ ഉണ്ടാവാം. മുമ്പുകാലത്തൊക്കെ പൊതുവെ അവതാരിക കൊണ്ട് ഒരു ഗുരു സ്വാധീനം, അല്ലെങ്കിൽ ഒരു തൊട്ടുതലോടൽ നിറവേറ്റാൻ ഉദ്ദേശിച്ചിരുന്നതായി കാണാവുന്നതാണ്. കുമാരനാശാന്റേയും മറ്റും തലമുറയിൽ അങ്ങനെ ആയിരുന്നു എന്ന് ആ പുസ്തകങ്ങൾ നോക്കുന്നവർക്ക് തോന്നാം. എന്നാൽകാലം മുന്നേറി, വ്യക്തിപരമായി എനിക്കിഷ്ടപ്പെട്ട കുഞ്ഞിരാമൻ നായരെപ്പോലെയുള്ളവർ അവരുടെ ശിഷ്യരോ പിന്നാലെ

കൂടിയ വരോഒക്കെ ആയവരെക്കൊണ്ട് അവതാരിക എഴുതിച്ചിരുന്നു. മഹാകവി "പി " യുടെ ആ ഒരു നോട്ടമാണ് എനിക്കും ഉള്ളത്.

എഴുത്തും പ്രസാധനവും അര നൂറ്റാണ്ടു പിന്നിടുമ്പോൾ ആനുകാലിക പ്രസിദ്ധീകരണക്കാർ എഴുത്തുകാരനെ അവഗണിച്ചു എന്നു വരാം. പ്രത്യേകിച്ച് കവിത എഴുതുന്നവരെ. അക്കിത്തവും മറ്റും അവസാനത്തെ ഒരു വ്യാഴവട്ടത്തിലേറെക്കാലം ഒന്നും എഴുതാതിരുന്നതുകൊണ്ടാണ് ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കാണാതിരുന്നത്. മഹാകവി പാലാ നാരായണൻ നായർ, എം. എൻ. പാഴൂർ തുടങ്ങി വലിയ പ്രസിദ്ധിയിൽ എത്തിയവരെ നിഷ്കരുണം അവഗണിച്ചത് എനിക്കറിയാം.

ഒരു വൈകുന്നേരം 4 മണിനേരത്ത് കോഴിക്കോട് ടൗൺഹാളിനടുത്തുകൂടെ പോകുമ്പോൾ നന്നായിവെയിലടിക്കുന്ന ഗെയ്റ്റിന്റെ ചാരെ രണ്ടാം കസവുമുണ്ട് പുതച്ച ഒരു വയോധികൻ നില്ക്കുന്നു. നേരത്തെ കണ്ടിട്ടില്ലാത്ത ആളായതുകൊണ്ടും ചിത്രം കണ്ടു പരിചയമുള്ളതുകൊണ്ടും മറ്റാരുമില്ലാതെ ഒറ്റപ്പെട്ടു ബോറടിച്ചു നില്ക്കുന്ന അദ്ദേഹത്തെ കയറി പരിചയപ്പെട്ടു സംസാരിച്ചു തുടങ്ങിയപ്പോൾ വൈകുന്നേരം ഒരു പരിപാടിയുണ്ട്: കോട്ടയത്ത് നിന്ന് പോന്നപ്പോൾ വളരെ നേരത്തെയായിപ്പോയി എന്നൊക്കെ പറഞ്ഞ് തുടങ്ങിയ മഹാകവി പാലാ നാരായണൻ നായർ, താൻ സാധാരണയായി കവിത പ്രസിദ്ധീകരിക്കാറുണ്ടായിരുന്ന വാരിക, ഒന്നൊന്നര ദശകങ്ങളിലേറെയായി കവിതയൊന്നും കൊടുക്കാറില്ല എന്നും കൊല്ലത്തിൽ രണ്ടുമൂന്നു കവിത അയച്ചാൽ ഒരു വിവരവും തരാറില്ല, പ്രസിദ്ധീകരിക്കാറുമില്ല; ഇപ്പോൾ ചില വർഷങ്ങളായി അയക്കാറുമില്ല എന്നൊക്കെ പറയുകയുണ്ടായി. പിന്നീട് ആ സ്ഥാപനത്തിന്റെ വർഷാന്തപുരസ്ക്കാരം മഹാകവിയ്ക്കായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഒന്നോ രണ്ടോ കവിതകൾ അദ്ദേഹത്തിന്റേതായി കൊടുക്കുകയുണ്ടായി. അതിനുശേഷം ഒരു വർഷത്തിനിടെ അദ്ദേഹം കാലയവനിക പൂകി എന്നാണ് ഓർമ്മ.

പ്രശസ്തകവി എം.എൻ പാലൂരിന്റെ കൂടെ നഗരത്തിനു പുറത്തും നിരവധിയാത്രകൾ ചെയ്തിട്ടുണ്ട്. അദ്ദേഹം അയക്കുന്ന കവിതകളെക്കുറിച്ച് വിവരമൊന്നുമില്ലാതായപ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കാൻ പോയ കഥ അദ്ദേഹം പലപ്പോഴും യാത്രകളിൽ എന്നോടു വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തെ "ഇളക്കാനും" പരിഹസിക്കാനുമാണത്രെ ചെറുപ്പക്കാരായ അവിടത്തെ ആളുകൾ തുനിഞ്ഞത്. പത്തറുപത് വരിയിൽ അധികമുള്ള കവിതകളാണ് താൻ അയക്കാറുള്ളത്. എന്നദ്ദേഹം ഓർമ്മിപ്പിച്ചപ്പോൾ "അത്തരം നീണ്ട കവിത ഞങ്ങൾ കൊടുക്കാറില്ല ഞങ്ങൾക്ക് ഏഴോ എട്ടോ വരിമതി എന്നു പറഞ്ഞത്രെ, "ഏഴുവരിയോ! "എന്ന് ചോദിച്ചുകൊണ്ട് അദ്ദേഹം എഴുന്നേറ്റു പോന്നു. അദ്ദേഹം പോരുമ്പോൾ, ആ ചെറുപ്പക്കാർ പിന്നിൽ നിന്ന് ചിരിച്ച് അദ്ദേഹത്തെ പരിഹസിക്കുകയായിരുന്നുവത്രെ. "യാതൊരു വകതിരിവുമില്ലാത്ത കൂട്ടർ, എന്നാണ് പാലൂര് അവരെ വിശേഷിപ്പിച്ചത്.

2008 കാലത്ത് തിരുവനന്തപുരത്ത് ജോലി ചെയ്യുമ്പോൾ ശ്രീകുമാരൻ തമ്പിയുടെ വീട്ടിൽ ഞാൻ പോകാറുണ്ടായിരുന്നു. അദ്ദേഹം ഈ പ്രസിദ്ധീകരണച്ചുമതലക്കാരെപ്പറ്റി പറഞ്ഞത് രോഷത്തിന്റെ ഭാഷയിലായിരുന്നു. എന്നാൽ ഒ.എൻ.വി, സുഗതകുമാരി തുടങ്ങിയ ചിലരെ മരണാസന്നരാകുന്നതുവരെ പ്രസിദ്ധീകരണക്കാർ കയ്യൊഴിഞ്ഞില്ല എന്നതും നമുക്കു കാണാൻ കഴിയും. അതിന്റെ "ഗുട്ടൻസ്"എന്താണെന്ന് അറിയില്ല.

ഒന്നൊന്നര ദശകങ്ങളായി എന്റെ കവിതകളും "ഉയർന്ന" പ്രസിദ്ധീകരണങ്ങളിൽ വരാറില്ല. പിന്നെ ഞാൻ അയക്കാറുമില്ല. അങ്ങനെയാകുമ്പോൾ നമ്മളുടെ സൃഷ്ടികൾ അച്ചടിമഷി പുരളുന്നത് പുസ്തകമായി വരുമ്പോഴാണ്. അത്, കവിത ഒരു സ്ഥിരമായ നിലയിൽ എത്തലാണ് എന്നാണ് തോന്നുന്നത്. അങ്ങനെ വരുമ്പോൾ ആ സ്ഥിരപ്പെടലിലേക്കുള്ള യാത്രയിൽ കവിതയെക്കുറിച്ച് വകതിരിവുള്ള ഒരു സുഹൃത്തുകൂടി നമ്മളുടെ തോളുരുമ്മി നടക്കട്ടെ എന്നു കരുതിയാണ് ഈ ലേഖകൻ അവതാരിക എഴുതാൻ കൊടുക്കുന്നത്. അല്ലാതെ ദുർലഭം ചിലർ നിനയ്ക്കുന്നതു പോലെ അവർ മാർക്കിടാനൊന്നും മുതിരേണ്ടതില്ല. വായിച്ച് ഒരഭിപ്രായം പറയുന്നുണ്ടെങ്കിൽ സന്തോഷം, കാര്യകാരണ സഹിതം വിമർശിച്ചാൽ അതിലേറെ സന്തോഷം .

ചില ഗഹനങ്ങളായ കവിതകളുടേയും ആഖ്യായികകളുടേയും അവതാരികകൾ അതാതിന്റെ പഠനങ്ങളോ പ്രവേശികകളോ ആയി കണ്ടിട്ടുണ്ട. "ഫ്രാൻസിസ് ഇട്ടിക്കോര" എന്ന ടി.ഡി രാമകൃഷ്ണന്റെ നോവൽ വായിച്ചശേഷമാണ് ആഷാമേനോൻ അതിനെഴുതിയ അവതാരിക ഞാൻ വായിച്ചത്. ഇത്ര ബൃഹത്തും ലോക പശ്ചാത്തലത്തിൽ കഥ നടക്കുന്നതുമായ സവിശേഷമായ ഒരു കൃതിയ്ക്ക് ഇങ്ങനെ ദീർഘമായ ഒരവതാരിക കൊണ്ട് എന്തു ഗുണം എന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഞാൻ ഇംഗ്ലീഷിൽ എന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത തമിഴ് ക്ലാസ്സിക്ക് കൃതിയായ "നാലടിയാർ" ന് വിജയൻ കോടഞ്ചേരി എഴുതിയ അവതാരിക, ആ കൃതിയെ മാത്രമല്ല സംഘകാല തമിഴ് സാഹിത്യത്തെക്കുറിച്ചുകൂടിയുള്ള അവഗാഹമായ പഠനമാണ്. അത്തരം പഠനങ്ങളൊന്നും പ്രതീക്ഷിച്ചുകൊണ്ടല്ല ഞങ്ങളൊന്നും കവിതാസമാഹാരങ്ങൾക്കോ കഥകൾക്കോ നോവലുകൾക്കോ ഒന്നും അവതാരിക എഴുതിക്കുവാൻ മുതിരുന്നത്. ഒരു ചെറിയ അവലോകനമെങ്കിലും ഉണ്ടായാൽ നന്നായി എന്നേ പ്രതീക്ഷിക്കാറുള്ളൂ. അതുപോലുമില്ലാത്ത അവതാരികകളും ഇപ്പോൾ എത്രയോ കാണാറുണ്ട്. മാനു സ്ക്രിപ്റ്റുമായിച്ചെന്ന് അവതാരികകൾ ചോദിക്കുന്നവർക്കൊക്കെ അതെഴുതിക്കൊടുക്കുന്ന വളരെ തെരക്കുപിടിച്ച ഒരാളെ എനിക്കറിയാം. അദ്ദേഹം എഴുതിക്കൊടുത്ത അവതാരികകളൊക്കെ അതതു കൃതികളുടെ പഠനങ്ങൾ കൂടിയാണെന്ന്

എനിക്കു തോന്നിയിട്ടുണ്ട്. അതുകൊണ്ടൊക്കെയാവാം അവതാരികകൾ എല്ലാമെടുത്ത് അദ്ദേഹം അതുതന്നെ ഒരു പുസ്തകമാക്കിക്കണ്ടപ്പോൾ, അത് ഭാഷയ്ക്ക് മുതൽ കൂട്ടാണെന്നു വരെ എനിക്കു തോന്നി.

എന്റെ തെരഞ്ഞെടുത്ത കവിതകൾ എന്ന വലിയ സമാഹാരത്തിന് ഡോ. ഗോപി പുതുക്കോട് മൂന്നു ദിവസം കൊണ്ട് അവതാരിക എഴുതി എത്തിച്ചപ്പോൾ ആദ്യം ഒന്ന് അന്തം വിട്ടുപോയി. വിശദമായി നോക്കിയപ്പോഴാണ് ആ അവതാരിക കവിതകളിലേക്കുള്ള ഒരാഴ്ന്നിറങ്ങലും പഠനവും കൂടിയാണെന്ന അമ്പരിപ്പിക്കുന്ന വസ്തുത മനസ്സിലേക്കു കയറിയത്. അത്രയൊന്നും ഞാൻ തന്നെ ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്തിരുന്നില്ല. അതൊക്കെ, എടുക്കുന്ന പണിയിൽ ആത്മാർത്ഥയും ആത്മാർപ്പണവും കഴിവുമുള്ളവരിൽ നിന്ന് അനർഗ്ഗളമായി പ്രവഹിക്കുന്ന ജീവിത സൗഭാഗ്യങ്ങളാകുന്നു.

വേണ്ടിയിട്ടും വേണ്ടാതെയും പുസ്തകങ്ങൾ കണ്ടമാനം കൂടുന്ന ഇക്കാലത്ത് സഹകരിച്ചുള്ള ഒരു ജീവിതയാത്രയിലെ ഒരുമിച്ചു പോകുമ്പോഴുള്ള തോളോടുതോൾ ചേർന്നു നടക്കൽ- അതു തന്നെയേ അവതാരികളിലും വേണ്ടതുള്ളു. ആഴത്തിലേക്കിറങ്ങിയുള്ള മുങ്ങിത്തപ്പലും വ്യാഖ്യാനവുമൊക്കെ ആവശ്യാധിഷ്ടിതമായ പഠനങ്ങളിൽപെടുത്താം. ■

കവിത



രജികുമാർ പുലാക്കാട്

# പ്രണയദൂരം

ദൂരമളക്കലാണ്
എന്റെ ഹോബി

സ്നേഹങ്ങളുടെ
വെറുപ്പുകളുടെ
നിറങ്ങളുടെ
ഗന്ധങ്ങളുടെ
മതങ്ങളുടെ
ധർമ്മങ്ങളുടെ
സമുദ്രങ്ങളുടെ
നക്ഷത്രങ്ങളുടെ ...

ഓരോന്നും തമ്മിലുള്ള
വിചിത്രദൂരങ്ങൾ

അമ്മയ്ക്കും കുഞ്ഞിനുമി-
ടയിൽഒരമ്മിഞ്ഞദൂരം
മഞ്ഞിനും തണുപ്പിനുമിട-
യിൽ ഒരു വിയർപ്പുദൂരം

ഇരുട്ടിൽനിന്ന് വെളിച്ചത്തിലേ-
ക്ക് ഒരു പ്രകാശവർഷം

നക്ഷത്രത്തിനും നക്ഷത്രത്തി-
നുമിടയിൽ ഒരു ശൂന്യവർഷം
വിശ്വാസത്തിനും വിപ്ലവത്തി-
നുമിടയിൽ ഒരു രക്തവർഷം

വൻകരകൾക്ക്
സമുദ്രദൂരം
ജൻമാന്തരങ്ങൾക്ക്
മരണദൂരം
മരണാനന്തരങ്ങൾക്ക്
ചുടലദൂരം
കവിക്കും കവിതക്കും
അർത്ഥദൂരം
ജ്ഞാനിക്കും ദൈവത്തിനും
ധ്യാനദൂരം

എന്നിൽനിന്ന് നിന്നിലേക്കുള്ള
മൂന്നടിയളന്ന് തളർന്ന്
എന്നിലേക്കുതന്നെ
തിരിച്ചെത്തുന്നു
ഞാനെന്ന ദുരന്തം
***********************


## ആദരാഞ്ജലികൾ
(മരണം 30.04.21)

പരേതന്റെ ഭാര്യ : ശാന്ത
മകൻ : രഞ്ജിത്ത്
മകൾ : ബിന്ദു
മരുമകൾ : ബിജിന
മരുമകൻ : ശശിധരൻ
സഹോദരങ്ങൾ : കൃഷ്ണൻ
: പ്രേമ
പരേതയായ കാർത്ത്യായനി

**മൂലാട്ട് സദാനന്ദൻ**
മൂലാട്ട് ഹൗസ്
കൊമ്മേരി പി.ഒ.
കോഴിക്കോട് 673 007

**പരേതാത്മാവിന് നിത്യശാന്തി നേരുന്നു**
നക്ഷത്രരാജ്യം പ്രവർത്തകർ

നിര്യാതനായി



മൂലാട്ട് സദാനന്ദൻ

ലേഖനം



പൂനൂർ കെ. കരുണാകരൻ

# ചില കോവിഡ് കാല ചിന്തകൾ



**മാ**നവചരിത്രത്തെയാകെ മാറ്റി മറിച്ചുകൊണ്ടിരിക്കുന്ന മാരക ശക്തിയായി കോവിഡ് മഹാമാരി താണ്ഡവനൃത്തമാടിക്കൊണ്ടിരിയ്ക്കുകയാണല്ലോ. യുഗങ്ങളിലൂടെ, പലപല പരിണാമങ്ങളിലൂടെ, ശക്തിയാർജ്ജിച്ചു കടന്നു വന്ന മനുഷ്യരാശി ഇത്ര ഭീതിദമായ വിധത്തിൽ മറ്റൊരു കൊടിയവിപത്തിനു മുന്നിലും ഇങ്ങിനെ പകച്ചുനിന്നിട്ടുണ്ടാവില്ല. ശാസ്ത്ര പുരോഗതിയുടെ തേരോട്ടങ്ങൾക്കിടയിൽ അഹങ്കരിച്ചു പോയ ആഗോള ജനകോടികളുടെ "ഞാനെന്നഭാവം" വെറും നനഞ്ഞപടക്കമായി ദുർബ്ബലമാവുന്നത്, ലോകം വേദനയോടെ വേവലാതിയോടെ നോക്കിക്കൊണ്ടേയിരിക്കുന്നു. ആകാശഗോളങ്ങളിലേയ്ക്ക് സുഖവാസയാത്ര നടത്തുവാനും മരണത്തിനുപോലും മരുന്നു കണ്ടുപിടിയ്ക്കാനുമുള്ള, നെട്ടോട്ടങ്ങൾക്കിടയിൽ അവിചാരിതമായി പൊട്ടി വീണ ഈ വിഷാണു വിതച്ച ദുര്യോഗം മനുഷ്യമഹാശക്തിയുടെ പരിമിതികളെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലുമായി.

അനുദിനമെന്നോണം പത്രത്താളുകളിലൂടെയും വാർത്താചാനലുകളിലൂടെയും മറ്റും പുറത്തു വരുന്ന, ലോകത്താകമാനം സംഭവിയ്ക്കുന്ന, മരണത്തിന്റെ കണക്കുകളുടെ ഭയാനക ബാഹുല്യം ഇപ്പോൾ ആരെയും ഞെട്ടിയ്ക്കുകയോ, അമ്പരിപ്പിക്കുകയോ, ചെയ്യാതായിരിക്കുന്നു. ഒരു തരം മരവിപ്പോടെ ശൂന്യമായ മനസ്സോടെ അവയെയത്രയും ഉൾക്കൊള്ളാനുള്ള മനഃസ്സാന്നിദ്ധ്യവും ലോകം കുനിഞ്ഞ ശിരസ്സോടെ നേടിക്കൊണ്ടുമിരിക്കുന്നു.

നമ്മുടെ കൊച്ചു കേരളത്തിലെ സാധാരമനുഷ്യരുടെയും ജീവൻ മാത്രമല്ല ജീവിതവും, ഈ അജ്ഞാത ഭീകരതയുടെ പ്രഹരശേഷിയ്ക്കു വിധേയമാവുന്നുണ്ട്. മറ്റെവിടെയുമെന്ന പോലെ നമ്മളും വീട്ടിനുള്ളിൽ അനിശ്ചിതമായി തളയ്ക്കപ്പെടുന്നു. അടുപ്പക്കാർ മാത്രമല്ല പ്രിയ സുഹൃത്തുക്കളും വേണ്ടപ്പെട്ടവരുമൊക്കെ അന്യരായി മാറുന്നു. ചുണ്ടും മൂക്കും മറച്ച മുഖാവരണത്തിലൂടെ, പേടിയോടെ ഈ സൌഹൃദങ്ങളെ നാം സാമൂഹിക അകലത്തിൽ കാണുകയോ കേൾക്കുകയോ ചെയ്യുന്നു. അണുനശീകരണ പ്രക്രിയയും മാസ്കുകളുമില്ലാതെ ആരംഭിക്കുന്ന ഒരു ദിവസത്തെക്കുറിച്ച് നമുക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാതെയായിരിക്കുന്നു. രാജ്യത്തിന്റെ മൊത്തം സാമ്പത്തിക രംഗം തന്നെ അലങ്കോലമായിരുന്നു. ജോലിയും കൂലിയുമില്ലാതെ തൊഴിൽ രംഗം കണ്ണീരിൽ മുങ്ങി. സർക്കാരിന്റെയും സുമനസ്സുകളുടെയും കൈത്താങ്ങു കൊണ്ടു സാധാരണക്കാരനു ഒരു പരിധി വരെ നിന്നുപിഴയ്ക്കാൻ കഴിയുന്നു എന്നത് ആശ്വാസകരവും അഭിനന്ദനീയവുമായ കാര്യം തന്നെ. സമ്പദ് വ്യവസ്ഥയെ മാത്രമല്ല, മനുഷ്യജീവിത വ്യവസ്ഥയെത്തന്നെ അനിശ്ചിതത്തിലേയ്ക്ക് തള്ളിവിട്ട ഇത്തരം ഒരു കൊടിയ ശാപം ചരിത്രത്തിലെ ദുഃഖസ്മൃതിയായി നിലനിൽക്കുകതന്നെ ചെയ്യും. സന്തോഷവും ചിരിയും കളിയും സ്വപ്നങ്ങളും സ്നേഹസൗഹൃദങ്ങളും കവർന്നെടുത്ത കോവിഡിന്റെ ആസുര നടനം തുടങ്ങിയിട്ടു നാളുകളേറെയായി.

കവിത



ശ്രീധരനുണ്ണി

# കാളപ്പേറ്

**കാളപെറ്റിരിയ്ക്കുന്നു കയറെടു–**
**ത്തോടിയെത്തുവിനാലയിൽ കെട്ടുവാൻ**
**ഓരോ പത്രത്തിലോരോരോമാതിരി**
**വേണം വാർത്ത, വളച്ചൊടിച്ചങ്ങനെ**
**ദൃശ്യമാധ്യമചർച്ച, പരിചർച്ച**
**ദൃശ്യങ്ങൾ പലമാതിരി കാട്ടണം.**
**കാളയെപ്പറ്റിയില്ലാക്കഥമെന–**
**ഞ്ഞാളിക്കത്തിക്കണം, കാട്ടു തീ മാതിരി**
**കാളയോടിച്ചതി ചെയ്ത പയ്യിന്റെ,**
**കാളയെ വിറ്റ കച്ചോടക്കാരന്റെ,**
**കാളയെ പോറ്റും വീട്ടുടമസ്ഥന്റെ,**
**കാളയെ തീറ്റും കാലിച്ചെറുക്കന്റെ**
**ഊതിയൂതിപ്പെരുപ്പിച്ച വാർത്തയാൽ**
**നാടുനീളെയലോസരമുണ്ടാക്കണം**
**പേറിന്നുള്ള പശുവിന്നവകാശ–**
**ധ്വംസനത്തിനെതിരെ പൊരുതണം**
**സേവനോത്സുകർ, വിപ്ലവപ്പാർട്ടികൾ**
**ധീരമായി തെരുവിലിറങ്ങണം.**
**കണ്ടവണ്ടികളൊക്കെ തടയണം**
**കച്ചോടങ്ങളടച്ചു ബന്ദാക്കണം**
**കാളപെറ്റിരിയ്ക്കുന്നു കയറെടു–**
**ത്തോടിയെത്തുവിൻ കൂറുള്ള മക്കളെ!**

ഇപ്പോഴും പ്രത്യേകാക്രമങ്ങളെ ചെറുത്തും അവയ്ക്ക് പിടി കൊടുക്കാതെയും പലതരംഗങ്ങളായി അവ പുനഃസൃഷ്ടിക്കപ്പെടുന്നുവെന്നാണ് ശാസ്ത്ര ലോകം പറയുന്നത്.

മനുഷ്യമനസ്സാക്ഷിയെ വിറപ്പിക്കുകയും, ഒട്ടേറെ ജീവനുകൾ നഷ്ടപ്പെടുത്തുകയും ചെയ്ത രാക്ഷസീയ രോഗങ്ങൾ ഭൂമിയിൽ പലേടത്തും പലകാലഘട്ടങ്ങളിലുമായി പണ്ടും പകർന്നാടിയിട്ടുണ്ട്. വസൂരി, പ്ലേഗ്, കോളറാ അങ്ങിനെ ഒട്ടേറെ രോഗങ്ങൾ. അവയൊന്നും തന്നെ ഇതുപോലെ ആഗോള വ്യാപനമായി നില നിന്നിട്ടില്ല. കുറച്ചുകാലങ്ങളിൽ, കുറച്ചു രാജ്യങ്ങിൽ പൊട്ടി മുളയ്ക്കുകയും കുറെയേറെ കഷ്ടനഷ്ടങ്ങൾ വരുത്തുകയും ചെയ്ത ശേഷം ശാസ്ത്രീയ നേട്ടങ്ങളുടെ മേൽക്കോയ്മയിൽ അവ ക്ഷയിച്ച് ഇല്ലാതാവുകയായിരുന്നു. ഇവിടെയും നമുക്കും പ്രതീക്ഷിയ്ക്കാനും പ്രാർത്ഥിക്കാനുമുള്ളത് അതുതന്നെയാണ്. ഗ്രീക്ക് തത്വചിന്തകനായിരുന്ന സോക്രട്ടീസിന്റെ ഒരു വാക്യമുണ്ട്. "നീ നിന്നെത്തന്നെ അറിയുക" ഈ തത്വചിന്തയുടെ പൊരുൾ നമുക്ക് വഴി വെളിച്ചമാവേണ്ടതാണ്. അശുഭ ചിന്തകളുടെ കാട് കയറിപ്പോവാതെ, യാഥാർത്ഥ്യങ്ങളെ കാണാനും അംഗീകരിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. ഇതോടെ ലോകവസാനം എന്നു കാണേണ്ടതില്ല. ഈ കാലവും കടന്നു പോവുകതന്നെ ചെയ്യും. അതിനുള്ള നിരന്തര ശ്രമങ്ങൾ അഗോളതലത്തിൽത്തന്നെ പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരും വൈദ്യവിശാരദൻമാരും ഒന്നിച്ചു നടത്തിക്കൊണ്ടിരിയ്ക്കുകയാണ്. ഒട്ടേറെ വാക്സിനുകൾ അടക്കം പ്രയോജന പ്രദമായ ഔഷധങ്ങൾ കണ്ടെത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. അവയുടെ പ്രയോഗക്ഷമതയ്ക്ക് മറ്റുരോഗങ്ങളെ എളുപ്പത്തിൽ കീഴ്പ്പെടുത്തുന്നതുപോലെ ശക്തിയാർജിക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ശ്രമങ്ങൾ തുടരുകതന്നെയാണ്. തീർച്ചയായും അവ ഫലപ്രാപ്തിയിലെത്തുക തന്നെ ചെയ്യും. ഈ രോഗത്തിന്റെ ശമനത്തിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള പ്രതിരോധ ശ്രമങ്ങളിൽ നിന്നും വ്യത്യസ്തമായ വേറൊരു തലമുണ്ട്. വ്യക്തികളുടെ സമ്പൂർണ്ണ സഹകരണവും ജാഗ്രതയുംക്കൊണ്ടേ, അതിന്റെ ഉന്മൂലനത്തിനു കഴിയുകയുള്ളു എന്നതാണ്. ഡോക്ടർമാരും ശാസ്ത്രജ്ഞരും ആരോഗ്യപ്രവർത്തകരും ഭരണകൂടവും നിരന്തരമായി നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നതും അതുതന്നെ. ഇതിൽ ഏറ്റവും പ്രധാനം സ്വന്തം വീട്ടിൽ, അടച്ചിരിക്കുക എന്നതുതന്നെയാണ്. വിദ്യാലയങ്ങളിൽ പോലും പോവാൻ കഴിയാതെ കുട്ടികളും നമ്മോടൊപ്പമുണ്ടെന്നു അറിയുക. അതോടൊപ്പം, സമയാസമയങ്ങളിൽ അധികൃതർ നൽകുന്ന നിർദ്ദേശങ്ങളെ അക്ഷരംപ്രതി അനുസരിക്കുക. നിർഭാഗ്യമെന്നു പറയാം ചിലർക്കെങ്കിലും ഇതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്നു വേണം കരുതാൻ. ഒന്നോർക്കാം ഈ കാലഘട്ടം ആവശ്യപ്പെടുന്ന ദൗത്യം ഏറ്റെടുക്കാൻ ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. അവനവനു വേണ്ടി മാത്രമല്ല മുഴുവൻ മനുഷ്യരാശിയ്ക്കും വേണ്ടി; സാമൂഹ്യ ജീവിതം കനിഞ്ഞു നൽകുന്ന സാന്ത്വനവും, ശാന്തിയും സന്തോഷവും തിരിച്ചു പിടിയ്ക്കാൻ വേണ്ടി. ■

ലോകവിചാരം



പി.ആർ. നാഥൻ

# അമ്മയുടെ ഭാവമാറ്റം



വെളുത്തു മെലിഞ്ഞ് ആകർഷണീയത തോന്നിക്കുന്ന ഒരു മുഖച്ഛായയാണ് അവരുടേത്. വാർദ്ധക്യത്തോട് അടുക്കുന്ന ഒരു സ്ത്രീയാണ് അവർ. മുണ്ടും വേഷ്ടിയും വേഷം. സംസാരിക്കുകയേ ഇല്ല. ഇതിന്റെ അർത്ഥം ഊമയാണ് എന്നല്ല. ഒട്ടും സംസാരിക്കാത്ത ചില സ്ത്രീകളുണ്ട്. വേണ്ടപ്പെട്ടവരോട് ഒന്നോരണ്ടോ വാചകങ്ങൾ പറഞ്ഞെന്നു വരും. സാധാരണഗതിയിൽ അവർ കുടുംബ സദസ്സിൽ അധികം വാചകമടിക്കാറില്ല. ഇത്തരം വ്യക്തികളെ പലരും ശ്രദ്ധിക്കാറില്ല. ചിലരാകട്ടെ അവരെ മാത്രം ശ്രദ്ധിച്ചെന്നും വരും. അധികം സംസാരിക്കാത്തവരുടെ മനസ്സിന് ആഴങ്ങളുണ്ടാകും. കഥാ നായികയെ നിരവധി വർങ്ങളായി ഞാൻ ശ്രദ്ധിക്കാറുണ്ട്. എന്റെ ഒരകന്ന ബന്ധുക്കാരിയാണിവർ. രണ്ട് ആൺ മക്കളുണ്ട്. അവർ രണ്ട് പേരും ഉദ്യോഗസ്ഥൻമാരാണ്. ഭർത്താവ് ഗൗരവ പ്രകൃതക്കാരനായ ഒരു വ്യക്തിയാണ്. കല്യാണത്തിനും മറ്റും ബന്ധുക്കൾ ഒത്തു കൂടുമ്പോൾ ഈ സ്ത്രീ സദസ്സിലുണ്ടാകും. കാര്യമായി ഒന്നും സംസാരിക്കുകയില്ല. ചോദിച്ചാൽ അധികമൊന്നും മിണ്ടുകയില്ല. നിങ്ങളൊക്കെ ഉള്ള സ്ഥിതിക്ക് ഞാനിനി എന്തുപറയാൻ എന്ന ഭാവമാണ് അവരുടെ മുഖത്ത്. കഴിഞ്ഞ വർഷം അവരുടെ ഭർത്താവ് മരിച്ചുപോയി എന്നത് ചേർത്തു വായിക്കേണ്ട ഒരു കാര്യം.

അടുത്തകാലത്ത് ഒരു ചടങ്ങിനായി കുടുംബാംഗങ്ങളെല്ലാം അവരുടെ വീട്ടിൽ ഒത്തുകൂടി. ഇത്തവണ അവരുടെ പ്രകൃതത്തിന് വലിയ മാറ്റം വന്നിരിക്കുന്നു. മുഖത്ത് പതിവിൽ കവിഞ്ഞ പ്രസാദാത്മകത. ഗൗരവഭാവം പ്രകടമാണ്. കണ്ടപാടേ എന്നോട് ഇരിക്കാൻ പറഞ്ഞു. മുതിർന്ന മക്കളെ വിളിച്ച് നിർദ്ദേശങ്ങൾ കൊടുക്കുന്നു. മക്കൾക്ക് അമ്മയോട് പണ്ടത്തെക്കാൾ ബഹുമാനമുണ്ട്. വീട് ഭരിക്കുന്നത് ഇപ്പോൾ അമ്മയാണ്. വർത്തമാനങ്ങൾക്കിടയിൽ അവരുടെ ശബ്ദം വേറിട്ട് കേൾക്കുന്നു. പണ്ട് അവരുടെ ശബ്ദം വേറിട്ട് കേൾക്കുമായിരുന്നില്ല. എല്ലാവരും കാൺകെ അവർ മക്കളെ വിളിച്ച് ആജ്ഞാപിക്കുന്നു. ശകാരിക്കുന്നു. മക്കൾ അമ്മയോട് മറുത്തൊന്നും പറയുന്നില്ല. ഇവരിലെ ഭാവമാറ്റം എന്നെ അത്ഭുതപ്പെടുത്തി. അവരും മകനും തമ്മിലുള്ള സംഭാഷണം ഇങ്ങിനെ;

"ശേഖരൻ കൂടി ഇങ്ങോട്ടു വാ"

"എന്താണമ്മെ?"

"ഈ മേശ പന്തലിൽ കൊണ്ടു പോയിടണം ഇപ്പോൾ പന്തലിൽ കിടക്കുന്ന ആ മേശ ഇവിടേയും കൊണ്ടുവന്നിടണം."

"ഇപ്പോൾ പന്തലിൽ കിടക്കുന്ന മേശയ്ക്ക് ഒരു കുഴപ്പവും ഇല്ല അമ്മെ. എന്തിനാണത് മാറ്റുന്നത്?"

"നീ പറഞ്ഞതു കേട്ടാൽമതി. ഏതു മേശ എവിടെ കിടക്കണം എന്നതിനെക്കുറിച്ച് എനിയ്ക്ക് വ്യക്തമായ ഒരു ധാരണയുണ്ട്."

അമ്മ അകത്തേക്ക് പോയി. അനുസരണയോടെ മകൻ മേശ എടുത്തുമാറ്റാൻ തുടങ്ങവേ ഞാൻ അന്വേഷിച്ചു.

"അമ്മയുടെ ഈ സ്വഭാവമാറ്റത്തിന് എന്താണ് കാരണം?

അമ്മ മുൻപ് ഒന്നും സംസാരിക്കാത്ത സ്വഭാവക്കാരിയായിരുന്നുവല്ലോ? ഈ ആജ്ഞാശക്തി എങ്ങിനെ വന്നു ചേർന്നു?"

മകന്റെ മുഖത്ത് പുഞ്ചിരിയോടൊപ്പം പരിഭവവും ഉണ്ടായിരുന്നു സഹൃദയനായ മകൻ തുറന്നു പറഞ്ഞു.

"പച്ചവെള്ളം ചവച്ചു കുടി

ക്കുന്ന പ്രകൃതക്കാരിയായിരുന്നു എന്റെ അമ്മ. ജനിച്ച നാൾ തൊട്ട് ഞാൻ എന്റെ അമ്മയെ കാണുന്നതാ. എന്റെ അമ്മയെപ്പോലെ പാവമായ ഒരു സ്ത്രീയെ വേറെ ഞാൻ കണ്ടിട്ടില്ല."

"ഞാനും അത് വളരെക്കാലമായി ശ്രദ്ധിക്കുന്നു. ഉച്ച സൂര്യനെ നോക്കി ഇപ്പോൾ അർദ്ധരാത്രിയാണെന്നു പറഞ്ഞാലും അമ്മ ഒന്നും മിണ്ടാറില്ല."

"അത് പണ്ട്. ഇപ്പോൾ അങ്ങിനെ പറഞ്ഞാൽ അമ്മ എതിർക്കും. ഏതു കാര്യത്തെക്കുറിച്ചും അമ്മയ്ക്ക് സ്വന്തമായി ഒരു അഭിപ്രായമുണ്ട്. പണ്ടും അമ്മയ്ക്ക് അഭിപ്രായമുണ്ടായിരുന്നു എന്ന് ഞാൻ ഇപ്പോഴാണ് അറിയുന്നത്."

അയാൾ പറയുന്നതൊന്നും എനിക്ക് വ്യക്തമാകുന്നില്ല. ഉദ്യോഗസ്ഥനായ മകൻ അമ്മയെ പരിഹസിക്കുന്നില്ല. അയാൾക്ക് അമ്മയെ പേടിയുണ്ട്.

– "അമ്മ ഇപ്പോൾ പത്രങ്ങളെല്ലാം നിരത്തിപ്പിടിച്ച് വായിക്കും. മുമ്പ് സ്വന്തമായി ഒരഭിപ്രായവും പറയുമായിരുന്നില്ല. ഇപ്പോൾ അങ്ങിനെയല്ല. എന്റെ രാഷ്ട്രയത്തിന് എതിരാണ് അമ്മയുടെ രാഷ്ട്രീയം എന്താ ചെയ്യുക. കേൾക്കാതിരിക്കാൻ പറ്റില്ലല്ലോ."

അമ്മയോടുള്ള പേടിയും ബഹുമാനവും മകന്റെ വാക്കുകളിൽ പ്രകടമായിരുന്നു. ഈ മാറ്റം എങ്ങിനെ സംഭവിച്ചു? അതാണ് അറിയേണ്ടത്.

മകൻ പറഞ്ഞു.

"അച്ഛൻ ഉണ്ടായിരുന്ന കാലത്ത് അച്ഛന്റെ സ്വഭാവം എങ്ങിനെയായിരുന്നു എന്ന് അങ്കിളിന് അറിയുമല്ലോ. സകല കാര്യങ്ങളും അച്ഛന്റെ നിയന്ത്രണത്തിലായിരുന്നു. വീട്ടിലെ രാജാവ് അച്ഛനായിരുന്നു. അമ്മയ്ക്ക് കൈയിൽ പത്ത് പൈസപോലും ഇല്ലായിരുന്നു. അമ്മയ്ക്ക് അക്കാലത്ത് വിലയും ഇല്ലായിരുന്നു."

"അത് എല്ലാവരും അറിയുന്ന കാര്യമാണല്ലോ."

"പണമില്ലാതെ അമ്മയെ ആര് വക വെക്കാൻ? ഇപ്പോൾ അച്ഛൻ മരിച്ചു. മുഴുവൻ സ്വത്തും അമ്മയുടെ പേരിലാണ്. ബാങ്കിൽ ലക്ഷങ്ങൾ ഉണ്ട്. അതിന്റെ പലിശ കൈകാര്യം ചെയ്യുന്നത് അമ്മയാണ്. തീർന്നില്ല, അച്ഛന്റെ പെൻഷൻ വേറെയും കിട്ടുന്നു. മുപ്പതു ദിവസം ജീവിച്ചിരുന്നീൽ മതി. വക്കു പൊട്ടാതെ ആ പെൻഷൻ തുക അമ്മയുടെ കൈയിലെത്തും."

മന്ദസ്മിതത്തോടെ ഞാൻ മകന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്നു. പണം, അധികാരം, സ്ഥാനമാനങ്ങൾ എന്നിവ ചില്ലറ കാര്യമല്ല. ഇത് പലരും അവർക്കറിയാത്ത വിഷയങ്ങളെക്കുറിച്ച് സംസാരിക്കാൻ കാരണം അവരുടെ പദവികളുടെ മാഹാത്മ്യമാണ്. അധികാരം കൈയിൽ വരുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കും. അവരുടെ ആജ്ഞക്കുപോലും പ്രാധാന്യമുണ്ട്. അച്ഛന്റെ ഫാമിലി പെൻഷൻ കയ്യിൽ വരുന്ന സ്ഥിതിക്ക് അമ്മയെ എതിർക്കുന്നതെങ്ങിനെ?.

വലിയ സ്ഥാനങ്ങൾ കയ്യടക്കി വച്ചിരിക്കുന്നവരെ എല്ലാവരും ബഹുമാനിക്കുന്നതിന്റെ രഹസ്യം ഇതാണ്. അവർക്കു എന്തും പറയാം മകൻ എന്റെ കാതിൽ സ്വരം താഴ്ത്തി പറയുകയാണ്.

"ഇന്നലെ അമ്മ പറഞ്ഞു കമ്മ്യൂണിസമെന്നത് കാലഹരണപ്പെട്ടുകഴിഞ്ഞു എന്ന് "

"അപ്പോൾ നീ എന്തു മറുപടി പറഞ്ഞു"

"ശരിയാണ് അമ്മെ എന്നു ഞാൻ പറഞ്ഞു. അച്ഛൻ മരിക്കുന്നതിന് മുൻപാണ് അമ്മ ഇങ്ങിനെ പറഞ്ഞിരുന്നതെങ്കിൽ ഞൻ എന്തെങ്ങിലും മറുപടി പറയുമായിരുന്നു."

"അച്ഛനുള്ളപ്പോൾ അമ്മ അങ്ങിനെ പറയുമായിരുന്നില്ല എന്നു ഊഹിച്ചുകൂടെ?"

അധികാരം നഷ്ടപ്പെടുക, പണം നഷ്ടപ്പെടുക തുടങ്ങിയ സന്ദർഭങ്ങളിൽ പഴയ പ്രതാപം സങ്കൽപ്പിച്ച് വലിയ കാര്യങ്ങൾ പറയുന്ന മണ്ടന്മാരുണ്ട്.

അവർ പരിഹാസ്യ കഥാപാത്രങ്ങളാകുകയെയുള്ളു. മേലുദ്യോഗസ്ഥൻ കോഴിയെ നോക്കി ഇത് പരുന്താണെന്നു പറഞ്ഞാൽ കീഴുദ്യോഗസ്ഥൻ ബുദ്ധിമാനാണെങ്കിൽ അതു സമ്മതിച്ചു കൊടുക്കും. പക്ഷേ അധികാരം നഷ്ടപ്പെട്ടശേഷം പഴയ മേലുദ്യോഗസ്ഥൻ കോഴിയെ ചൂണ്ടി ഇതു കോഴിയാണെന്നു പറഞ്ഞാലും ശ്രദ്ധിക്കാൻ ആളെ കിട്ടില്ല.

ഫ്യൂസായബൾബുകളെ ആർക്ക് വേണം?. അമ്മ ഇപ്പോൾ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ■

**ലളിതഗാനം**



**ജനാർദ്ദനൻ കടുങ്ങപുരം**

# കൗമാരം



**കൗമാരം പുഞ്ചിരിതൂകി**
**കണ്ണാടി നോക്ക്ണ് നോക്ക്ണ്**
**കണ്ണാലെ കവിത കുറിക്ക്ണ്**
**ഖൽബിൻ കടലാസിൽ**
**(കൗമാരം)**
**മഞ്ഞില്ലാ മാസത്തിൽ**
**മുല്ലപ്പൂങ്കാറ്റത്ത്**
**മാനത്തെ ചന്ദിരനോട്**
**മിണ്ടാതെ മിണ്ട്ണ് പെണ്ണ്**
**(കൗമാരം)**
**ചിങ്ങാറിൻ മഴയത്ത്**
**ചേറുള്ള പാടത്ത്**
**ചേണുറ്റൊരൊപ്പന നടന**
**ചുവടൊന്നു വെക്ക്ണ് പെണ്ണ്**
**(കൗമാരം)**

ലേഖനം



മനോജ്

# എം. സുകുമാരന്റെ കത്തുകൾക്ക് ഒരാമുഖം



എം. സുകുമാരൻ

**വേ**ദാരണ്യം എന്ന എന്റെ നോവലിന് എഴുതിയ അവതാരികയിൽ ക്ലാസ്സുകയറ്റത്തെപ്പോലെ സംഭവിക്കുന്ന മലയാളസാഹിത്യത്തിലെ ഉയർച്ചകളെക്കുറിച്ച് എം. സുകുമാരൻ ചർച്ച ചെയ്യുന്നുണ്ട്. അതിനു കാരണം മലയാളത്തിലെ മിക്ക നോവലിസ്റ്റുകളും ചെറുകഥാകൃത്തുകളായിരുന്നു എന്നതാണ്. ആനുകാലികങ്ങളിൽ ചെറുകഥകൾ എഴുതി പ്രസിദ്ധരായതിനു ശേഷമാണ് പലരും നോവലുകൾ എഴുതി തുടങ്ങുന്നത്. അതുകൊണ്ട് ജീവിതത്തെ സംബന്ധിച്ച സമഗ്രമായ തിരിച്ചറിവും ഉൾക്കാഴ്ചയും പലരുടേയും രചനകളിൽ ഉണ്ടായില്ല. പലർക്കും ചെറുകഥയും നോവലും തമ്മിലുള്ള വേർപിരിയലുകളുടെ മാനദണ്ഡം ചെറുസംഭവങ്ങളും അനേകം സംഭവങ്ങളും എന്നതായിരുന്നു. പലപ്പോഴും ഒരു നോവലിസ്റ്റിനു വേണ്ട സമഗ്രമായ ജീവിതബോധം ചെറുകഥകൾ എഴുതി വളർന്നു വന്ന മിക്ക നോവലിസ്റ്റുകൾക്കും ഉണ്ടായിരുന്നില്ല.

കവിതകളുടെയും പഠനങ്ങളുടെയും അവസ്ഥയും ഇതുതന്നെയാണ്. എവിടേയും സമഗ്രമായ ജീവിതാന്വേഷണങ്ങളും കണ്ടെത്തലുകളും കാണാനാകുന്നില്ല. പകരം വാരികകളുടെ കോളങ്ങളിൽ ഒതുങ്ങിയ രചനകളാണ് ഉണ്ടാകുന്നത്. ലേഖനങ്ങൾ ചുരുങ്ങി ചുരുങ്ങി രണ്ടുപേജിനു താഴെയായിരിക്കുന്നു. ഇവയെ കൂട്ടിക്കെട്ടി പുസ്തകമാക്കുകയാണ് എഴുത്തുകാരും ചെയ്യുന്നത്. വരികളിൽ എഴുതി പ്രസിദ്ധനാകുന്നതോടെ പുസ്തക പ്രസാധകരും ഇത്തരം രചനകൾ അച്ചടിക്കാൻ തയ്യാറായി മുമ്പോട്ട് വരുന്നു. എവിടെയും കച്ചവടസാധ്യതകളാണുള്ളത്.

ഇത്തരമൊരു തിരിച്ചറിവാണ് ജീവിതത്തെ സമഗ്രമായി കാണാൻ എനിക്കു കാരണമായത്. അവസ്ഥയെ അനുസരിക്കുകയല്ല അവസ്ഥയെ ധിക്കരിക്കുകയാണ് ജീവിതത്തിന്റെ സർഗാത്മകതയുടെയും നിലപാടാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അതുകൊണ്ട് സാമ്പ്രദായികരീതികളെ സർഗ്ഗാത്മകജീവിതത്തിലും സ്വകാര്യജീവിത്തതിലും സ്വീകരിക്കാൻ ഞാൻ തയ്യാറായില്ല. ഒരുപക്ഷേ ചെറുപ്പം മുതൽക്കെയുള്ള എം. സുകുമാരനുമായുള്ള ധൈക്ഷണിക നിലപാടുകളാണ് എന്റെ ജീവിതബോധത്തെ വികസിപ്പിച്ചതെന്നു പറയാം.

സമ്പ്രദായിക ജീവിത്തിന്റെ രീതികളെ സ്വീകരിച്ച് ജീവിതം വ്യർത്ഥമാക്കിയെന്ന ദുഃഖത്തോടെ മരിക്കാൻ എക്കാലത്തും ഞാൻ ആഗ്രഹിച്ചിട്ടില്ല. അതുകൊണ്ട് അവസ്ഥയെ മറികടക്കുക എന്നതായിരുന്നു എന്റെ പ്രധാന പ്രശ്നം. വീടിന്റെ ചുവരുകൾക്കുള്ളിൽ എം. സുകുമാരൻ തന്റെ ജീവിതത്തെ പരിമിതപ്പെടുത്തുകയുണ്ടായി. അത്തരമൊരു നിലപാടിനെ സ്വീകരിക്കാൻ എനിക്ക് കഴിഞ്ഞില്ല. സർഗ്ഗാത്മകമായ ജീവിതമാണ് എന്നെ എക്കാലത്തും മുമ്പോട്ടു നയിച്ചിരുന്നത്. ഒരിക്കലും കുടുംബത്തിന്റെ ചുറ്റുവട്ടത്തിൽ ഒതുങ്ങാൻ എനിക്ക് കഴിഞ്ഞില്ല.

സർഗ്ഗാത്മക ജീവിതത്തിന്റെ അഭാവം എന്നെ ആത്മഹത്യയിലേക്ക് എത്തിക്കുമെന്ന് എം. സുകുമാരന് അറിയാമായിരുന്നു. അതുകൊണ്ട് എന്നോട് എഴുതാനാണ് എം. സുകുമാരൻ നിരന്തരം ആവശ്യപ്പെട്ടിരുന്നത് എന്നാൽ സർഗ്ഗാത്മകമായ പീഡനങ്ങളെ സഹിക്കാനാവാതെ അദ്ദേഹം എഴുത്തു നിറുത്തുകയും ചെയ്തു. പിന്നീട് എക്കാലത്തുമായി എഴുതാതിരിക്കാനാണ് എം. സുകുമാരൻ ശ്രമിച്ചിട്ടുള്ളത്. പിതൃതർപ്പണവും ജനിതകവും വർഷങ്ങളുടെ ഇടവേളക്കുശേഷവും എം. സുകുമാരൻ എഴുതിയെങ്കിലും തന്റെ സർഗ്ഗാത്മകജീവിതം അവസാനിച്ചുവെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

അക്ഷരങ്ങൾ എം. സുകുമാരന്റെ ജീവിതത്തിന് എക്കാലത്തും തുണയായിരുന്നു. എന്നാൽ എന്റെ ജീവിതത്തെ അക്ഷരങ്ങൾ എക്കാലത്തും പീഡിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പക്ഷേ ആ അക്ഷരങ്ങൾ തന്നെയാണ് എനിക്ക് ആത്മഹത്യ ചെയ്യാതിരിക്കാനുള്ള ശക്തി നൽകിയത്. അതിനെക്കുറിച്ചുള്ള തിരിച്ചറിവുകൊണ്ടാണ് എം. സുകുമാരൻ എന്നോട് നിരന്തരം എഴുതാൻ ആവശ്യപ്പെട്ടത്.

സ്വകാര്യജീവിതതതിലും സർഗ്ഗാത്മകജീവിതത്തിലും സാമ്പ്രദായികതയെ പിന്തുടരാത്ത ഞാൻ വലിയൊരു ദുരന്തത്തെ ഏറ്റുവാങ്ങാൻ സന്നദ്ധനായിരുന്നു. എന്നാൽ മരണത്തെ സർഗ്ഗാ

ത്മകതകൊണ്ട് അതിജീവിക്കാനാണ് ഞാൻ ശ്രമിച്ചത്. അതുകൊണ്ട് സാഹിത്യത്തെ വലിയ പ്രത്യാശയോടെയാണ് ഞാൻ സമീപിച്ചത്.

മരണത്തെ അതിജീവിച്ച എല്ലാ മണ്ഡലങ്ങളിലേയും സർഗ്ഗാത്മക പ്രതിഭകളെ ഞാൻ ആരാധനയോടെയാണ് സമീപിച്ചിരുന്നത്. കാലത്തോടൊപ്പം നടന്ന് കലാതീതനാകാനുള്ള വഴികളെയാണ് ഞാൻ തിരഞ്ഞു കൊണ്ടിരുന്നത്. എന്റെ പ്രവർത്തന മണ്ഡലം നോവലായതുകൊണ്ടാകാം രചനകളിൽ വ്യത്യസ്തത പുലർത്താൻ ഞാൻ എപ്പോഴും ശ്രദ്ധിച്ചു. അതുകൊണ്ട് സാമ്പ്രദായിക രീതികളെയും ചിന്തകളെയും എനിക്ക് ഉപേക്ഷിക്കേണ്ടിവന്നു. എന്റെ മുമ്പിൽ വലിയൊരു നിര വായനക്കാർ ഉണ്ടായിരുന്നില്ല. സാമ്പ്രദായിക വായനക്കാരുടെ ചിന്തകളെയും സൗന്ദര്യസങ്കൽപ്പങ്ങളെയും മാറ്റിപ്പണിയാനാണ് ഞാനെപ്പോഴും ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രസ്ഥാനങ്ങളുടെ വേലിക്കെട്ടുകളിൽ നിന്നും എനിക്ക് പുറത്തുചാടേണ്ടിവന്നു. വായനയും എഴുത്തും ഒരുപോലെ വ്യക്തിയിൽ സംഭവിക്കുന്ന വിസ്‌പോടനമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. കൂട്ടപ്പടയിലും ആൾക്കൂട്ടത്തിലും ചേരുക എന്റെ വഴിയല്ലെന്ന് ഞാൻ മനസ്സിലാക്കി.

ജീവിതത്തെ സംഭവങ്ങളുടെ തുടർച്ചയായി ആവിഷ്കരിക്കാൻ ഞാൻ തയ്യാറായില്ല. കാഴ്ചകൾക്കപ്പുറത്തുള്ള സൗന്ദര്യാത്മകകാഴ്ചകൾ അസത്യവും അർദ്ധസത്യവുമാണെന്ന് ഞാൻ കണ്ടെത്തി. ഇന്ത്യയിലെ സാഹിത്യവും ചിത്രകലയും ശില്പകലയും നൃത്തവും ദർശനവും എല്ലാം സവർണ്ണതാൽപര്യങ്ങളെ സംരക്ഷിക്കുകയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവാണ് എന്റെ ജീവിതത്തെ അപകടകരമാംവിധം ദുരന്തമാക്കി തീർത്തത്. ഇക്കാലത്തെയും എക്കാലത്തെയും മാധ്യമങ്ങളെല്ലാം സവർണ്ണതാല്പര്യങ്ങളെയാണ് സംരക്ഷിച്ചു കൊണ്ടിരിക്കുന്നത്.

നമ്മുടെ പത്രക്കാർ എപ്പോഴും മുഖ്യധാരയുടെ വക്താക്കളാണ്. വമ്പിച്ച വായനക്കാരെ സ്വപ്നം കാണുന്ന അവർ രചനാപരമായ മുന്നേറ്റങ്ങളെ സ്വീകരിക്കാൻ തയ്യാറല്ല. അവരുടെ അടഞ്ഞമനസ്സുകൾക്ക് മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയില്ല. വിപണിസാധ്യതകളെ മുന്നിൽ കണ്ടു പ്രസിദ്ധീകരിച്ചിരുന്ന പല വാരികകളുടെയും ഇന്നത്തെ അവസ്ഥയെ നമുക്ക് കാണാനാകും.

മലയാളത്തിലെ മികച്ച വായനക്കാർ പലപ്പോഴും ഇംഗ്ലീഷിനെയാണ് ആശ്രയിക്കുന്നത്. അതിനു കാരണം വായനക്കാരുടെ നിലവാരത്തിലേക്ക് ഉയരാത്ത വാരികകളും എഴുത്തുകാരുമാണ്. മലയാളത്തിലെ മിക്ക എഴുത്തുകാരും വാരികകളെ മുന്നിൽ കണ്ട് അവയുടെ താല്പര്യങ്ങളെ ലക്ഷ്യമാക്കി ഖണ്ഡശ്ശ എഴുതുകയാണ്. ഇത് മാറ്റങ്ങളെ പൂർണ്ണമായും നിഷേധിക്കുന്നു. തുടർച്ചകളാണ് എവിടെയും ഉണ്ടാകുന്നത്.

സാഹിത്യത്തെ ഗൗരവമായി സമീപിക്കുന്ന കുറച്ചു വായനക്കാർ മാത്രമാണ് നമുക്കുള്ളത്. പലപ്പോഴും അവർ പ്രസ്ഥാനങ്ങളുടേയോ പക്ഷങ്ങളുടേയോ വക്താക്കളല്ല. ജീവിതത്തെ ഉൾക്കാഴ്ചയോടെ സമീപിക്കുകയാണ് അവർ ചെയ്യുന്നത്. എന്നാൽ പരിതാപകരമായ അവസ്ഥയാണ് മലയാളസാഹിത്യത്തിൽ നിലനിൽക്കുന്നതെന്നു കാണാം. നിലവിലുള്ള സാമൂഹ്യ, രാഷ്ട്രീയ സ്ഥിതി അനുസരിച്ച് ചിന്തിക്കുന്നവരാണ് ഭൂരിപക്ഷം മലയാളികളും. ഇതെ അവസ്ഥയാണ് സാഹിത്യകാരന്മാരും പിന്തുടരുന്നത്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സംഖ്യാബലം വർദ്ധിപ്പിക്കാൻ വേണ്ടി പലപ്പോഴും തീവ്രവാദ നിലപാടുകളോട് പോലും നിശബ്ദത പാലിക്കുന്നു. അവരുടെ തീവ്രനിലപാടുകളോട് എഴുത്തുകാരന് രാഷ്ട്രീയപ്പാർട്ടികളെപ്പോലെ നിസ്സബ്ദനാകേണ്ടിവരുന്നു. ഭൂരിപക്ഷ തീവ്രവാദത്തെ നിഷേധിക്കുമ്പോൾ ന്യൂനപക്ഷ തീവ്രവാദത്തെ രാഷ്ട്രീയക്കാരെപ്പോലെ എഴുത്തുകാരനും കണ്ടില്ലെന്ന് നടിക്കുന്നു. ഭൂരിപക്ഷ തീവ്രവാദവും ന്യൂനപക്ഷ തീവ്രവാദവും ഒരുപോലെ മനുഷ്യനെയാണ് കൊല്ലുന്നതെന്ന സത്യത്തെ അവരാരും വിളിച്ചു പറയുന്നില്ല. സ്വതന്ത്രമായി ചിന്തിക്കുന്നവർ അപകടകരമായി ജീവിക്കുക എന്ന അവസ്ഥായണ് ഇപ്പോൾ ഇവിടെയുള്ളത്.

നായൻമാരുടെ ഉയർച്ചയ്ക്കുവേണ്ടി നായർ സമൂഹം ആഗ്രഹിച്ചപ്പോൾ അതേ ലക്ഷ്യത്തോടെയാണ് സി.വി രാമൻപിള്ള രചനകൾ നടത്തിയത്. ചന്തുമേനോൻ പരിവർത്തനം ആഗ്രഹിച്ച് സമൂഹത്തിനു വേണ്ടിയാണ് നോവലുകൾ എഴുതിയത്. തകഴിശിവശങ്കരപ്പിള്ളയും കേശവദേവും കമ്മ്യൂണിസം ആഗ്രഹിച്ച സമൂഹത്തിനു വേണ്ടി രചനകൾ നിർവഹിച്ചു. ആളോഹരിവിഹിതം നടന്ന സമുദായത്തിനും സ്വന്തം കാലിൽ നിൽക്കാൻ ആഗ്രഹിച്ച ഭൂരിപക്ഷം വ്യക്തികൾക്കുവേണ്ടി എഴുതിയ എം.ടി വാസുദേവൻനായർ വായനക്കാരുടെ പ്രിയങ്കരനായ എഴുത്തുകാരനുമായി. ഇത്തരമൊരു അവസ്ഥ തന്നെയാണ് അസ്തിത്വവാദികളായ എഴുത്തുകാർക്കുമുള്ളത്. വായനസമൂഹത്തെ മുൻകണ്ടാണ് നിലവിലുള്ള ചിന്തയുടെ ഭാഗമായി നമ്മുടെ മിക്ക എഴുത്തുകാരും അവരുടെ രചനകൾ നടത്തിയത്. തീവ്രകമ്മ്യൂണിസം മുഖ്യവായനക്കാരുടെ ചിന്തയെ സ്വാധീനിച്ചപ്പോൾ അത്തരം രചനകലും ഉണ്ടായി. പൊതുപ്രവണതയനുസരിച്ച് അത്തരം രചനകൾ കൊട്ടിഘോഷിക്കപ്പെടുകയും ചെയ്തു.

മേൽപ്പറഞ്ഞ രചനകൾ എല്ലാം തന്നെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും മുഖ്യധാരാ വായനക്കാരുടെയും മാധ്യമങ്ങളുടെയും താല്പര്യങ്ങൾക്ക് അനുസരിച്ചാണ് ഉണ്ടായിട്ടുള്ളത്. അവ ജീവിതത്തിന്റെ ഉപരിതലക്കാഴ്ചകളെ യഥാർത്ഥമായി ആവിഷ്ക്കരിക്കുകയും ചെയ്തു. സങ്കേതത്തിൽപോലും കാര്യമായ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ ആരും തയ്യാറായില്ല. മിക്ക എഴുത്തുകാരനും അഭിമുഖസംഭാഷണങ്ങളിൽ എന്റെ വായനക്കാർ എന്നു പറയുന്നത് നമുക്ക് വായിക്കാം. ഈ വായനക്കാരിൽ പലരും രാഷ്ട്രീയക്കാർ മാത്രമാണ്. അവരൊരിക്കലും പുസ്തകങ്ങൾ മറിച്ചുനോക്കുന്നവർ പോലുമല്ല. കേട്ടുകേൾവി മാത്രമാണ് അവരുടെ ആസ്വാദന മാർഗ്ഗം. ഇത്തരം എഴുത്തുകാർ പുതിയ സൗന്ദര്യസങ്കൽപങ്ങളെ ഉണ്ടാക്കാനും വായനക്കാരുടെ സൗന്ദര്യസങ്കൽപ്പങ്ങളെ പുതുക്കിപ്പണിയാനും പ്രാപ്തമല്ല.

ദൃശ്യമാധ്യമങ്ങൾ വളരെ ചുരുങ്ങിയ കാലയളവിൽ വലിയൊരു

കുറിപ്പ്



എ.എം. ശംസുദ്ദീൻ ഗുരുക്കൾ
ചെലവൂർ

# കളരിപ്പയറ്റ്

5000 വർഷമോ അതിലധികമോ പഴക്കമുണ്ടെന്ന് പറയപ്പെടുന്ന ഒര യോധനകലാഭ്യാസമാണ് കളരിപ്പയറ്റ്. മറ്റു ഏത് അയോധന കലയെക്കാളും പഴക്കവും പാരമ്പര്യവുമുണ്ട് കളരിപ്പയറ്റിന്.

കറകളഞ്ഞ വീരത്വം കളയാടിയിരുന്ന ആ പഴയ കാലത്ത് കേരളത്തിൽ കളരിയഭ്യാസത്തിനു ഒരു മികച്ച സ്ഥാനം തന്നെ കല്പ്പിക്കപ്പെട്ടിരുന്നു. അഭ്യാസമറിയാത്തവൻ ആണത്തമില്ലാത്തവനായി കരുതിപ്പോന്ന പ്രാചീന കേരളത്തിൽ ശൂരത്വം അവസാനിക്കുന്നത് പാശ്ചാത്യരുടെ വരവോടുകൂടിയണ്.

കച്ചകെട്ടും ഉഴിച്ചിലും നടത്തി ശിഷ്യന്മാരെ അഭ്യാസത്തിനു ഒരുക്കുകയാണ് കളരി ആശാന്മാർ പ്രാഥമികമായി ചെയ്തിരുന്നത്. മെയ്യും ചുവടും അടിയും തടയും ഒഴിമുറകളും പഠിപ്പിക്കുന്നമതോടൊപ്പം വാളും പരിചയും ഉറുമിയും കഠാരയും കെട്ടുകാരിയും കുറുവടിയും മുച്ചാണും കൊടുത്ത് ശിഷ്യന്മാരെ ഒന്നാന്തരം അഭ്യാസികളാക്കി മാറ്റുന്നതിൽ വ്യത മനസ്സുള്ള ഗുരുനാഥന്മാരാണ് അന്നുണ്ടായിരുന്നത്.

ശത്രുവിനെ വകവരുത്തുകയെന്ന ഉദ്ദ്യേശം മാത്രമല്ലകളരിയഭ്യാസം കൊണ്ട് ഉദ്ദ്യേശിക്കുന്നത്. മനസ്സും ശരീരവും ആരോഗ്യദൃഢമാക്കി വെക്കുക, സർവ്വോപരി ഒരുതരം ആദ്ധ്യാത്മിക അനുഭൂതി നേടുക ഇതൊക്കെയാണ കളരിയഭ്യാസം കൊണ്ട് ലക്ഷ്യമിട്ടിരുന്നത്. കലയിൽ അഭിനിവേശമുള്ള അപൂർവ്വം ചിലർ ഇപ്പോഴും വിനോദാർത്ഥമെങ്കിലും കളരിപ്പയറ്റ് അഭ്യസിച്ചു പോരുന്നു. അങ്ങിനെ നിലനിന്നു പോന്ന കളരിപ്പയറ്റ് ഇപ്പോൾ അവശേഷിച്ചു കാണുന്ന നിലയിൽ പോലും ആത്മരക്ഷോപായമായ ഒരുത്തമ കായികാഭ്യാസ കലയാണെന്ന് നമുക്കഭിമാനിക്കാവുന്നതാണ്.





വിരലിലെണ്ണാവുന്ന ചിലയിടങ്ങളിൽ കളരിയഭ്യാസികളും കളരികളും ഇന്നും നിലനിന്നു പോരുന്നുണ്ട്. അതിൽപ്പെട്ട ഒന്നാണ് 2007ൽ ഞാൻ സ്ഥാപിച്ച കോഴിക്കോട് മായനാട് എന്ന സ്ഥലത്ത് വളരെ പ്രസംശനായമായ രീതിയിൽ വളർന്നു വരുന്ന കളരി സംഘവും അതിനോടനുബന്ധിച്ചുള്ള ചികിത്സാ സ്ഥാപനവും, എന്റെ പിതാവ് എടക്കാട്ടിൽ ഉമ്മർ ഹാജിയാണ് ആദ്യ ഗുരുനാഥൻ. പിതൃ സഹോദരനും ചെലവൂർ ചൂരക്കൊടി കളരി സംഘത്തിന്റെ സ്ഥാപകനുമായ ഉസ്താദ് സി.എം. മാമു ഗുരുക്കളുടെ അടുത്ത് നിന്നും കളരിപ്പയറ്റിനെ കുറിച്ചും ചികിത്സയെ കുറിച്ചും കൂടുതൽ പരിജ്ഞാനം നേടി.

1999 - മുതൽ ഫ്രാൻസ്, സ്വിറ്റ്സർലാന്റ്, ബെൽജിയം, സ്പെയിൻ, ഗ്രീസ്, ഹോളണ്ട്, റഷ്യ, അമേരിക്ക, ഖത്തർ, കുവൈറ്റ് എന്നി രാജ്യങ്ങളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും കളരി പ്രദർശനം, ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തിയിട്ടുണ്ട്.

ഫ്രാൻസിലെ പ്രശസ്ത തിയേറ്റർ ഗ്രൂപ്പായ "സിങ്കാരോ"യാണ് എനിക്ക് ലോകരാജ്യങ്ങളിൽ കളരിപ്പയറ്റിന്റെ "അംബാസിഡറാകാൻ" അവസരം ഒരുക്കിയത്. ഞാനും ശിഷ്യന്മാരും കേരളത്തിനകത്തും പുറത്തും ഒരുപാട് മത്സരങ്ങളിലും സ്റ്റേജ് പെർഫോമൻസിലുമെല്ലാം പങ്കെടുക്കുകയും ഒരുപാട് ബഹുമതികളും അനുമോദനങ്ങളും ഏറ്റുവാങ്ങിയിട്ടുമുണ്ട്. കളരി അഭ്യാസങ്ങളിലും കളരിമർമ്മ ചികിത്സയിലും ചൂരക്കൊടി കളരി സംഘം ഇന്ന് കേരളത്തിൽ എന്നല്ല ലോകത്തിലെ തന്നെ അറിയപ്പെടുന്ന ഒരു കളരി സംഘമാണ്. ■

ജീവിതത്തെ ആവിഷ്ക്കരിക്കാറുണ്ട്. ഒരു പുസ്തകം വായിച്ചു തീർക്കുക അനേകം ദിവസങ്ങൾ നീളുന്ന അദ്ധ്വാനമാണ്. ജീവിതത്തെ യഥാർത്ഥമായി ആവിഷ്ക്കരിക്കുമ്പോൾ പലപ്പോഴും ബൃഹത്തായ രചനകലാണ് ഉണ്ടാകുക. അതുകൊണ്ട് റിയലിസത്തിന് അപ്പുറത്തേയ്ക്ക് സങ്കേതങ്ങളെ കണ്ടെത്തേണ്ടി വരും. ഫാന്റസിയും അലിഗറിയും മിത്തുമെല്ലാം റിയലിസത്തിന് എതിരെ വെല്ലുവിളികൾ ഉയർത്തുന്ന സങ്കേതങ്ങളാണ്. മിത്തിനെ കേട്ടുകേൾവിയിൽ നിന്ന് അതേപടി പകർത്തിവെയ്ക്കുകയല്ല വേണ്ടത്. പുതിയൊരു മിത്തിനെ പുതിയ സാഹചര്യത്തിൽ നിന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. റിയലിസ്റ്റിക്ക് മിത്തോളജിക്കു പകരം മിത്തോളജിക്കൽ റിയലിസമാണ് വേണ്ടത്. കൂടാതെ പാരമ്പര്യ മിത്തുകളിൽ നിന്ന് സത്യത്തെ കണ്ടെത്താനും ശ്രമങ്ങളും ഉണ്ടാകണം. ഒരു പുസ്തകം ഉണ്ടകുമ്പോൾ അനേകം മരങ്ങൾ ഇല്ലാതാകുമെന്ന് ഓരോ എഴുത്തുകാരനും ഓർമ്മിക്കണം. ഇത് വെറും ഭംഗിവാക്കല്ല, ഓരോ എഴുത്തുകാരന്റെയും ഭാഗമായി തീരേണ്ട ചിന്തയാണ്.

രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടിതസംഘങ്ങളും സാഹിത്യത്തെ നിയന്ത്രിക്കുമ്പോൾ എപ്പോഴും അവരുടെ താൽപര്യങ്ങളാണ് സംരക്ഷിക്കപ്പെടുക. എഴുത്തുകാരൻ അണികളിൽ ഒരാളായി തീരുന്നു. അതൊടെ അയാളുടെ സവിശേഷമായ സർഗ്ഗാത്മകത ആൾക്കൂട്ടത്തിന്റെ ഭാഗമാകുന്നു.സർഗ്ഗാത്മകത വ്യക്തിയുടെ പ്രത്യേകതയെ വെളിപ്പെടുത്തുന്നു. അങ്ങനെ അയാളുടെ വ്യക്തിത്വവും സ്വത്വവും എക്കാലത്തും നിലനിൽക്കുന്നു എന്നാൽ പ്രസ്ഥാനങ്ങളുടെ ഭാഗമാകുന്നതോടെ സർഗ്ഗാത്മകവ്യക്തിത്വത്തിന്റെ സവിശേഷതകളാണ് ഇല്ലാതാവുന്നത് . അതോടെ അയാൾ കൂട്ടപ്പടയിലെ ഒരംഗം മാത്രമാകുന്നു.

ഇന്ത്യൻ കമ്മ്യൂണിസത്തിന്റെ പരാജയത്തിനുള്ള പ്രധാന കാരണം അവർ ഇന്ത്യയെ തിരിച്ചറിയുന്നില്ല എന്നതാണ്. ജാതീയ സമൂഹത്തെ വർഗ്ഗമായി കാണാനാണ് അവർ ശ്രമിച്ചത്. സാമ്പത്തിക പരിവർത്തനങ്ങളിലൂടെ സാംസ്ക്കാരികമായ മാറ്റമുണ്ടാകുമെന്നും അവർ കരുതി. ഇത്തരം സാമ്പത്തിക വാദത്തിൽ ഊന്നിയ ചിന്തകൾ വിധിവിശ്വാസത്തെപ്പോലെ കമ്മ്യൂണിസ്റ്റുകാർ പിന്തുടരുകയും ചെയ്തു. പരിണാമ സിദ്ധാന്തത്തിന്റെ പിൻബലത്തിൽ മനുഷ്യനിൽ നിന്ന് കുരങ്ങിലേക്ക് തിരിച്ചു പോകില്ല എന്ന ന്യായത്തേയും അവർ കണ്ടെത്തി.

എന്നാൽ മറ്റു ചിലതാണ് ഇന്ത്യൻ സാഹചര്യത്തിൽ സംഭവിക്കുന്നത്. ഒരു കാലത്ത് കമ്മ്യൂണിസത്തിന്റെ ശക്തികേന്ദ്രമായിരുന്ന തെലുങ്കാനയും തമിഴ്നാട്ടിലെ മധുരയും മറ്റും എം.ജി രാമചന്ദ്രന്റയും എം.ടി രാമറാവുവിന്റെയും വരവോടെ സംഭവങ്ങളെ കീഴ്മേൽ മറിയ്ക്കുന്നു. സിനിമനടൻമാരായ അവർ രണ്ടു സംസ്ഥാനങ്ങളിലേയും ജനതയെ അടക്കി ഭരിക്കുകയാണ് ചെയ്തത്. മിഥ്യാധാരണകളെ വെച്ചുപുലർത്തിയ ജനക്കൂട്ടം അവരുടെ സാമൂഹ്യവിരുദ്ധമായ താൽപര്യങ്ങളെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അവർ തിരശ്ശീലയിലെ നായകമാരിൽ വിമോചന സങ്കൽപ്പങ്ങളെ കണ്ടെത്തുകയാണ്. മിഥ്യാധാരണകളിൽ അകപ്പെട്ട അവർ കമ്മ്യൂണിസത്തെ പൂർണ്ണമായി കയ്യൊഴിയുകയും ചെയ്തു. ഇതിന്റെ പിന്നിലുള്ള സാസ്കാരികമായ തലങ്ങളെ കണ്ടെത്താനും പരിഹാരങ്ങളെ പ്രാവർത്തികമാക്കാനും ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞില്ല. കാരണം അവർ എപ്പോഴും വർഗ്ഗ വിഭജനങ്ങളെയാണ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി കണ്ടത്.

എൻ.ടി രാമറാവുവിനെ ആന്ധ്രയിലെ ഭൂരിപക്ഷം ജനങ്ങളും അവതാരപുരുഷനായി സ്വീകരിച്ചു. എന്നാൽ തമിഴ്നാട്ടുകാർക്ക് എം.ജി രാമചന്ദ്രൻ രക്ഷകനായിരുന്നു. അവതാരപുരുഷനും രക്ഷകനുമായി വേഷമിട്ടിരുന്ന ഇവർ ഭരണാധികാരികളാകുന്നതോടെ സമ്പൂർണ്ണമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന് ജനങ്ങൾ വിശ്വസിച്ചു. ഇതിനു കാരണം ഇന്ത്യൻ ഹൈന്ദവദർശനത്തിന്റെ പ്രത്യേകതയാണ്. പൂർവ്വജന്മങ്ങളുടെ കർമ്മഫലങ്ങളാണ് ഓരോരുത്തരും ജീവിതമായി അനുഭവിക്കുന്നത്. ഇത് അനുഭവിക്കുവാൻ വേണ്ടിയാണ് ഇന്ത്യയിൽ മനുഷ്യർ ജനിക്കുന്നത്. ഇന്ത്യയിൽ ഹൈന്ദവർ ജാതിശൃംഖലയുടെ ഭാഗമാകുന്നത് പൂർവാർജ്ജിതമായ കർമ്മഫലം കൊണ്ടാണ്. പൂർവ്വജന്മത്തിലെ കർമ്മഫലത്തെ ജീവിതമായി അനുഭവിക്കുകയാണ് ഓരോരുത്തരും ചെയ്യുന്നത്. ഇതിനെ മനുഷ്യർക്ക് മാറ്റിതിർക്കാൻ കഴിയില്ല കാരണം ദൈവഹിതമാണ് ഇവിടെ നടപ്പിലാക്കുന്നത്. മനുഷ്യനെക്കൊണ്ട് ജീവിത്തതിന് പരിവർത്തനം ഉണ്ടാക്കാൻ കഴിയില്ല. ദൈവത്തിനാണ് ലോകത്തിനും മനുഷ്യജീവിതത്തിനും എന്തെങ്കിലും മാറ്റമുണ്ടാക്കാൻ കഴിയുക. ഇതു സംഭവിക്കുന്നത് ദൈവം അവതരിപ്പിക്കുമ്പോഴും രക്ഷകനായി എത്തുമ്പോഴാണ്. മനുഷ്യന് ചെയ്യാൻ കഴിയുക വിധിയായ പൂർവ്വാജ്ജിത കർമ്മഫലത്തെ ഭൗതികതാൽപര്യങ്ങൾ ഇല്ലാതെ അനുസരിക്കുക മാത്രമാണ്. കർമ്മഫലത്തെ ആഗ്രഹിക്കാതെ വിധിഹിതമായ ജീവിത്തതെ അനുഭവിക്കണം എന്നു മാത്രം.

പരിസരബോധം ഉണ്ടാക്കുന്ന കമ്മ്യൂണിസത്തെ ഹൈന്ദവദർശനങ്ങൾ പുറന്തള്ളുക സ്വാഭാവികമാണ്. സംസ്ക്കാരത്തെ സംബന്ധിച്ച് വ്യക്തമായ ധാരണകളൊന്നും കമ്മ്യൂണിസ്റ്റുകാർക്ക് ഉണ്ടായിരുന്നില്ല. സ്വാഭാവികമായി സ്വന്തം നിഗമനങ്ങൾ പ്രകാരം സാമ്പത്തിക തലങ്ങളെ കേന്ദ്രമാക്കി അവർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. സാമ്പത്തികസമത്വം ഉണ്ടാകുന്നതോടെ എല്ലാവിധ വിഭജനങ്ങളും അവസാനിക്കുമെന്നും അവർ കരുതി. ആചാരങ്ങളെയും അനാചാരങ്ങളെയും അവർ സാമ്പത്തികമണ്ഡലത്തിലാണ് ഉൾക്കൊള്ളിച്ചിരുന്നത്. സംസാകാരത്തെയും സാമ്പത്തിക ഘടനയിലാണ് കമ്മ്യൂണിസം ബന്ധിപ്പിച്ചിരുന്നത്.

ഇന്ത്യൻകമ്മ്യൂണിസ്റ്റ്പാർട്ടിയെ പരിശോധിക്കുമ്പോൾ തികച്ചും ജാതിയമായ ഘടനയാണ് അവിടെയുള്ളത്. കേരളത്തിൽ പ്രത്യേകിച്ചും ഭൂസ്വത്തിന് അവകാശമില്ലാത്ത അപ്ഫൻമാരായ ബ്രാഹ്മണരും രാജ്യം നഷ്ടപ്പെട്ട ക്ഷത്രിയരും ആളോഹരിവിഹിതം വെച്ച് ദരി

ശേഷം 24-ാംപേജിൽ ൽ



## Yes Key Electricals & Engineering Works

**Puthiyapalam, Calicut**

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ ഇലട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950
Ph: 8921569540, Resi: 9048594525



# HASBI

## TOURS & TRAVELS



Meenchanda
Areekad
Calicut-27

Mob: SAHIR
9895 999 100
9349 666 100





## M.R WOOD CRAFT

Chavarambalam, Kozhikode - 17
Mob : A.K. Muralidharan - 9847662688









Plaining, Gigsaw Cutting, Turning,
Wood Furnit re
Interior Work, Carving, Doors & Shutters



India's No - 1 Perma

## AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.



## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം



കൊളത്തായ് കോംപ്ലക്സ്,
പാലാഴി പാല, കോഴിക്കോട്
ഫോൺ: 9061434339, 9497752475



**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ, സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ.
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്





## ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



ഫോൺ : മണി 9846386998

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്



## Ammu Distributors

Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673 004
Suresh Babu M. (Managing Partner) 9447722358
9446582358, 9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com
Authorised OF: BALCO



PVC Pipes, Conduits & Solvent Cement
From AN ISO 9001 : 2015 Company





## വിനായക

വെജിറ്റേറിയൻ റെസ്റ്റോറന്റ്
& കൂൾബാർ

ശ്രീവളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ 9497511434



നക്ഷത്രരാജ്യം ത്രൈമാസിക
ഫോൺ: 9847649567

# പി.സി. നന്ദകുമാർ ഗുരുക്കൾ





**പി.സി. നന്ദകുമാർ, വരിക്കോളി മാധവൻ നായർ, വരിക്കോളി ഉണ്ണി നായർ**

പി.സി. നന്ദകുമാർ ഗുരുക്കളുടെ വരിക്കോളി ഉണ്ണിനായർ സാമാരക പാരമ്പര്യ മർമ്മ ചികിത്സാലയം പ്രശസ്തിയോടെ കോഴിക്കോട് ജില്ലയിലെ കണ്ണാടിക്കലും, ബ്രാഞ്ച്: നരിക്കുനിയിലും പ്രവർത്തിക്കുന്നു. നന്ദകുമാർ ഗുരുക്കൾ തന്നെയാണ് പ്രധാന ചികിത്സകനും. പരമ്പരാഗത മർമ്മ ചികിത്സാ കുടുംബത്തിലാണ് പി.സി. നന്ദകുമാർ ജനിച്ചത്. പൂർവ്വികമായി മർമ്മ ചികിത്സകരായ അദ്ദേഹത്തിന്റെ അച്ഛൻ വരിക്കോളി ഉണ്ണി നായർ, പിതൃ സഹോദരൻ വരിക്കോളി മാധവൻ നായർ എന്നിവരിൽ നിന്നാണ് നന്ദകുമാർ ഗുരുക്കൾ മർമ്മ ചികിത്സ പഠനം പൂർത്തികരിച്ചത്. മുത്തച്ഛൻ വിക്രമൻ അടിയോടി (കേളുക്കുട്ടി അടിയോടി) പാരമ്പര്യ മർമ്മ ചികിത്സയിൽ പിതാവിന്റെയും, പിതൃസഹോദരന്റേയും ഗുരുവായിരുന്നു. പിതാനിനോടും പിതൃസഹോദരനോടും ചേർന്ന് 19-ാം വയസ്സിൽ അദ്ദേഹം മർമ്മ ചികിത്സ അഭ്യസിച്ചു തുടങ്ങി. അനേകം രോഗികൾ ഇദ്ദേഹത്തിന്റെ ചികിത്സക്കായി പല ദിക്കുകളിൽ നിന്നും വരിക്കോളി ഉണ്ണിനായർ സാമാരക പാരമ്പര്യ മർമ്മ ചികിത്സാലയത്തിൽ ചകിത്സക്കായി എത്തുന്നു.

**അഡ്രസ്സ്: വരിക്കോളി ഉണ്ണിനായർ സാമാരക പാരമ്പര്യ മർമ്മ ചികിത്സാലയം, കണ്ണാടിക്കൽ, ബ്രാഞ്ച്: നരിക്കുനി, കോഴിക്കോട്, ഫോൺ: 9745012310**

## Statement About ownership and other particulars about Newspaper Nakshatra RaJyam Malayalam Quarterly

| | | | |
|---|---|---|---|
| 1. | Place of Publication | : | KOZHIKODE |
| 2. | Periodicity of Publication | : | QUARTERLY (TRI-MONTHLY) |
| 3. | Printers Name | : | E.RADHAKRISHNAN |
| 4. | Publisher's Name | : | ,, |
| 5. | Editor's Name | : | ,, |
| 6. | Nationality | : | INDIAN |
| 7. | Address | : | EDOLI HOUSE<br>KOMMERI (P.O.)<br>VALAYANADU (VILLEGE)<br>KOZHIKODE (DIST) |
| 8. | Name and address of Individuals who own the Newspaper and Parteners Shareholders holding more than one percent of the total capital | : | E.RADHAKRISHNAN |

I, E. RADHAKRISHNAN hereby declare that the particulars given above are true to the best of my knowledge and belief.

Sd/- E.RADHAKRISHNAN Raddm

നോവലറ്റ്






9

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്വാരം




**രൂ**പ അകത്തേക്ക് കയറിയ ശേഷം ഹാൾ ഒന്നു സസൂഷ്മം നിരീക്ഷിച്ചു. പുസ്തകങ്ങൾ ധാരാളം അങ്ങിങ്ങായി നിലത്തു വീണു കിടക്കുന്നുണ്ട്. സൗകര്യങ്ങൾ ഒന്നും ഇല്ലെങ്കിലും വീട് ആ അമ്മ വൃത്തിയിൽ പരിപാലിക്കുന്നുണ്ടെന്നു മനസ്സിലപ്പോൾ തോന്നി. മറ്റു കുടിലുകളെ അപേക്ഷിച്ച് വൃത്തിയും വെടുപ്പുമുള്ള മുറി.

ഒടിഞ്ഞുതൂങ്ങിയ ഒരു മേശക്കരുകിൽ ഇരിക്കുന്ന കൈയൊടിഞ്ഞ ഒരു ഫൈബർ കസേര ചൂണ്ടി അവർ ഇരിക്കാൻ പറഞ്ഞു. പിന്നെ വേവലാതിയോടെ തന്നെ നോക്കിയ ശേഷം തനിക്കു കുടിക്കാൻ ചായ ഉണ്ടാക്കുവാനുള്ള ബദ്ധപ്പാടിൽ, ചുമരിൽ കയറിൽ തൂക്കിയിട്ടിരിക്കുന്ന നീണ്ട മരപ്പലക സ്റ്റാന്റിലെ പഞ്ചസാര പാത്രവും തേയില പാത്രവും എടുത്ത് പരിശോധിക്കുന്നത് തനിക്ക് കാണാമായിരുന്നു. അതിൽ പഞ്ചസാരയും തേയിലപ്പൊടിയും ഒന്നും അവശേഷിക്കുന്നില്ല. പിന്നീട് കുറച്ചു പൊതികൾകൂടി അഴിച്ചുനോക്കി. അവരുടെ മുഖം വിളർത്തു. അതേ വിളർത്ത ഭാവത്തിലുള്ള മുഖത്തോടെ അറിയാതെ തന്നെ ഒന്നു തിരിഞ്ഞു നോക്കി.

"വേണ്ട, ഞാൻ ഇപ്പോൾ ചായ കഴിച്ചതേയുള്ളു." രൂപ പറഞ്ഞു.

അതു കേട്ടതോടെ അന്നേരം അവരുടെ മുഖം നിലാവുദിക്കുന്നതുപോലെ ഒന്നു പ്രകാശിച്ചു. തന്റെ മകന്റെ ക്ലാസ്സിൽ ഒരുമിച്ചു പഠിക്കുന്ന ഒരു കുട്ടി വീട്ടിൽ വന്നിട്ട് ഒരു ചായപ്പോലും കൊടുക്കാൻ കഴിയാത്തതിലുള്ള അവരുടെ മനസ്സിലെ ആധിയും ദൈന്യതയുമാണ് രൂപയെ അപ്പോൾ അങ്ങനെ പറയാൻ പ്രേരിപ്പിച്ചത്.

അവർ കൈയിലുള്ള തേയില പാത്രം സ്റ്റാന്റിൽ വെച്ചു അരികിൽ വന്നു നിന്നു.

"രവീന്ദ്ര എവിടേ?" താൻ ചോദിച്ചു.

അതിന് അവരുടെ കണ്ണിൽ നിന്നു വേദനോടെയുള്ള കണ്ണീർ കണങ്ങളായിരുന്നു മറുപടി.

വീണ്ടും പറഞ്ഞു. "എനിക്കൊന്നു കാണണമായിരുന്നു."

അവൻ ചില ദിവസങ്ങളിൽ പുറത്ത് ജോലിക്കു പോവാറുണ്ട്. മോൾക്കറിയാമോ,അവൻ കൊണ്ടുവരുന്ന കൂലി കൊണ്ടു കൂടിയാണ് ഞങ്ങൾ ഇങ്ങനെയെങ്കിലും കഴിയുന്നത്. ഇന്ന് ഇവിടെ അടുത്തു തന്നെയുള്ള സായിപ്പിന്റെ ബംഗ്ലാവിലാണ് അവന് ജോലി.

"ഇവിടെ അടുത്താണോ സായിപ്പിന്റെ ബംഗ്ലാവ്?"

"ഞാൻ വേണമെങ്കിൽ കൂടെ വരാം. ആരോട് ചോദിച്ചാലും ബംഗ്ലാവ് കാണിച്ചു തരും."

"എങ്കിൽ ഞാൻ ചെന്നു കണ്ടുകൊള്ളാം. അമ്മ വരണമെന്നില്ല." പേഴ്സിൽനിന്ന് ഒരു നൂറു രൂപയെടുത്തു അവരുടെ കൈയിൽ വെച്ചു കൊടുക്കാൻ ശ്രമിച്ചു. അവർ നിഷേധിച്ചു കൈവലിച്ചു.

എന്നിട്ട് ആത്മാഭിമാനത്തോടെ പറഞ്ഞു "അത് വേണ്ട മോളെ"

അവരോട് യാത്ര പറഞ്ഞ് പുറത്തേക്കിറങ്ങി.

ഓട്ടോക്കാരൻ കാത്തിരിക്കുന്നുണ്ട്. നേരെ അയാളോട് സായിപ്പിന്റെ ബംഗ്ലാവിനെ കുറിച്ചു പറഞ്ഞു.

അയാൾ വഴി ചോദിച്ചു ചോദിച്ചു ഓട്ടോ ബംഗ്ലാവിലെത്തിച്ചു.

ഓട്ടോയിൽനിന്നിറങ്ങി ബംഗ്ലാവിലേക്കു നടന്നു.

പുറത്തെ ജോലിയിൽ മുഴുകിയ ഒരാളോട് രവീന്ദ്രയെ കുറിച്ച് രൂപ ചോദിച്ചു.

അയാൾ വേഗം പോയി രവീന്ദ്രയോടൊപ്പം നിമിഷങ്ങൾക്കകം തിരിച്ചെത്തി.

പരസ്പരം കണ്ടപ്പോൾ ജാള്യതയോടെ രവീന്ദ്ര ചോദിച്ചു.

"സായിപ്പിന്റെ ബംഗ്ലാവിനോടൊപ്പം എന്റെ ബംഗ്ലാവു കൂടി രൂപക്കു കാണാൻ സാധിച്ചു അല്ലേ?"

രൂപ ഒന്നും ഉരിയാടിയില്ല. നിർധനൻമാരുടെ ദുഃഖം അവൾ അറിയുകയായിരുന്നു. തന്നെപ്പോലെ സമ്പത്തിന്റെ നടുവിൽ സ്വർണ്ണ കരണ്ടിയിലും പാത്രങ്ങളിലും ഉണ്ടു ഉറങ്ങാൻ ഭാഗ്യം സിദ്ധിച്ചവരുടെ തലമുറയിൽ ജീവിക്കുന്ന എനിക്കെങ്ങിനെ അറിയാനാകും ഇവരെപ്പോലുള്ളവരുടെ നിർധനത്തവും ദൈന്യത നിറഞ്ഞ ജീവിതവും. രൂപയുടെ കണ്ണിൽ നീർ പൊടിച്ചുകൊണ്ടിരുന്നു.

ഉള്ളിലെ തേങ്ങലുകളൊതുക്കി രൂപ ചോദിച്ചു.

"വിവരങ്ങൾ എല്ലാം പത്രങ്ങളിൽകൂടി അറിഞ്ഞല്ലോ അല്ലേ? ഞാൻ ഘോഷിനെ നേരിട്ടു കാണുവാൻ തയ്യാറായാണ് വന്നത്. എനിക്ക് ഘോഷിരിക്കുന്ന ഒളിത്താവളം കാണിച്ചു തരണം രവീന്ദ്ര."

രവീന്ദ്ര അവളുടെ മുഖം ശ്രദ്ധിച്ചു. കണ്ണുകളിൽ ഇന്നലെ ഉറങ്ങാത്തതുപോലെ തോന്നിക്കുന്ന ഇടുക്കമുണ്ട്. മുഖം വിളറിയിരിക്കുന്നു.

അവൾ തുടർന്നു.

"ഞാനാകെ ദുഃഖിതയും അസ്വസ്ഥയുമാണ്. ജീവിതത്തിനെ കുറിച്ചുള്ള എന്റെ ശുഭപ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും സങ്കല്പങ്ങൾക്കും നടുവിൽ വിള്ളലുണ്ടായിരിക്കുന്നു. അതെനിക്കു താങ്ങാനാവുന്നതല്ല രവീന്ദ്ര. മനസ്സ് എന്നെ ഉപേക്ഷിച്ചതുപോലെ തോന്നുന്നു. എനിക്കുടനെ ഘോഷിനെ കാണണം. അല്ല, നീ എനിക്ക് ഘോഷിനെ കാണിച്ചു തരണം. നിനക്കറിയാം അവൻ ഉള്ള ഇടം. ഇതു സത്യം. ഇല്ലെങ്കിൽ ഞാൻ ഇവിടെനിന്നു പോകില്ല." അതിയായ ഒരു തേങ്ങലോടെയാണവളുടെ വാക്കുകൾ ചെന്നവസാനിച്ചത്.

എന്ത് പറയും? എന്താണ് ചെയ്യുക? രവീന്ദ്രയാകെ അന്തർലീനനായി ചിന്തിച്ചു. രൂപയെ തനിക്കറിയാം അവൾക്കു ഘോഷിനോടുള്ള പ്രണയവും. അവനു വേണ്ടി സ്വന്തം പിതാവിനേയും കുടുംബത്തേയും ധിക്കരിച്ചു ജീവിക്കുവാൻ കെട്ടിയ മനഃകോട്ടയും തനിക്കറിയാം. അവനു വേണ്ടി അവൾ ആരേയും ധിക്കരിക്കും. വിവാഹത്തിനു വേണ്ടി അവൻ എപ്പോഴെങ്ങിലും സന്നദ്ധത പ്രകടിപ്പിച്ചാൽ അപ്പോൾ അവനോടൊപ്പം ഇറങ്ങിപ്പോകാനിരിക്കുകയാണവൾ. രവീന്ദ്രയുടെ മനസ്സാകെ കുഴഞ്ഞു മറിഞ്ഞു. ഘോഷിനെക്കുറിച്ചുള്ള വിവരങ്ങൾ ധരിപ്പിക്കുവാൻ തനിക്കധികാരമില്ല. സംഘടനയുടെ ചട്ടങ്ങൾ ധിക്കരിക്കാൻ തനിക്കാകില്ല. എന്നാൽ രൂപയോടു പറയാതിരുന്നാൽ മനസ്സിൽ പ്രണയം സൂക്ഷിച്ചു സ്വപ്നജീവിയായി പ്രതീക്ഷ വെച്ചു പലർത്തുന്ന തന്റെ സഹപാഠിയായ ആത്മമിത്രത്തെ വഞ്ചിക്കുകയുമാവും.

അവളോട് തീരുമാനമറിയിക്കേണ്ടിയിരിക്കുന്നു.

രവീന്ദ്ര ആത്മഗതം ചെയ്തു.

രൂപ ഘോഷിനെ കാണട്ടെ. പിന്നീടുണ്ടാകുന്നത് അപ്പോൾ പരിഹരിക്കാം.

രവീന്ദ്ര പറഞ്ഞു "നാളെ നമുക്കു പോകാം. നേരിട്ടു കാണുകയും ചെയ്യാം. അതുവരെ ഘോഷിരിക്കുന്ന ഒളിത്താവളം രൂപയോട് ഞാൻ പറയുന്നില്ല. മറ്റാരാലെങ്കിലും അവനൊരു ചീത്തയോഗം ഉണ്ടാക്കാതിരിക്കട്ടെ. നാളെ രാവിലെ ഒമ്പത് മണിക്ക് ഞാൻ "അംബികാനഗർ" പ്രൈവറ്റ് ബസ്സ്സ്റ്റാന്റിലുണ്ടാകും. നീ എത്തിയാൽ മതി. അവിടെ നിന്നു നമുക്ക് യാത്ര പുറപ്പെടാം."

ശേഷം 31-ാം പേജിൽ

## കഥ ഇതുവരെ

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാദ്യർത്ഥനയമായി രൂപാസെന്നിനെ കണ്ടു. പഴയതു പോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കുചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാൻന്റർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെടുത്താൻപ്രതിരോധസ്ക്വോടു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക് ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.ഏറ്റുമുട്ടലിനിടയിൽ റാണ സ്വന്തം സംഘത്തിന്റെ വെടിയേറ്റു മരിച്ചു. ഘോഷ് ഒളിവിലായി. രൂപ ഒളിവിലിരിക്കുന്ന ഘോഷിനെ കാണാൻ ഹോസ്റ്റലിൽ നിന്ന് സഹപാഠികളോട് പറയാതെ ഓട്ടോയിൽ രവീന്ദ്രയെ അന്വേഷിച്ച് അംബേദ്ക്കർ ചേരിയിലെത്തി.

(നോവലറ്റ് തുടർന്നു വായിക്കുക)

(19 – ാം പേജ് തുടർച്ച)

**എം. സുകുമാരന്റെ കത്തുകൾക്ക് ഒരാമുഖം**

ദ്രരായനായൻമാരും ചേർന്നാണ് കേരളത്തിൽ കമ്മ്യൂണിസത്തിന് വേരുപാകുന്നത്. കൂട്ടത്തിൽ ഈഴവൻമാരായ കുടിയാന്മാരുമുണ്ട്. ഇവർക്ക് താഴെയാണ് അടിയാളൻമാരായ ചെറുമക്കർ ഇത്തരമൊരു ജാതിസഖ്യമാണ് കമ്മ്യൂണിസത്തിന്റെ ആന്തരികഘടനയിലും ഉണ്ടായിരുന്നത്. അതിന്റെ തുടർച്ചയാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ത്യൻ അവസ്ഥയിൽ ജാതിക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ഞാനെപ്പോഴും ചിന്തിച്ചുകൊണ്ടിരുന്നു. സംസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ശാങ്കരദർശനത്തിന് ആധുനിക കാലം വരെ നീളുന്ന സ്വാധീനത്തെക്കുറിച്ച് എനിക്ക് തിരിച്ചറിവുണ്ടായിരുന്നു. മായാവാദം പ്രാചീനകാലത്തെ നടപടികളെ അതേപടി നിലനിർത്തി. എല്ലാത്തരം അനാചാരങ്ങളെയും മായയാണെന്ന് വരുത്തിത്തീർത്ത് നടപ്പിലാക്കാൻ അനുവദിക്കുകയും ചെയ്തു. ജീവിതം മായയാണെന്നു പറഞ്ഞ ഇന്ത്യയിലെ വരേണ്യവർഗ്ഗം പരമാർത്ഥിക ലോകത്തിനും മോക്ഷത്തിനും വേണ്ടിയല്ല പ്രവർത്തിച്ചത്. തികച്ചും ഭൗതികമായ സാമ്പത്തിക ലക്ഷ്യങ്ങളാണ് അവർക്കുണ്ടായത്. പൂർവ്വജന്മാർജ്ജിത കർമ്മഫലവും ജാതിയും മായയും നിഷ്കാമകർമ്മവും എല്ലാം അവരുടെ ഭൗതികമായ നിലനിൽപ്പിനുവേണ്ടിയുള്ള ന്യായവാദങ്ങളായിരുന്നു. അഹംബ്രഹ്മാസ്മി എന്നു പറയുമ്പോഴും മനുഷ്യരോട് തീണ്ടാപ്പാടകലെ നിൽക്കാനാണ് ഇന്ത്യൻ സവർണ്ണവർഗ്ഗം കൽപ്പിച്ചിരുന്നത്.

ഇത്തരം തിരിച്ചറിവുകളാണ് എന്റെ നോവലുകളിൽ വിഷയമാകുന്നത്. അതൊരിക്കലും സാമ്പ്രദായിക വായനക്കാരുടെ രീതികൾക്ക് വഴങ്ങുന്നതല്ല. ഇന്ത്യയുടെ പ്രത്യേകത അത് പ്രാകൃത മനുഷ്യരുടേയും ആധുനിക മനുഷ്യരുടേയും ജീവിതരീതികളെ വ്യത്യസ്തതകളോടെ ഇപ്പോഴും നിലനിർത്തുന്നു എന്നതാണ്. മൃഗബലി നടത്തുന്നവർ യാതൊരു സങ്കോചവും കൂടാതെ പരമത്മാവിനെക്കുറിച്ചും ആത്മാവിനെക്കുറിച്ചും പറയുന്നു. അതുപോലെ അഭേദചിന്ത പറയുന്നവർ തന്നെയാണ് മനുഷ്യരെ അധഃകൃതരും നികൃഷ്ടരും ആക്കുന്നത്.

ഇത്തരം ആശങ്കകളും സ്വകാര്യമായ ദർശനങ്ങളുമാണ് ഞാൻ എന്റെ രചനകളിൽ പങ്കുവയ്ക്കുന്നത്. നമ്മുടെ സാമ്പ്രദായിക നോവലുകളിൽ ജീവിത്തതിലെ ഉപരിതല കാഴ്ചകളാണ് നിറഞ്ഞു നിൽക്കുന്നത്. ആഴങ്ങളും ആശയങ്ങളും ദർശനങ്ങളും അവയിൽ അന്യമാണ്. കാരണം പണത്തിനു വേണ്ടി മലയാളനാട് വാരികയിൽ അശ്ലീലനോവൽ എഴുതുകയും സിഗററ്റ് പരസ്യത്തിന് നിൽക്കുകയും ചെയ്ത എഴുത്തുകാരനാണ് മലയാളത്തിലെ പ്രമുഖ നോവലിസ്റ്റ്. ഇത്തരം കുൽസിത മനസ്സുകളെയാണ് പലരും പിന്തുടരുന്നത്. മലയാളനാട് വാരികയിൽ അശ്ലീല നോവലുകൾ എഴുതിയ പലരും അവയെ പുസ്തകമാക്കിയില്ല. പമ്മനാണ് വാരികയിൽ വന്ന തന്റെ അശ്ലീല നോവലുകളെ പുസ്തകമാക്കുന്നത്. അതുകൊണ്ട് അശ്ലീലനോവലിസ്റ്റ് എന്ന പേര് അയാൾക്കു കിട്ടി. അയാളുടെ കൂടെ മലയാളനാട് വാരികയിൽ അശ്ലീലങ്ങൾ എഴുതിയ നോവലിസ്റ്റുൾ അവയെ പുസ്തകമാക്കാതെ മാന്യന്മാരായി. ഭാഷയ്ക്ക് അനേകം തലങ്ങളാണുള്ളത്. മാധ്യമങ്ങൾക്ക് വഴങ്ങാത്ത സാഹിത്യത്തിന്റേതായ സ്വകീയമായ ഭാഷ കണ്ടെത്തുകയാണ് വേണ്ടത്. അതിന് പുതിയൊരു സൗന്ദര്യബോധമാണ് വായനക്കാർ നേടിയെടുക്കേണ്ടത്. വായനക്കാരുടെ ഭാഗത്തുനിന്ന് കഠിനപരിശ്രമങ്ങൾ ആവശ്യമാണ്. കഥകളി ആസ്വദിക്കാൻ സാങ്കേതിക പരിജ്ഞാനം കാഴ്ചക്കാരും നേടിയെടുക്കുക തന്നെ വേണം. അതുപോലെയാണ് വായനയിലും സംഭവിക്കുന്നത്.

മലയാള ഭാഷ ജാതീയമായ വേർതിരിവുകളോടെയാണ് വാമൊഴികളെ ഉപയോഗിക്കുന്നത്. വാമൊഴി ഭാഷയുടെ സ്വാധീനം പലപ്പോഴും സാഹിത്യത്തിലേക്ക് എത്താറുണ്ട്. എന്നാൽ മികച്ചതായി എപ്പോഴും സ്വീകരിക്കപ്പെടുക മേൽത്തട്ടുക്കാരുടെ സംസാര ഭാഷയാണ്. സംസ്കൃതം മലയാളത്തിൽ ഉയർന്ന സ്ഥാനം നേടിയത് അത് ജാതിയും അധികാരവുമായി ബന്ധപ്പെട്ടതുകൊണ്ടാണ്. പിൽകാലത്ത് മാനകഭാഷ പ്രാമുഖ്യം നേടിയത് അധികാരത്തിന്റെ ഭാഷയായതിനാലാണ്.

മലയാളികളുടെ സംസാരഭാഷയുടെ പ്രത്യേകതകളിൽ ജാതീയതയുടെ വേർതിരിവുകൾ നിലനിൽക്കുന്നുണ്ട്. സംസ്കൃത സ്വാധീനം വൈഷ്ണവതയായും ദ്രാവിഡ സ്വാധീനം ശൈവമായും നമ്മുടെ ഭാഷയിൽ കടന്നുവന്നു. ശൈവത്തെയും വൈഷ്ണവതയെയും ഇഴചേർത്ത് ഓ.വി വിജയൻ എഴുതിയ ഖസാഖിന്റെ ഇതിഹാസം മലയാളത്തിലെ ശ്രദ്ധേയമായ നോവലായി. എന്നാൽ പിൽക്കാലത്ത് ഓ.വി വിജയന്റെ തുടർന്നുള്ള രചനകൾ എല്ലാം തന്നെ വൈഷ്ണവ പക്ഷത്താണ് നിലകൊണ്ടത്. നമ്മുടെ ഭൂരിപക്ഷം വായനക്കാരും സവർണ്ണ ഭാഷയാണ് ഇഷ്ടപ്പെട്ടിരിക്കുന്നത്. കീഴാളൻമാർ പോലും സവർണ്ണനായിത്തീരാനാണ് മാനസികമായി ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടാണ് സ്വാഭാവികമായി ദ്രാവിഡത്തനിമയുള്ള മലയാളം അവഗണിക്കപ്പെടുന്നത്. ഭാഷ ഇവിടെ ജാതിയുടെ പ്രതീകമായി തീരുകയാണ്. ജാതീയമായ അപകർഷകതാബോധത്തിൽ നിന്ന് രക്ഷപ്പെടാൻ കീഴ്ജാതിക്കാർ സ്വന്തം വാമൊഴി ഭാഷയെ ഉപേക്ഷിക്കണം. എന്നിട്ട് മാനക ഭാഷയിലേക്ക് കടന്നു കയറുകയാണ് വേണ്ടത്. വാമൊഴിഭാഷയെ വംശനാശത്തിൽ നിന്ന് രക്ഷിക്കാൻ അവയെ സാഹിത്യത്തിൽ സ്ഥാപിക്കുകയാണ് വേണ്ടത്. വാമൊഴിഭാഷയെ എല്ലാത്തരം ജാതിഭാഷകളെയും ഉൾക്കൊള്ളാൻ തക്ക വിശാലത നേടിയെടുക്കണം. ജാതിപരമായ അപകർഷതയില്ലാതെ സാഹിത്യത്തെ സ്വീരിക്കാൻ ഓരോ വായനക്കാരനും കഴിയണം.

എന്റെ രചനകളുടെ ലക്ഷ്യങ്ങൾ തിരിച്ചറിയാൻ വേണ്ടിയാണ് ഞാൻ ഇത്രയും വിശദമായി എഴുതിയത്. അപ്പോൾ എന്റെ രചനകൾ എന്റെ സ്വീകാര്യതയെ മാത്രം ചുറ്റിപ്പറ്റിയുള്ളതല്ലെന്ന് വ്യക്തം. ഉയർന്നതരം വായനക്കാർക്ക് സംവാദിക്കാവുന്ന വിശാലമായ സാമൂഹ്യതലമാണ് ഞാൻ ലക്ഷ്യമാക്കുന്നത്. പരാജയപ്പെട്ട ഒരു എഴുത്തുകാരന്റെ നിലപാടുകളാണ് ഇവയെന്ന് തിരിച്ചറിയുക. എങ്കിലും സാഹിത്യസംബന്ധമായ

ആവിഷ്കാരനിലപാടുകളിൽ ഞാനിപ്പോഴും ചില ശാഠ്യങ്ങൾ തുടരുന്നു.

എന്റെ മിക്ക നോവലുകളും വായിച്ചിട്ടുള്ള എം. സുകുമാരന് എന്റെ കഴിവിൽ വലിയ പ്രതീക്ഷയുണ്ടായിരുന്നു. കാലം എന്നെ കണ്ടെത്തുമെന്ന് അദ്ദേഹം വിശ്വസിച്ചു. പക്ഷേ ആളുവില കല്ലുവില എന്ന സത്യത്തെ എം. സുകുമാരൻ എന്നോട് നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്നു. എന്റെ രചനകൾ വാരികകളിൽ പ്രസിദ്ധികരിക്കാനും പുസ്തകങ്ങൾ ആക്കാനുമുള്ള നിരന്തരശ്രമങ്ങൾ സുകുമാരൻ നടത്തികൊണ്ടിരുന്നു. നിഷ്കളങ്കത അന്യമായ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെയും എന്റെയും ശ്രമങ്ങളെല്ലാം പരാജയപ്പെടുമായിരുന്നു.

എന്റെ സർഗ്ഗാത്മകമായ ജീവിതം വലിയൊരു പരാജയമായിരുന്നു. അതിന്റെ തുടർച്ചയായി എന്റെ സ്വകാര്യ ജീവിതവും വലിയൊരു പരാജയമായി. സത്യത്തെ തിരഞ്ഞു കൊണ്ടിരുന്ന ഞാൻ എന്റെ ചുറ്റുപാടും സംഭവിക്കുന്ന സത്യത്തെ തിരിച്ചറിഞ്ഞില്ല. അതിന്റെ കാരണങ്ങളെ എം.സുകുമാരന്റെ ഈ കത്തുകളിൽ നിന്ന് നമുക്ക് കണ്ടെത്താൻ കഴിയും. സാമ്പ്രദായിക ചിന്തകളെ സ്വീകരിക്കാത്ത ഞാൻ സാമ്പ്രദായിക രചനകളെ ഉൾക്കൊണ്ടില്ല. വിജയിയുടെ പിന്നാലെയാണ് ലോകം സഞ്ചരിക്കുക. എത്ര പ്രതിഭാശാലിയാണെങ്കിലും പരാജിതൻ അവഗണിക്കപ്പെടുക തന്നെ ചെയ്യും.

ചില ദുശ്ശാഠ്യങ്ങളിൽ ഉറച്ചുനിന്ന എനിക്ക് മലയാള സാഹിത്യത്തെ സംബന്ധിച്ച് വലിയ പ്രതീക്ഷകളൊന്നുമില്ല. വൃത്തികെട്ട കളികൾ കളിക്കാൻ തയ്യാറാകാതെ എന്റെ പരിചയത്തിലുള്ള പല എഴുത്തുകാരും നിശബ്ദരായി. അവർ സ്വാകാര്യജീവിതത്തിലേക്ക് വഴിമാറി. രാഷ്ട്രീയത്തോട് തന്ത്രപരമായി അടവുനയം സ്വീകരിച്ച പലരും സാഹിത്യരംഗത്ത് മഹാത്മാരായി. കുനിയാൻ ആവഷ്യപ്പെടുമ്പോൾ ഇഴയുന്നവർ ഭൗതീകനേട്ടങ്ങളെ മാത്രം ലക്ഷ്യമാക്കി. പാർട്ടി നിലപാടിനോട് വിധേയത്വം പുലർത്തുന്ന അവർ പാർട്ടിയുടെ വഴിവിട്ട നീക്കങ്ങളെ ചോദ്യം ചെയ്യുന്നില്ല. തീവ്രവാദികൾ യുക്തിവാദിയായ മുസ്സീമിനെ കൊല്ലുമ്പോൾ അവരും പാർട്ടിയും നിശ്ശബ്ദരാകുന്നു.

പാർട്ടി ബഹുരാഷ്ട്രകുത്തകകളെയും കോർപ്പറേറ്റുകളെയും വരവേൽക്കുമ്പോൾ അവർ നിശ്ശബ്ദരാണ്. പാർട്ടിയുടെ അഴിമതിക്കഥകളെ അവർ നിശ്ശബ്ദത കൊണ്ട് മൂടിക്കെട്ടുന്നു. പത്രാധിപൻമാരുടെ താൽപര്യങ്ങൾക്കനുസരിച്ച് അവർ ആവിഷ്ക്കരങ്ങളെയും സങ്കേതങ്ങളേയും സാമാന്യമായി ആവർത്തിക്കുന്നു. വിഷയത്തിലും സങ്കേതത്തിലുമുള്ള ആവർത്തനങ്ങൾക്കു പുറമെയാണ് വായനക്കാരെ മുൻകൂട്ടിക്കണ്ടുള്ള എഴുത്ത്. അപ്പോൾ സ്വാഭാവികമായും നമ്മുടെ സാഹിത്യരചനകൾ ലോകനിലവാരത്തിൽ നിന്ന് വളരെയധികം പിന്നിലായിരിക്കും. പടിഞ്ഞാറ് വ്യത്യസ്തമായ രചനകൾ ഉണ്ടാകുമ്പോൾ അതിനെ അനുകരിച്ച് എഴുതാനെ നമുക്കു കഴിയൂ.

എം. സുകുമാരന്റെ കത്തുകൾക്ക് ഇത്ര വലിയയൊരു ആമുഖം എഴുതേണ്ടി വന്നതിൽ എന്നോട് ക്ഷമിക്കുക.എന്റെ മനസ്സിലിരിപ്പുകളെയാണ് ഞാൻ വെളിപ്പെടുത്തുന്നത്. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിനാലു മുതലുള്ള ആത്മബന്ധമാണ് കത്തുകളിലൂടെ ഞങ്ങൾ പങ്കുവയ്ക്കുന്നത്. ആദ്യകാലം തൊട്ടേ ഞങ്ങൾ ഇടമുറിയാതെ കത്തിടപാടുകൾ നടത്തിയുന്നു. എന്റെ മനസ്സിന്റെ വേവലാതികളെയാണ് ഞാൻ ഓരോ കത്തിലും എഴുതിയിരുന്നത്. കാലത്തിന്റെ പ്രത്യേകതകൾ ഞങ്ങളുടെ ചിന്തകളെ സ്വാധീനിച്ചിരുന്നു.

ചിറ്റൂരിൽ നിന്ന് കൊല്ലങ്കോടിലേക്ക് താമസം മാറിയ ഞാൻ അമൂല്യമായ പഴയ കത്തുകളെ എല്ലാം ഒരു ട്രങ്ക് പെട്ടിയിലാണ് സൂക്ഷിച്ചിരുന്നത്. എം. സുകുമാരന്റെ ബി. രാജീവിന്റെയും യു.പി ജയരാജിന്റേയും ധാരാളം കത്തുകളുണ്ടായിരുന്നു. സിവിക് ചന്ദ്രൻ കാർഡിലാണ് കത്തെഴുതിയിരുന്നത്. കൂട്ടത്തിൽ മറ്റു പലരുടേയും കത്തുകളുമുണ്ടായിരുന്നു. ഇവയെല്ലാം കരുതലോടെയാണ് ഞാൻ ട്രങ്ക്പെട്ടിയിൽ സൂക്ഷിച്ചിരുന്നത്.

ഒരു ദിവസം ട്രങ്ക്പെട്ടി തുറന്ന ഞാൻ കത്തുകലെല്ലാം ചിതലെടുത്ത് വെറും മണ്ണുകട്ടയായി തീർന്നതിനെ കണ്ടു. പെട്ടിയുടെ അടിയിലുള്ള ചെറിയ തുളയിലൂടെയാണ് ചിതൽക്കയറിക്കൂടിയത്. അതോടെ വിലപ്പിടിപ്പുള്ള ആ കത്തുകൾ എനിക്ക് എന്നന്നേക്കുമായി നഷ്ടമായി. അവ എന്റെ നഷ്ടം മാത്രമായിരുന്നില്ല. കാലത്തിന്റെ രേഖകളെയാണ് ചിതലുകൽ നശിപ്പിച്ചത്. അത് ഒരു തീരാനഷ്ടമായി ഇന്നും എന്റെ മനസ്സിൽ നിലനിൽക്കുന്നു.

കൊല്ലങ്കോടിൽ താമസം ആരംഭിച്ചതിനുശേഷം എം.സുകുമാരൻ എഴുതിയ കത്തുകളാണ് ഇവിടെ സമാഹരിക്കുന്നത്. അവയിൽ തന്നെ ചില കത്തുകൽ നഷ്ടപ്പെട്ടിട്ടുണ്ട്. കത്തുകളിലെ അപ്രസക്തമായചില ഭാഗങ്ങളെ ഞാൻ ഒഴിവാക്കിയിട്ടുണ്ട്.

ആയിരത്തിത്തൊള്ളായിരത്തിയെഴുപത്തിനാലിൽ ആരംഭിച്ച ഞങ്ങളുടെ കത്തെഴുതലുകൾ രണ്ടായിരിത്തിനു ശേഷം അവസാനിച്ചു. അതിനു കാരണം ടെലഫോണിന്റെ കടന്നു വരവാണ്. ഫോൺവിളിയും നേരിട്ടുകാണലുമായി ഞങ്ങളുടെ ബന്ധം തുടർന്നു. മുമ്പ് കത്തെഴുതിയാണ് നേരിട്ട് കണ്ടിരുന്നത്. കൂടാതെ രജനിയുടെ മകന് ഓട്ടിസം ആയതിനാൽ എം. സുകുമാരന്റെ ശ്രദ്ധ കൂടുതലായി കുടുംബത്തിൽ ഒതുങ്ങി.

ഈ കത്തുകളുടെ മഹത്വം എനിക്ക് തിരിച്ചറിയാൻ കഴിയുന്നത് വീണ്ടുമൊരിക്കൽ കൂടി ഇവയെ വായിക്കുമ്പോഴാണ്. നന്മ നിറഞ്ഞ ലോകത്തിനുവേണ്ടി എഴുതിയിരുന്ന എം. സുകുമാരൻ നന്മനിറഞ്ഞരു ഹൃദയത്തിന്റെ ഉടമകൂടിയായിരുന്നു. കത്തിലെ അദ്ദേഹത്തിന്റെ ഓരോവാക്കുകളും കാലത്തിന്റെ മുഖമുദ്ര കൂടിയാണ്. സ്വന്തം വ്യാകുലതകളും അതിലുണ്ടായിരുന്നു. അതൊന്നും ഞങ്ങൾക്ക് വ്യക്തിഗതമായി സംഭവിച്ചതല്ല. സമൂഹത്തിനോട് വ്യക്തി ഇടപഴകുമ്പോഴുള്ള സംഭവങ്ങളായിരുന്നു അതെല്ലാം.

എല്ലാ മനുഷ്യർക്കും നന്മകളെ ആഗ്രഹിച്ചിരുന്ന എം. സുകുമാരനെക്കുറിച്ച് എനിക്ക് കൂടുതലൊന്നും പറയാനില്ല. അദ്ദേഹത്തിന്റെ വാക്കുകളും ജീവിതവും തുറന്നുവെച്ച പുസ്തകമാണ്. ചിന്തയെയും ജീവിത്തതെയും കൂട്ടിച്ചേർക്കാനാണ് എം. സുകുമാരൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നത്.

എം. സുകുമാരന്റെ കാലഘട്ടത്തിൽ ജീവിക്കാൻ അവസരം നല്കിയ കാലത്തിനോട് ഞാൻ എന്റെ പ്രത്യേക നന്ദി അറിയിക്കുന്നു. ■

കഥ



അഷറഫ് നെടിയനാട്

# മുഖംമൂടികൾ



**ഞാ**ൻ പവിത്രൻ,.. ഒരു കള്ളനാണ്. നിങ്ങൾ പണ്ടേ അറിയുന്ന കള്ളൻ പവിത്രനല്ല. എന്റെ ദേശവും ഉൽഭവും വേറെയാണ്. ജനിച്ചതും വളർന്നതും ഒരു ഉൾനാടൻ ഗ്രാമത്തിലായിരുന്നു. അച്ഛൻ കള്ളനൊന്നുമല്ലായിരുന്നു. എങ്കിലും അമ്മ എന്നും അച്ഛനെ കൊച്ചു കള്ളാന്ന് വിളിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്... അത്ര സ്നേഹത്തോടെ തന്നെ എന്നോടു അമ്മ പറയുമായിരുന്നു, അമ്മേന്റെ മോൻ അച്ഛനെപ്പോലെ തന്നെ കള്ളനാണെന്ന്.

അതിനാൽ തന്നെ ഞാനും കള്ളനായി തന്നെ വളർന്നു. ആദ്യം കളവ് നടത്തിയത് ഒരു പേരക്കയാണ്. അയൽക്കാരി ജാനകി ചേച്ചിയുടെ മകൾ ശോഭന, ഏതോ പറമ്പിൽ നിന്ന് കൊണ്ടു വന്ന പേരക്ക, കൊതി കൊണ്ട് ഞാൻ അവൾ കാണാതെ അത് പൊക്കി.

ഇന്നും അവൾക്കറിയില്ല. പിന്നീട് അവളുടെ ഹൃദയവും ഞാൻ കട്ടു. ആ മോഷണം ഒരു സന്ധ്യാ നേരത്താണ് നടന്നത്. പ്രയത്തിന് എന്നെക്കാൾ ആറ് മാസം മൂപ്പവൾക്കാ. എനിക്ക് പതിനെട്ടു വയസ്സു പ്രയമുള്ളപ്പോൾ കോരിചൊരിയുന്ന മഴയത്ത് ആകെ നനഞ്ഞ് ഞാൻ കയറി ചെന്നത് ജാനകി ചേച്ചിയുടെ വീട്ടിലേക്കാണ്. അപ്പോൾ ശോഭന മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അവൾ എന്റെ വസ്ത്രങ്ങൾ നനവുമാറ്റാൻ അഴിപ്പിച്ചു. തലയിൽ തോർത്തു കൊണ്ടു തുടപ്പിച്ചു. ആ സമയത്ത് ഇടിയും മഴയും ശക്തിയോടെ വന്നു. അവൾക്ക് ഇടിയെ വല്യ പേടിയാ, അവളുടെ അച്ഛൻ മരിച്ചത് ഇടിമിന്നലേറ്റിട്ടാണ് എന്നതാണ് ഈ പേടിക്കു കാരണം.

അവളുടെ അമ്മ ചൂടി പിരിക്കും. അത് വിൽക്കാൻ ആഴ്ച ചന്തക്ക് പോവുക പതിവാണ്. അന്നും അവർ ചന്തക്കു പോയതാണ്. നടന്നാണ് വരിക... വഴിയിൽ മഴ കുടുക്കി കാണും. അതാണ് അവർ വരാൻ വൈകുന്നത്. മഴ ചോർന്നു വരുന്നതു കണ്ടപ്പോൾ ഞാൻ ആ വീട്ടിൽ നിന്നും ഇറങ്ങാൻ നോക്കി.

"അയ്യോ ചെക്കനിപ്പോൾ പോകല്ലെ. അമ്മ വന്നിട്ടു പോകാം. ഇടി വെട്ടിയാൽ എനിക്കു പേടിയാ..."

അവൾ അവന്റെ കൈയ്ക്ക് പിടിച്ചു. അപ്പോൾ പേടിനിറഞ്ഞ ആ കണ്ണുകൾ നിറഞ്ഞിരുന്നു..

തണുത്ത കൈയ്യിൽ ചൂടുള്ള പെൺകൈ പിടിച്ചപ്പോൾ ഒരു പുളകം...

അറിയാതെ ഞങ്ങളുടെ കണ്ണുകൾ പരസ്പരം കണ്ടു...

പിന്നെപിന്നെ... മഴ പെയ്തതോ ഇടി വെട്ടിയതോ ഞങ്ങളറിഞ്ഞില്ല. മഴ തോരാതിരുന്നു എങ്കിൽ എന്നൊക്കെ ആ സമയത്ത് ഞാനാശിച്ചു...

ഇരുപതാം വയസ്സിൽ അവളെ ഒരു തിയ്യൻ കെട്ടി കൊണ്ടു പോകുന്നതു വരെ അവൾ ഇടക്കിടെ എന്റെ കൈകൾ പിടിച്ചു.

അതിനിടെ എന്റെ അച്ഛൻ വിഷം കുടിച്ചു മരിച്ചു. പലിശയ്ക്ക് കടം വാങ്ങിയാണത്രെ അച്ഛൻ കച്ചോടം ചെയ്തത്. കടങ്ങൾ പെരുകി പെരുകി നാട്ടുകാരുടെ മുന്നിൽ നിൽക്കക്കള്ളി ഇല്ലാതായപ്പോൾ ചെയ്തതാണ്.

ഞാനും അമ്മയും പെരുവഴിയിലും.

അങ്ങനെയാണ് യുവാവായ ഞാൻ ജോലിക്ക് പോകാൻ നിർബന്ധിതനായത്. നാട്ടിലെ പണി എന്നു പറയുന്നത് പറമ്പിലും പാടത്തേയും പണിയാണല്ലോ, അതെനിക്കിഷ്ടമല്ല. അങ്ങിനെയാണ് ഞാൻ നിങ്ങളുടെ പട്ടണത്തിലെത്തിയത്.

ഒരു ഹോട്ടലിൽ സപ്ലയറായി ജോലി കിട്ടി. കടയിൽ തന്നെ കിടക്കണം.

ആ കിടത്തത്തിൽ പട്ടണത്തിലെ രാത്രി കാഴ്ചകൾ കണ്ടു. സിനിമ കണ്ടു. പലരേയും പരിചയപ്പെട്ടു.

ഒരിക്കൽ സിനിമ കണ്ടു വരുമ്പോൾ പോലീസും പൊക്കി. ഏതോ മോഷണ കേസിൽ പ്രതിയാക്കാൻ...

ഭാഗ്യത്തിനു തൊട്ടടുത്ത ദിവസം യഥാർത്ഥ പ്രതിയെ കിട്ടി. എന്നെ പെറുതെ വിട്ടു.

കടയിൽ ചെന്നപ്പോൾ ജോലിയില്ല.

കള്ളന് ജോലിയില്ലാത്രെ. ജോലി ചെയ്ത കാലത്തെ കൂലി ചോദിച്ചപ്പോൾ അതും തന്നില്ല.

വെറു കൈയോടെ പുറത്തിറങ്ങി.

ഇനി എന്ത് എന്ന് ചിന്തിച്ചു റോഡിലൂടെ ലക്ഷ്യം ഇല്ലാതെ നടക്കുമ്പോഴാണ് അന്ന് രാത്രി പോലീസ് ജീപ്പിൽ എന്നോടൊപ്പം ഉണ്ടായിരുന്ന മനുഷ്യൻ ഓർക്കാപ്പുറത്ത് മുന്നിൽ പെട്ടത്.

അയാൾ ശരിക്കും ഒരു കള്ളനായിരുന്നു.

അങ്ങിനെ ഞാൻ അവനോടു ചേർന്നു.

അതോടെ കള്ളൻ പവിത്രനായി.

അയാൾ എന്റെ ഗുരുവായി, എങ്ങിനെ സുരക്ഷിതമായി മോഷ്ടിക്കണം, മോഷ്ടിക്കാൻ എവിടെ കയറണം എന്നിങ്ങനെയൊക്കെ എനിക്കു വിശദമായി പറഞ്ഞു തന്നു.

ഞങ്ങൾ ഒന്നിച്ച് വിജയകരമായ മോഷണങ്ങൾ ധാരാളം നടത്തി.

കഴിഞ്ഞ ദിവസം എന്റെ ആ കൂട്ടുകാരൻ മരിച്ചു.

അങ്ങിനെ ആദ്യമായി ഇന്ന് ഞാൻ ഒറ്റക്ക് ഒരു മോഷണത്തിന് പോകുകയാണ്.

ഞാനും കൂട്ടുകാരനും കൂടി നേരത്തെ പ്ലാൻ ഇട്ട ഒരു ഫ്ളാറ്റ് ആണ് മോഷണത്തിന് തെരഞ്ഞെടുത്തത്. രണ്ടു വയസ്സൻമാരാണ് അവിടെ താമസം എന്നും പൂത്തസമ്പത്തുണ്ടെന്നും മനസ്സിലാക്കിയാണ് ഫ്ളാറ്റ് തന്നെ തെരഞ്ഞെടുത്തത്.

രാവു കറുത്തപ്പോൾ ഫ്ളാറ്റ് ലക്ഷ്യമാക്കി ഞാൻ നടന്നു. ഒന്നാം നിലയിലെ ബി ബ്ലോക്കാണ് ലക്ഷ്യം.

ഒരു വിരുന്ന്കാരനെപ്പോലെ കുറച്ചു ഫ്രൂട്ട്സും, പലഹാരവുമായിട്ടാണ് ചെന്നത്.

കതകിൽ തട്ടി.

വാതിൽ തുറക്കുന്നത് ഒരു വൃദ്ധയാകുമെന്നാ കരുതിയത്, പക്ഷേ തുറന്നത് ഒരു യുവതി...

ഫ്ളാറ്റ് തെറ്റിയോ?

ഞാനും കൂട്ടുകാരനും കൂടി ഉറപ്പിച്ചു വെച്ചതാണല്ലോ ഈ ഫ്ളാറ്റ്. എന്നാൽ അയാൾ മരിച്ചപ്പോൾ പതിനാറു ദിവസം ഗ്യാപ്പു വന്നതാ. അതിനിടയിൽ ഫ്ളാറ്റ് വിറ്റ് കാണുമോ?

"ആരാ" യുവതി ചോദിച്ചു.

"ഞാൻ പവിത്രൻ, ഇവിടെ താമസിച്ച അപ്പൂപ്പനും അമ്മൂമ്മയും...?" ഞാൻ ആശങ്കയോടെ ചോദിച്ചു.

"അപ്പൂപ്പൻ മരിച്ചു. അമ്മൂമ്മ അകത്തുണ്ട്. എന്താ കാര്യം?"

അവൾ മുഖത്തുതന്നെ നോക്കി ചോദിക്കുന്നു.

എന്ത് പറയണം എന്ന് ആലോചിക്കാൻ സമയമില്ല. ഉടനെ ഞാൻ ഫറഞ്ഞു അപ്പൂപ്പൻ എന്റെ സ്നേഹിതനായിരുന്നു എന്ന്.

ഉടനെ അവൾ വളരെ സന്തോഷത്തോടെ എന്നെ സ്വീകരിച്ചു.

"വരൂ അകത്തിരിക്കാം"

ഞാൻ അകത്തേക്ക് കടന്നപ്പോൾ അവൾ വാതിലടച്ചു.

"അപ്പൂപ്പൻ നിങ്ങളെപ്പറ്റി എന്നോടു പറയുമായിരുന്നു; പവിത്രൻ നല്ല മനുഷ്യനാണെന്ന്."

അവൾ പറഞ്ഞപ്പോൾ യഥാർത്ഥത്തിൽ ഞാനാണ് ഞെട്ടിയത്.

ആ കിളവനുമായി ഞാൻ ഒരിക്കലും സംസാരിച്ചിട്ടില്ല പിന്നെ എന്താ ഈ പെണ്ണു പറയുന്നത്...?

"പവിത്രനോട് അപ്പൂപ്പൻ ആ രഹസ്യം പറഞ്ഞില്ലേ...?"

"എന്ത്? രഹസ്യമോ" ഞാൻ ആകെ പരുങ്ങി, എങ്കിലും

"ഉവ്വ് പറഞ്ഞിരുന്നു"അപ്പോൾ അങ്ങിനെയാണ് പറയാൻ തോന്നിയത്.

"അപ്പോൾ അമ്മൂമ്മയുടെ യാഥാർത്ഥ്യവും അറിയാമോ?..."

"കുറച്ചൊക്കെ..."

"കുറച്ചാക്കണ്ട ഇനി പൂർണ്ണമായി അറിയാം."

"ഇവിടെ ഇരി ഞൻ ഇപ്പോൾ വരാം..."

അവൾ ഒരു റൂമിലേക്കു കടന്നു; അവൾ എന്താണ് ചെയ്യുന്നതെന്നറിയാൻ ഞാൻ സാവധാനത്തിൽ പിന്നാലെ ചെന്നു.

ഞാൻ ഞെട്ടിപ്പോയി. അവൾ ഒരു അലമാര തുറന്നു അതിൽനിന്നു തോൾബേഗ് എടുത്തു. ബാഗിൽ നിന്ന് എന്തോ ഒന്നെടുത്ത് മുഖത്ത് പതിപ്പിച്ചു. അതിനു മുകളിൽ ഒരു സ്ക്കാർപ് ചുറ്റി എനിക്കു നേരെ തിരിഞ്ഞു. അവൾ അമ്മൂമ്മയായി മാറിയിരിക്കുന്നു.

അവൾ പുറത്തേക്ക് വരുന്നത് കണ്ട് ഞാൻ വേഗം സോഫയിൽ പോയിരുന്നു.

പുറത്തേക്ക് വന്നത് യഥാർത്ഥത്തിൽ യുവതിയോ അതോ അമ്മൂമ്മയോ എന്നറിയാൻ പ്രയാസമായിരുന്നു.

അവൾ പറഞ്ഞു;

"അപ്പൂപ്പന് വല്ലാത്ത പേടിയായിരുന്നു. അതിനാൽ എനിക്ക് ഈ മുഖംമൂടി വാങ്ങിതന്നു പുറത്തു പോകുമ്പോൾ ധരിക്കാൻ. കാലം ഇതല്ലെ! പ്രായം ചെന്ന മനുഷ്യന് ഒരു പെൺകുട്ടിയെ എങ്ങിനെ രക്ഷിക്കാനാവും. അതും ഒരുപാടു സ്വത്തുള്ള പെണ്ണിനെ. കള്ളൻ മാത്രമല്ല മനുഷ്യർക്കു മൃഗങ്ങളാകാൻ പെട്ടെന്നു കഴിയുമല്ലോ. ആ ഭയത്തിന്റെ മരുന്നായിരുന്നു എന്റെ ഈ മുഖംമൂടി."

അവൾ ചിരിച്ചുകൊണ്ട് മുഖംമൂടി എടുത്തുമാറ്റി;

എന്നിട്ടു ചോദിച്ചു, "പവിത്രൻ ഇനി എന്റെ കൂടെ സ്ഥിരതാമസമല്ലേ. അപ്പൂപ്പന് വാക്കുകൊടുത്ത പ്രകാരം."

അവൾ എന്റെ കരുത്തുറ്റ കൈകൾ പിടിച്ചു.

അന്ന് ശോഭനയുടെ ചൂട് എന്നിലേക്ക് വീണ്ടും പടർന്നു.

എങ്കിലും ഞാൻ ചിന്തിക്കുകയായിരുന്നു. ആ വൃദ്ധൻ പറഞ്ഞ പവിത്രൻ ആരായിരിക്കും...?

ഇനി അയാൾ വരാതിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഞാൻ അവളെ എന്നിലേക്കടുപ്പിച്ചപ്പോൾ ആ മുഖംമടി നിലത്തേക്കു വീണു.

"തീർച്ച ഞാൻ എന്നും കൂടെയുണ്ടാവും" ഞാൻ മന്ത്രിച്ചു.

അപ്പോൾ എന്റേയും മുഖംമൂടി താഴെ വീണുവോ? ആർക്കറിയാം. ■

New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

**NAKSHATHRA SILKES & SAREES**
P.S.C. BANK BUILDING
Pantheerankave, Mob: 9400931425




SilkDesigner Sarees
Churidar Materials Kids Wears

**ന്യൂകൃപ**
എക്സ്റെ & ലബോറട്ടറി
വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ,
കോഴിക്കോട്
MOB : VINODINI HARIDAS 9400592584

**T. Kumaran Vaidyar's**
**JAYAPRAKASH PHARMACY**
**Malapparamba, Kozhikode - 9,**




**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**

**DHANA LAKSHMI JEWELLERY**





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
Prop : M.C. Vinodkumar : Mob : 9847070204
Shop : 2331737, Resi : 2324410

MANAMKULAM TIMBERS
Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

**P.V. ENTERPRISES**
DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

**MANAMKULAM ENTER PRISES**
Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

Highness Cool
Refrigeration & Air Conditioning
Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

**Orange**
**men`s Beauty parlor**
**A R Complex, Mankave,**
**Kozhikode 673 007**
**Mob: 9447949402**



PRADEEP
**ENGINEERING AUTO MOBILES**




**Parayancheri, Kozhikode- 16**
**Mob: PRADEEP - 9746648048**
**TRESS WORK, GATE, GRILL etc**

**CAR TECH**
**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



**GOVERNMENT APPROVED**
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

ചെറുകഥ



വിജയൻ ചെറുവറ്റ

# കോവിഡ് വാർഡ്



**ഭൂ**മിയിൽ ജീവിക്കാൻ അവസരം കിട്ടുക എന്നത് മഹാഭാഗ്യമാണ്. അതുപോലെ ജീവിതം ആസ്വദിക്കുക എന്നത് പരമ പ്രധാനവും.

പ്രകൃതി അനുഗ്രഹിച്ചു നൽകിയ നൽകിയ കാടും, പുഴകളും, വയലും എന്നു വേണ്ട പക്ഷിമൃഗാതികൾ വരെ ഭൂമിയുടെ സമ്പത്താണ്. ഇതൊക്കെ കണ്ടും ആസ്വദിച്ചും ജീവിക്കുക എന്നത് ഒരു മനുഷ്യജന്മം പോരന്നു തോന്നും.

ഈ മനോഹര ഭൂമിയെ തനിച്ചാക്കി മടങ്ങുമ്പോൾ ആരും ആഗ്രഹിച്ചുപോകും. ഇനിയൊരു ജന്മം കൂടി കിട്ടിയിരുന്നെങ്കിലെന്ന്.

മെഡിക്കൽ കോളേജ് ആശുപത്രിയിൽ കോവിഡു വാർഡിൽ അഞ്ചാം നമ്പർ കിടക്കയിൽ കിടക്കുമ്പോൾ മനസ്സ് നിർവികാരമായിരുന്നു.

അടുത്തടുത്ത് ബെഡിൽ കിടക്കുന്നവരെ തിരഞ്ഞുപിടിച്ച് മരണം കൂട്ടിക്കൊണ്ടുപോകുമ്പോൾ ഒരു നെടുവീർപ്പാണ്. മറ്റു രോഗികളുടെ മുഖത്ത് നിഴലിക്കുന്ന ഭയവും നിസ്സഹായതയും വല്ലാത്തൊരു അനുഭവമായി മാറുകയായിരുന്നു.

തൊട്ടടുത്ത ബഡിൽ കിടക്കുന്ന സദാശിവനും ഭാര്യ സരോജത്തിനും ഏറെ പറയാനുണ്ട്. അറുപത് വയസ്സ് കഴിഞ്ഞ സദാശിവന് ഹൃദ്രോഗം കൂട്ടിനുണ്ട്. അതുകൊണ്ട് തന്നെ കോവിഡ് അദ്ദേഹത്തെ വിട്ടു പോകാൻ തയ്യാറാവുന്നില്ല. മറിയുമ്മയും ദാസേട്ടനും വ്യത്യസ്തരല്ല. ദാസേട്ടൻ ഒരിക്കലും അടങ്ങിയിരിക്കില്ല. വാർഡിൽ കറങ്ങിനടക്കും. എല്ലാ കട്ടിലിന്റെ അരികത്തുവന്നു എല്ലാവരെയും നോക്കും. എഴുപത്തഞ്ചുവയസ്സോടടുത്ത ദാസേട്ടന് കൂട്ടിരിപ്പിനായി ആരുമില്ല.

"പോയികിടക്കു, ഇങ്ങനെ കറങ്ങി നടക്കല്ലെ"നഴ്സു ഇടക്കിടെ ഓർമ്മിപ്പിക്കും. അതൊന്നും ദാസേട്ടന് ബാധകമല്ല. മുൻവശത്തെ കട്ടിലിൽ കിടക്കുന്ന മൂസ്സ. അദ്ദേഹം രാത്രി ഉറങ്ങാറില്ല നേരം വെളുക്കുന്നതു വരെ മൂളലും ഞരക്കവുമാണ്. ഫാത്തിമയുടെ ഭർത്താവ് ICU വിലാണ് കോവിഡിനു പുറമെ മറ്റനുബന്ധ അസുഖമുണ്ടായാൾക്ക. ഇടക്കിടക്ക് മുഖമമർത്തി തേങ്ങികരയുന്നതു കേൾക്കാം. എപ്പോഴും തന്റെ പ്രിയതമനെ കുറിച്ചുള്ള വേവലാതിയാണവർക്ക്.

ഇന്നലെ വാർഡിൽ പത്തു പേർക്ക് ആന്റിജൻ ടെസ്റ്റ് നടത്തിയിരുന്നു. അതിന്റെ റിസൽട്ട് അറിയുന്നതിനായി ആകാക്ഷയോടെ കാത്തിരിക്കുന്നവരാണധികവും.

"എനിക്ക് നെഗറ്റീവായി ഫോണിൽ മെസ്സേജ് വന്നു" വാർഡിൽ ശ്രീദേവി എല്ലാവരോടുമായി പറഞ്ഞുകൊണ്ടിരുന്നു. ആ മുഖത്ത് സന്തോഷം തിരതള്ളുന്നുണ്ടായിരുന്നു.

വാസുവേട്ടന് നിരാശ "എന്താ നമുക്കൊന്നും വരാത്തത്, പോസറ്റീവായിരിക്കും" നിരാശയോടെ അയാൾ കട്ടിലിൽ മലർന്നു കിടന്നു.

പിറ്റേന്നു രാവിലെ ഡോക്ടർ റൗൺസിനുവന്നപ്പോൾ താനുൾപ്പെടെയുള്ളവർ ഡോക്ടറോട് ചെദിച്ചു. "ഇന്നലെത്തെ ആന്റിജൻ ടെസ്റ്റ് റിപ്പോർട്ട് വന്നില്ല" ഡോക്ടർ കേസ് ഷീറ്റ് ഓരോന്നായി മറിച്ചു നോക്കി.

"പത്തുപേരിൽ ഒരാളൊഴികെ മറ്റുള്ളവർക്ക് നെഗറ്റീവാണ്." പലരുടേയും മുഖത്ത് ആശ്വാസത്തിന്റെ നെടുവീർപ്പുരകൾ.

"നിങ്ങൾക്ക് പോസറ്റീവാണ്., ചെറിയ ന്യൂമോണിയ പ്രശ്നമുണ്ട്." ഡോക്ടർ തന്റെ അടുത്തു വന്നു പറഞ്ഞു ചെറിയ നിരാശ തോന്നിയെങ്കിലും പ്രകടിപ്പിച്ചില്ല.

അപ്പോഴേക്കും ദാസേട്ടൻ തന്റെ കിടക്കക്കരികിൽ എത്തിയിരുന്നു. നിഷ്കളങ്കതയോടെ അദ്ദേഹം തന്നെതന്നെ ഇമവെട്ടാതെ

നോക്കിക്കൊണ്ടിരുന്നു.

ജാതിയും മതവും രാഷ്ട്രീയവുമില്ലാതെ ജീവിക്കുന്നിടം, അത് ആശുപത്രിയല്ലാതെ മറ്റെവിടെയാണ്. പരസ്പര സ്നേഹത്തിന്റെയും സഹായത്തിന്റെയും അടയാളം ഇവിടെകാണാം.

വാർഡിലെ ഏതോ കോണിൽ നിന്ന് ഒഴുകിയെത്തുന്ന പഴയ മലയാള ചലച്ചിത്ര ഗാനങ്ങൾ മനസ്സിന്റെ തരളിത ലോലതയെ തഴുകിയുണർത്തുന്ന ഗാനം. അയാൾ കാതോർത്തു കിടന്നു.

ഇവിടെ സമയം പോകുന്നതറിയില്ല. അയാൾ പുറത്തേക്കു നോക്കി. സമയം സന്ധ്യയോടുടുത്തുക്കൊണ്ടിയിരിക്കുന്നു. മെല്ലെ എഴുന്നേറ്റു പുറത്തെ ജനൽപാളികളിൽ ഒന്നുകൂടി മലർക്കെ തുറന്നിട്ടു. പുറത്തെ കുന്നിൽ ചരുവിൽ ചുവപ്പുരാശി കലർന്ന പൂർണ ചന്ദ്രൻ, ഇന്ന് പൗർണമിയാണെന്ന കാര്യം അയാൾ ഓർത്തു.

എത്രമനോഹരമായ കാഴ്ച പകൽ രാത്രിയോട് വിടപറയുന്ന രംഗം ഇളം ചുവപ്പ് കലർന്ന ആകാശ ചരിവ്. നിരനിരയായി നില്ക്കുന്ന മരക്കൂട്ടങ്ങൾ ചില്ലകളിൽ ചേക്കേറാൻ കലമ്പില കൂട്ടുന്ന പക്ഷിക്കൂട്ടങ്ങൾ.

രാത്രിയുടെ മാറിൽ വെള്ളിവെളിച്ചം വിതറി പൂർണചന്ദ്രൻ നിറഞ്ഞു നില്ക്കുന്നു.

രണ്ടുദിവസം കടന്നുപോയതറിഞ്ഞില്ല. ഇന്നലത്തെ ആന്റിജൻ ടെസ്റ്റിന്റെ റിസൽട്ടു ഇന്നറിയാം. ഡോക്ടർ റൗൺസിനു വന്നപ്പോൾ തന്നെ പറഞ്ഞു " നിങ്ങൾക്ക് നെഗറ്റീവാണ്. വീട്ടിൽ പോകാം."

ആശ്വാസം തോന്നി. "നിങ്ങൾ രക്ഷപ്പെട്ടു." മൂസ്സ പറഞ്ഞു.

നേരെ വീട്ടിലേക്ക് വീടിന്റെ ഉമ്മറമുറ്റത്ത് കരിയില നിറഞ്ഞിരിക്കുന്നു. ചുറ്റും കണ്ണോടിച്ചു. എവിടെയോ ഒരേ കാന്ത ശൂന്യത തളം കെട്ടിനിൽക്കുന്നതുപോലെ

നേരെ വീടിന്റെ മുകൾ നിലയിലേക്ക് താഴെ ഭാര്യയും മകനും കോവിഡു പോസറ്റീവായി കോറണ്ടയിൽ നിൽക്കുന്നുണ്ട്. മുകൾ നിലയിലെ കിടക്കയിൽ അയാൾ മലർന്നു കിടന്നു. നേരിയ കുളിൽക്കാറ്റും തഴുകി അകന്നു പോയി. അത് നേരിയ മയക്കത്തിലേക്കയാളെ നയിച്ചു. ■


## 47-ാം വിവാഹ വാർഷികം<>12.05.2021<>

## വി. ചോയിക്കുട്ടി & കെ. പത്മിനി

വെങ്ങാലത്ത് ഹൗസ്
ഇരിങ്ങല്ലൂർ
കോഴിക്കോട് 673 014



ആശംസകളോടെ

മക്കൾ : പത്മനിഷ
പത്മജിഷ
മരുമക്കൾ : രാധാകൃഷ്ണൻ,
ലാലു.
പേര മക്കൾ : രാഹുൽ, ശ്രീരാഗ്,
അനാമിക, മധുരിമ,
നിപുണ.

With Best Compliments from,

പത്മ ബെഡ് മേക്കേഴ്സ്,
ഇരിങ്ങല്ലൂർ,
കോഴിക്കോട് -673 014,
ഫോൺ: 9048127897


കവിത



എം.കെ. രവീന്ദ്രൻ
വൈദ്യർ
കൊടപ്പള്ളി

# സ്വപ്നം കാണാം



നാടിൻ രോദന മുയരുന്നു
മർത്ത്യരാകുലരാകുന്നു
ഭാരതമാകെ പടരും മഹമാരിയിൽ
ജനങ്ങളാകെ വിഹ്വലരായ്
ഇതിനെ വെല്ലാൻ ഐക്യത്തിന്റെ
ദീപ ശിഖയും മേന്തുകനാം
തമ്മിൽ തമ്മിൽ സഹായഹസ്തം
അതു നൽകി നാം രക്ഷിക്കാം
നാടും വീടും ഒരുമയിലങ്ങനെ
നന്മയിൽ നില്ക്കാനുതകട്ടെ
പകരും രോഗ നിവാരണമാർഗ്ഗം
സർക്കാർ കരുതലിനണി ചേരാം
ഏതു വിധത്തിലായാലും
മോചന ലക്ഷ്യം പൂകും നാം
അകലുകയില്ല നമ്മുടെ ലക്ഷ്യം
മണയും വരെയും തുടരും നാം
എല്ലാ മനുഷ്യരും സുഖമായ് വാഴും
ലോകം സ്വപ്നം കാണാം നാം.

## നിലാവ് പൂക്കും താഴ്‌വാരം

(23 -ാം പേജ് തുടർച്ച)

പിറ്റേന്ന് പ്രഭാതം പൊട്ടി വിടർന്നു. അതിരാവിലെ എല്ലാവരും ഉണരുന്നതിനു മുമ്പ് രൂപ കുളിച്ചു. നല്ല വസ്ത്രങ്ങളും ധരിച്ചു. മേട്രൻ ഉണർന്നിട്ടില്ല. മറ്റാരോടും തന്നെ ഒന്നും പറഞ്ഞില്ല. അടുക്കളക്കാരി അനുസൂയ ബേട്ടിയോട് താൻ വരാൻ വൈകുമെന്നു മാത്രം പറഞ്ഞു. അവർക്ക് സംസാരിക്കാൻ ഇട നൽകാതെ ഹോസ്റ്റലിൽ നിന്നും പുറപ്പെട്ടു. ഗൈറ്റിന് അടുത്തെത്താറായപ്പോൾ ഒന്നു തിരിഞ്ഞുനോക്കി. അനുസൂയ ബേട്ടി അടുക്കളയിലെ തന്റെ സഹപ്രവർത്തകയായ നന്ദിതയോട് വിരൽമൂക്കിൽചേർത്തുവെച്ചു കൊണ്ട് എന്തെല്ലാമോ ഫറയുന്നുണ്ട്. ഇന്നലെയും താൻ ഹോസ്റ്റലിൽനിന്നു ഭക്ഷണം കഴിക്കുവാതെ അതിരാവിലെ ഇറങ്ങിയതിനെ പറ്റിയുള്ള ചർച്ചയാവും. രൂപ ഗൈറ്റിന് പുറത്തേക്ക് വേഗത്തിൽ നടന്നു. "അംബികാനഗർ" ബസ്സ്സ്റ്റാന്റിലെത്തുമ്പോൾ രവീന്ദ്ര കാത്തുനിൽക്കുന്നുണ്ട്. കൂടെ ആകാശുമുണ്ട്. അവർ ഡാർജിലിംഗ് മലവാരത്തിലെ തേയില പ്ലാന്റേഷനുകളുടെ നാടായ "സിഗ്രിട്ടൻ"ലേക്കുള്ള ബസ്സിൽ കയറിയിരുന്നു. ആരും ആരോടും ഒന്നും സംസാരിക്കുന്നില്ല. സഹപാഠിയും ആത്മമിത്രവുമായ ഘോഷിനെ കാണാനാണ് പോവുന്നത്. എങ്കിൽപോലും ആകാശും രവീന്ദ്രയും രൂപയും തമ്മിൽ ഘനഗംഭീരമായ നിശബ്ദത. എല്ലാവരും അവരവരുടേതായ ഭാവനകളിൽ ഘോഷ് പോലീസ് കേസിൽ നിന്നും ഒഴിവാകാനുള്ള മാർഗ്ഗത്തെ കുറിച്ചും, സാധാരണ ജനങ്ങൾക്കു വേണ്ടി ഒരു കൂരയിൽ നിർദ്ദനനെപ്പോലെ കഴിഞ്ഞു കൂടുന്ന അതിസമ്പന്നനായ തങ്ങളുടെ സഹപാഠിയെ കുറിച്ചും, സമരവുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളെക്കുറിച്ചും ചിന്തിക്കുകയാണ്.

ആകാശിന്റേയും രവീന്ദ്രയുടേയും മനസ്സിൽ കടുത്ത ഉൾഭയം ഇല്ലാതില്ല. ഘോഷിനോടൊപ്പം തങ്ങളെ കൂടി കിട്ടിയാൽ പ്രതിയെ സഹായിച്ചകുറ്റത്തിനു തങ്ങൾക്കു പിന്നീട് പുറംലോകം കാണാൻ സാധിക്കില്ലന്നു അവർക്കും അറിയാം. എന്നിട്ടും അവർ ഘോഷിനെ കാണാൻ വെമ്പുന്നു. അതാണ് മിത്രങ്ങൾ തമ്മിലുള്ള ഊഷ്മള ബന്ധം. അതുതന്നെയാണ് കാമുകനായും ഭർത്താവായും മനസ്സിൽ കുടിയിരുത്തിയ പുരുഷൻ പ്രതിസന്ധിഘട്ടത്തിലാണെന്നറിഞ്ഞു, തന്റെ ജീവിതവിജയങ്ങളെ കുറിച്ചുമാത്രം ചിന്തിക്കുവാതെ പ്രണയിച്ചവനുവേണ്ടി ഇറങ്ങിപുറപ്പെടുന്ന സ്ത്രീയുടെ ഊഷ്മളമായ സ്നേഹബന്ധം. അവനൊരു രാജ്യദ്രോഹിയല്ല, തീവ്രവാദ പ്രവർത്തനത്തിൽ കൂടി ജനനന്മ ഹനിക്കുന്നവനല്ല, നാട്ടിൽ തീവ്രവാദ പ്രവർത്തനത്തിനു താങ്ങും തണലുമായി പ്രവർത്തിക്കുന്നവനുമല്ല. പിന്നെ എങ്ങിനെ അവനുമായുള്ള സൗഹാർദ്ദത്തിനെ എന്നന്നേക്കുമായി ഉപേക്ഷിക്കുവാനാവും. മറ്റു സമരങ്ങളിൽ തങ്ങളും അവന്റെ പങ്കാളികളല്ലെ. അവരുടെ മനസ്സിൽ അസാധാരണ തീരുമാനങ്ങൾ മാത്രം.

"സിഗ്രിട്ടൻ" ലേക്കുള്ള കുതിപ്പിന്റെ അവസാനലാപ്പിൽ ബസ്സ് കുലുങ്ങിയും ഞരങ്ങിയും മലകയറുകയാണ്. പ്രകൃതി രമണീയമായ മലനിരകൾ. മലനിരകൾക്കു ഭംഗികൂട്ടാനെന്നവണ്ണം നോക്കെത്താത്ത ദൂരത്തോളം ചായത്തോട്ടങ്ങൾ. മലകൾക്കു ചുറ്റുഭാഗവും എവിടേക്കു തിരിഞ്ഞാലും ചായത്തോട്ടങ്ങൾത്തന്നെ. ഇന്ത്യയിലെ പറുദീസയാണ് ഡാർജിലിംഗ്. തോട്ടം തൊഴിലാളികൾക്കും മറ്റു ഇതര തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കും നരകമായ ഡാർജിലിംഗ് സമ്പന്നൻമാർക്കും ലോകത്തിലെ എല്ലാ രാജ്യങ്ങളിൽനിന്നും എത്തുന്ന ടൂറിസ്റ്റുകൾക്കും സ്വർഗ്ഗഭൂമിതന്നെയാണ്.


കോടമഞ്ഞിറങ്ങിയതിനാൽ ഡ്രൈവർ ഹെഡ്‌ലൈറ്റ് ഇട്ടാണ് ബസ്സ് ഓടിക്കുന്നത്. ചുറ്റുമുള്ള കാഴ്ചകൾ മൂവരുടേയും കലങ്ങിമറിഞ്ഞ മനസ്സിനെ ഉദ്ദീപിക്കുന്നുണ്ടായിരുന്നു. ബസ്സ "സിഗ്രിട്ടൻ" സ്റ്റോപ്പിലെത്തിയപ്പോൾ കണ്ടക്ടർ വിളിച്ചു പറഞ്ഞു.

രവീന്ദ്ര മുന്നിലും ആകാശും രൂപയും തൊട്ടുപിന്നിലുമായി ബസ്സിൽനിന്നും മൂന്നുപേരും ഇറങ്ങി.

(തുടരും



## വിവാഹിതരായി <>20.03.2021<>



**വരൻ**

**അനൂപ് എൻ.**

S/O രാധാകൃഷ്ണൻ എൻ.
"അനുഷ" ഹൗസ്
അയ്യപ്പൻകണ്ടി പറമ്പ്
കൊമ്മേരി

**വധു**

**അഷിത പി.**

D/O രാധാകൃഷ്ണൻ പി.
കമ്മലശ്ശേരി ഹൗസ്
ചേലമ്പ്ര

വിവാഹവേദി: വധുഗൃഹം

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*ക്വാളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*ലക്കിബുക്ക്സ്*
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

*അസീസ് സ്റ്റേഷനറി*
കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി* (പൊയിൽകാവ്)
*അബുബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി* (പുതിയപാലം)
*സുരഭി സ്റ്റേഷനറി* (ഒളവണ്ണ ബസാർ)
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലയി റോഡ്, (നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)
*ബേബി സ്റ്റേഷനറി* (കാരന്തൂർ)

ചെറുകഥ



സബീന സുനിൽ

# കൂട്ടുകാരി



**അ**സൂയയും കുശുമ്പും മാത്രമായിരുന്നു. കുട്ടിക്കാലത്ത് തന്റെ മനഃസമാധാനം കെടുത്തിയ വികാരങ്ങൾ. വീട്ടിൽ അവളെക്കുറിച്ച് പ്രശംസിച്ചു പറയാത്ത ഒരു ദിവസം പോലും ഇല്ലായിരുന്നു. അവളെന്നു പറഞ്ഞാൽ തന്റെ ആത്മമിത്രവും അയൽക്കാരിയുമായ മുംതാസ് എന്ന മുമു.

എന്റെ പേര് മിയവർഗീസ്. മിയയ്ക്ക് മുമുവിനോട് അസൂയ തോന്നാൻ ഒരുപാട് കാരണങ്ങൾ ഉണ്ടായിരുന്നു. ഒന്നാം ക്ലാസ്സ് മുതൽ കൂടെ തന്നെയുണ്ടായിരുന്ന കൂട്ടുകാരിയായിരുന്നു അവൾ. പിന്നെ എവിടുന്നു മുതലാണ് അസൂയ എന്ന വികാരം അവളിലേക്ക് ചെന്ന് ചാടിയതെന്ന് ഓർമ്മയില്ല. വലുതാവുന്തോറും അവൾ ആരെയും മയക്കുന്ന സുന്ദരി ആയി മാറുകയായിരുന്നു. പഠിക്കാൻ മാത്രമല്ല ഡാൻസ് പാട്ട് എന്നു വേണ്ട സ്ക്കൂളിൽ നടക്കുന്ന സകല പരിപാടിക്കും അവൾ തന്നെയായിരുന്നു മുൻപിൽ. അതുകൊണ്ടായിരിക്കും സകലതിനും പിന്നോട്ടായ തന്നെ അവളെ കണ്ട് പഠിക്കാൻ വീട്ടുകാർ ഉപദേശിച്ചുകൊണ്ടിരുന്നത്. അതു കൊണ്ടാണോ തനിക്ക് അവളോടുണ്ടായിരുന്ന സ്നേഹം അസൂയയിലേക്ക് വഴി മാറിയത്. ആവും.

പ്ലസ്ടുവിനും ഒരുമിച്ചാണ് പഠിച്ചത്. അവളുടെ പിന്നാലെ നടക്കാനും കൂട്ടുകൂടാനും ആൺകുട്ടികൾക്കിടയിൽ ഒരു മത്സരം തന്നെയുണ്ടായിരുന്നതായി എനിക്ക് തോന്നിയിട്ടുണ്ട്. പോവുന്ന വഴിക്കുള്ള സുന്ദരന്മായ വായിനോക്കികളുടെ ചിരി തന്നോടാണെന്ന് പലപ്പോഴും തെറ്റിദ്ധരിച്ചിട്ടുണ്ട്. അവർക്കൊക്കെ അവളിലേയ്ക്കടുക്കാനുള്ള ചുണ്ടു പലക മാത്രമായിരുന്നു താനെന്ന് അറിഞ്ഞു വരുമ്പോൾ അസൂയ കൂടി. അക്കാലത്ത് അവളുടെ മരണം പോലും താൻ ആഗ്രഹിച്ചോ എന്ന് സംശയമുണ്ട്.

പ്ലസ്ടു കഴിഞ്ഞ ഉടനെ തന്നെ അവൾക്ക് നല്ലൊരു കല്യാണ അലോചന വന്നു. സുന്ദരൻ ബിസിനസ്സുകാരൻ പണക്കാരൻ ഇതിൽപരം എന്ത് വേണം പെട്ടെന്നുതന്നെ അവളുടെ കല്യാണം നിശ്ചയിച്ചു. താനതിൽ ആശ്വസിച്ചോ എന്ന് സംശയമുണ്ട്. കല്യാണത്തിനു അവന്റെ കൂടെ അവൾ അണിഞ്ഞൊരുങ്ങി നിന്നപ്പോൾ ശരിക്കും ഹൂറി തന്നെ. അവളെ മോഹിച്ച ആ ആരാധകന്മാരൊക്കെ നഷ്ടസ്വർഗങ്ങളെ എന്ന് പാട്ട് പാടി നെടുവീർപ്പിടുന്നത് ചിരിയോടെ താൻ നോക്കി നിന്നു.

പക്ഷെ പിന്നീടുള്ള തന്റെ ദിവസങ്ങൾ ഒറ്റപ്പെടലിന്റെതായിരുന്നു. അവൾ പോയപ്പോൾ വലിയ എന്തോ നഷ്ടം സംഭവിച്ചതു പോലെ തോന്നി.

വർഷങ്ങൾ വരുകയും പോവുകയും ചെയ്തു. എൽ.എൽ.ബി കഴിഞ്ഞതു കൊണ്ടോ എന്തോ ഗവമ്മെണ്ട് ജോലിക്കാരനായിരുന്നു തന്റെ വരൻ. റോയ്സ് കാണാൻ സുന്ദരനൊന്നുമായിരുന്നില്ല. എങ്കിലും സ്നേഹ സമ്പന്നൻ സ്നേഹം ഉള്ളയിടത്ത് സൗന്ദര്യവും സമ്പത്തും താനെ ഉണ്ടായിക്കൊള്ളും എന്ന് മനസ്സിലാക്കിയത് കാലങ്ങൾ കഴിഞ്ഞാണെന്ന് മാത്രം.

തന്റെ കല്യാണത്തിന് മുമു വന്നിരുന്നു അവളുടെ ഉമ്മയുടെ കൂടെ തടിച്ചു കൂടുതൽ മൊഞ്ചത്തിയായി. ഹസ്ബന്റ് ഗൾഫിൽ ആണെന്നും രണ്ട് മക്കളെയും വീട്ടിൽ നിർത്തിയതാണ് എന്നുമൊക്കെ തിരക്കിനിടയിലും വാതോരാതെ വിശേഷങ്ങൾ അവൾ പറഞ്ഞുകൊണ്ടിരുന്നു. പിന്നീടവൾ ഗൾഫിലേക്ക് പോയെന്നും ഒരു കുട്ടിയും കൂടെ ഉണ്ടായെന്നും കേട്ടു. പതിയെ പതിയെ താനുമവളെ ഓർക്കാതെയായി.

വർഷങ്ങൾ പിന്നിട്ടപ്പോഴാണ് വീണ്ടുമവളെ കാണുന്നത് പതിനഞ്ച് വർഷങ്ങൾക്കിപ്പുറം സ്ക്കൂൾ മീറ്റ് ഉണ്ടായപ്പോൾ ഒരു കൗതുകത്തിനു വേണ്ടി പോയതാണ്. താനന്ന് സ്വന്തം വീട്ടിൽ

അമ്മയ്ക്കു വയ്യ എന്നറിഞ്ഞു കാണാൻ വന്ന സമയമായിരുന്നു. കൂടെ പഠിച്ചവരുടെ മാറ്റങ്ങൾ കാണാനുള്ള കൗതുകവും ഉണ്ടായിരുന്നു ആ പങ്കെടുക്കലിൽ. സൗന്ദര്യത്തിനൊന്നും ഒരു കുറവുമില്ല കൂടിയൊ എന്നുമാത്രമേ സംശയമുള്ളു പക്ഷെ പിന്നീടറിഞ്ഞു അവളുടെ വിവാഹ ജീവിതത്തിനു ഒരുപാട് ഏറ്റക്കുറച്ചിലുകൾ ഉണ്ടായെന്ന്. ചിരിച്ച് കളിച്ചിരിക്കുന്ന അവൾക്കിപ്പോഴും കുട്ടിക്കാലത്തെ പെടപ്പ് തന്നെ. നീ ഇപ്പോഴും സ്ക്കൂൾ യൂണിഫോമിൽ നിന്ന് മോചിതയായില്ലെന്നു തമാശയ്ക്ക് ചോദിക്കുകയും ചെയ്തു.

ഇപ്പോഴുള്ള ചിരിയൊക്കെയേ ഉള്ളു മോളെ വീട്ടിൽ ചെന്നാൽ ശോകം ആണ് അവൾ ചിരിയോടെ പറഞ്ഞു.

എന്ത് പറ്റി? താൻ തെല്ലൊരു ആകാംക്ഷയോടെ ചോദിച്ചു.

പറയാനാണെങ്കിൽ ഒരുപാടുണ്ട് അത് പറയുമ്പോൾ അവളുടെ കണ്ണുകൾ ഈറനണിഞ്ഞു.

കേൾക്കാൻ ഞാനില്ലെ നീ പറ

അവളുടെ കഥ കേട്ടപ്പോൾ ശരിക്കും ഞെട്ടി. സുന്ദരനെന്നു താൻ കരുതിയ അവളുടെ ഭർത്താവ് ശരിക്കുമൊരു മൃഗമായിരുന്നു. മനുഷ്യന്റെ യാതൊരു ഗുണവുമില്ലാത്ത മൃഗം. മൃഗത്തേക്കാൾ നികൃഷ്ടമായ ജന്മത്തെ മനുഷ്യമൃഗം എന്ന് പേരിട്ടു വിളിക്കുന്നതാവും ഉചിതം.

കല്യാണം കഴിഞ്ഞ ഉടനെ അവളുടെ സ്വർണ്ണവും വീട്ടുകാർ അവൾക്ക് കൊടുത്ത വീടും അയാൾ സ്വന്തമാക്കി. അത് മാത്രമല്ല സ്ത്രീകൾ അയാൾക്കൊരു ദൗർബല്യമാണത്രെ.

ഇതോക്കെ അറിഞ്ഞിട്ടും എന്തിനാണ് സ്വത്ത് അയാളുടെ പേരിൽ ആക്കിയത്.

എനിക്ക് അയാളുടെ സ്നേഹം വേണമായിരുന്നു. സ്വത്തും പണവുമൊന്നും എനിക്ക് വേണ്ടായിരുന്നു. ഇതോക്കെ കൊടുത്താൽ അയാൾ എന്നെ സ്നേഹിക്കുമെന്ന് വെറുതെ ഞാൻ മോഹിച്ചു. പക്ഷെ അയാളുടെ മോഹം ഒരു പെണ്ണിൽ ഒതുങ്ങുന്നതായിരുന്നില്ല. അവൾ ദീർഘനിശ്വാസം വിട്ടു. ഗൾഫിൽ ആയ സമയത്ത് അവിടെ ആണല്ലോ എന്നൊരു സമാധാനം ഉണ്ടായിരുന്നു. ഇപ്പോൾ വീട്ടിൽ എത്തിയപ്പോൾ അതും പോയി.

അയാൾക്ക് നിന്നോട് സ്നേഹം ഇല്ലാതെ മൂന്ന് കുട്ടികൾ ആവില്ലല്ലൊ. താനൊരു കള്ള ചിരിയോടെ ചോദിച്ചു.

കുട്ടികൾ ആവാനെന്തിനാടി സ്നേഹം. അയാളുടെ ക്രൂരതയ്ക്കു മുന്നിൽ വഴങ്ങിക്കൊടുക്കയെ എന്റെ മുന്നിൽ വഴിയുണ്ടായിരുന്നുള്ളു. ഏതൊരു സ്ത്രീയെയും കാമത്തോടെ മാത്രം നോക്കിയ പിശാചാണയാൾ എന്ന് പറഞ്ഞാൽ നീ വിശ്വസിക്കുമോ.

മനുഷ്യനായി പിറന്ന ഒരാൾക്കിങ്ങനെയൊന്നും പറ്റില്ല. താൻ അവിശ്വസനീയതയോടെ പറഞ്ഞു.

പറ്റില്ല പക്ഷെ അയാൾക്ക് പറ്റും. അത്രക്കും ദുഷ്ടനാണയാൾ. അയാളെ വീട്ടിൽ ഒറ്റക്കുനിർത്തി വീട്ടിനു പുറത്തേക്കു പോകുവാൻ പോലും ഇന്നെനിക്കു ധൈര്യമില്ല. അത് പറയുമ്പോൾ അവളുടെ മുഖത്ത് കാളിമ പടർന്നു.

പണ്ട് മുതലേ മനുഷ്യനെ കുഴക്കുന്ന വികാരങ്ങളാണ് കാമം, വിശപ്പ്, ഭയം. ഇവയൊക്കെ പലപ്പോഴും നിയന്ത്രണാതീതമാണ്. ഇപ്പോൾ ജീവിതഗതി മെച്ചപ്പെട്ടപ്പോൾ വിശപ്പും ഭയവും കുറഞ്ഞു പക്ഷെ കാമം അതിപ്പോഴും പലരിലും തീവ്രമാണ്. സാഡിസ്റ്റുകൾ ചിലസമയങ്ങളിൽ ഭാര്യയാണെന്നതു പോലും മറക്കും അങ്ങനെ ഒരു സ്റ്റാഡിസ്റ്റാണ് എന്റെ ഭർത്താവ്. മുമു നിർവികാരമായി പറഞ്ഞു.

നിന്നെ എനിക്ക് മനസ്സിലാവുന്നില്ല എന്തിനാണ് ഇത്രയും സഹിച്ച് അയാളുടെ കൂടെ ജീവിക്കുന്നത് നിന്നെ സ്നേഹിക്കുന്ന വീട്ടുകാരില്ലെ അങ്ങോട്ടു പോയ്ക്കൂടെ.

അവരൊക്കെ എന്നെ ഒരുപാട് സഹായിച്ചു. പെൺമക്കളെ പെട്ടെന്നു കല്യാണം കഴിപ്പിച്ചു വിടുന്നത് അവരുടെ പ്രാരാബ്ധങ്ങളിൽ നിന്നും ഒഴിയാൻ വേണ്ടിയാണ്. പക്ഷെ എന്നെ കൊണ്ട് ഉമ്മയ്ക്കും ഇക്കായ്ക്കക്കും എന്നും ബുദ്ധിമുട്ടെ ഉണ്ടായിട്ടുള്ളു. ഉപ്പ ചെറുപ്പത്തിൽ മരിച്ചിട്ടും അതൊന്നും അറിയിക്കാതെയാണ് ഉമ്മ എന്നെ വളർത്തിയത്. ഇനിയും അവരെ ബുദ്ധിമുട്ടിക്കാൻ വയ്യ. വീട്ടിൽ തന്നെ നിൽക്കണം ഇല്ലെങ്കിൽ ഉമ്മ എനിക്ക് തന്ന വീടും അയാൾ വിറ്റു തുലയ്ക്കും. പിന്നെ എന്റെ മക്കൾക്ക് ഒന്നും ഇല്ലാതാവും. അത് പറയുമ്പോൾ അവളുടെ മുഖത്ത് ആത്മവിശ്വാസത്തിന്റെ കരുത്ത് ഉണ്ടായിരുന്നു.

അതേ ഒരു പെണ്ണിനെ ഇതോക്കെ പറ്റൂ. നോന്തുപെറ്റ മക്കൾക്കു വേണ്ടി സ്വന്തം ജീവിതം ത്യജിച്ച് ധൈര്യത്തോടെ ജീവിക്കാൻ. അവളോട് എന്തോ ബഹുമാനം തോന്നി.

നിന്നെ അയാൾ ശാരീരികമായി വേദനിപ്പിക്കാറുണ്ടോ താൻ ചോദിച്ചു?

ശാരീരികവും മാനസികവുമായി വേദനിപ്പിക്കാറുണ്ട് ശരീരത്തിന്റെ വേദന പിറ്റെന്നു പോവും പക്ഷെ മനസിന്റെ വേദന അത് എപ്പോഴും കൂടെ തന്നെ ഉണ്ടടോ അവൾ ചിരിയോടെ പറഞ്ഞു.

നിനക്കിതൊക്കെ എങ്ങനെ ചിരിയോടെ പറയാൻ കഴിയുന്നു. ചിരിയോടെ എന്റെ കഥ പറഞ്ഞാലെ എനിക്കത് മുഴുമിപ്പിക്കാൻ പറ്റു ഇല്ലെങ്കിൽ പകുതിക്കു ഞാൻ വിതുമ്പി പോവും അത് പറഞ്ഞപ്പോൾ അവളുടെ മുഖമൊന്നു വാടി.

ഒരിക്കൽ എല്ലാം ശരിയാവുമെടാ. സിനിമയിലൊക്കെ കണ്ടിട്ടില്ലെ അവസാനം വില്ലന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ നായകന് കഴിയുന്നത് അതു പോലെ ഒരിക്കൽ അയാൾ നിന്നെ അംഗീകരിക്കുന്ന ഒരു കാലം വരും അത് പറഞ്ഞ് ഞാനവളുടെ കൈ മുറുകെ പിടിച്ചു ആശ്വസിപ്പിക്കാനെന്നവണ്ണം.

അന്ന് എല്ലാവരും പിരിഞ്ഞെങ്കിലും താനവളെ ഇടയ്ക്കൊക്കെ വിളിക്കുമായിരുന്നു. ഇടയ്ക്കെപ്പോഴോ വിളി നിന്നു കാരണം വിളിക്കുമ്പോൾ അവളെ കിട്ടാതെയായി നമ്പർ മാറിയെന്നു തോന്നി.

പിന്നെ വർഷങ്ങൾ കഴിഞ്ഞാണ് നാട്ടിലേക്ക് പോവാൻ പറ്റിയത് മകളുടെ കല്യാണത്തിന് മുമുവിനെ കൂടി വിളിക്കാനായിരുന്നു പോക്ക്. അവളുടെ സഹോദരനും കുടുംബവും ഉമ്മയുമൊക്കെ ഗൾഫിലാണെന്നു അറിയാൻ കഴിഞ്ഞു. അവളുടെ ബന്ധത്തിൽപെട്ട പയ്യനെ വഴിക്കുവെച്ച് കണ്ടപ്പോൾ നമ്പർ കിട്ടി. അവളെ കിട്ടിയപ്പോൾ പഴയ പ്രസരിപ്പോടെ പറഞ്ഞു "നീ എന്റെ വീട്ടിലേക്ക് വാ വഴിയൊക്കെ ഞാൻ പറഞ്ഞു തരാം."

എന്റെ ആവശ്യം പറഞ്ഞപ്പോൾ സമയമില്ലെങ്കിലും എന്റെ

കൂടെ വരാമെന്ന് റോയ്സും സമ്മതിച്ചു. അവളുടെകഥ കേട്ട് അവളെ കാണാൻ അദ്ദേഹത്തിനും ആകാക്ഷയുണ്ടായിരുന്നു.

അവളുടെ ഭർത്താവിനു നമ്മൾ ചെന്നാൽ ഇഷ്ടം ആവുമോ റോയ്സ് തെല്ലൊരു ടെൻഷനോടെ ചോദിച്ചു.

അയാൾക്ക് ഇഷ്ടായില്ലെങ്കിൽ നമുക്കെന്താ നമ്മൾ അയാളെ കാണാനല്ലല്ലൊ പോവുന്നത് താൻ രോഷത്തോടെ പറഞ്ഞു.

ഗേറ്റിനു മുന്നിൽ തന്നെ അവൾ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. വലിയ മാറ്റമൊന്നും ഇല്ല സ്വതസിദ്ധമായ ചിരി അപ്പോഴും നിറഞ്ഞു നിന്നു.

വീട്ടിനുള്ളിലേക്ക് കയറിയപ്പോൾ തന്നെ താൻ ചോദിച്ചു. എവിടെ കഥാപാത്രം ഇപ്പോഴും ശല്യമുണ്ടോ?

വാ പറയാം ആളെയും കാണിച്ചു തരാം. അവൾ ഞങ്ങളെ നേരെ മുറിയിലേക്കാണ് കൂട്ടിക്കൊണ്ടു പോയത് അവിടെ കട്ടിലിൽ ഒരു മെലിഞ്ഞ രൂപം കിടക്കുന്നുണ്ടായിരുന്നു.

ഇതാണ് കഥാപാത്രം അവൾ പറഞ്ഞു.

താൻ വിശ്വസിക്കാനാവാതെഅവളെ നോക്കി. എന്ത് പറ്റി?

ഞാൻ നിന്നോട് പറഞ്ഞില്ലായിരുന്നോകാര്യങ്ങളോക്കെ. അതിനു ശേഷവും ഇയാൾ നന്നാവാനുള്ള ലക്ഷണമൊന്നും ഇല്ലായിരുന്നു. പലപ്പോഴും വിഷം കൊടുത്ത് കൊന്നാലോ എന്നു പോലും ഞാൻ ചിന്തിച്ചിരുന്നു. എന്നാൽ ഒരു രാത്രി അയാളെ രണ്ടു പേർ ജീവച്ഛവമാക്കി ഇവിടെക്ക് കൊണ്ടുവന്നു. അവരിലൊരാളുടെ ഭാര്യയുമായുള്ള ബന്ധത്തിന്റെ പേരിൽ അവിടെവെച്ചന്തോ മൽപ്പിടുത്തം നടത്തിയതാണ്. എന്നിട്ട് അയാൾ എന്നോടു പറഞ്ഞു കേസ് കൊടുക്കുകയാണെങ്കിൽ നിങ്ങളും നാറും വളർന്നു വരുന്ന ഒരു മോളില്ലെ അതിന്റെ ഭാവി ഓർത്ത് മിണ്ടാതിരിക്കുന്നതാണ് നല്ലതെന്ന്. ഇനി ഒരു പെണ്ണും ഇയാളു കാരണം ചീത്തയാവില്ലെന്നൊർത്ത് സമാധാനിക്കാനും പറഞ്ഞു. അന്ന് കിടന്ന കിടപ്പാണ് പിന്നെ എണീറ്റിട്ടില്ല എല്ലാം ഞാൻ ചെയ്തു കൊടുക്കണം. എന്നാലും സമാധാനമായിട്ട് ഉറങ്ങാൻ പറ്റുന്നുണ്ട് അവൾ പറഞ്ഞു.

നിനക്കെങ്ങനെ സാധിക്കുന്നു ഇത്രയും ക്രൂരനായ മനുഷ്യനോട് അലിവ് കാണിക്കാൻ താൻ ചോദിച്ചു.

കിടന്ന കിടപ്പിലാണെങ്കിലും അയാൾ എല്ലാം അറിയുന്നുണ്ടായിരുന്നു. അയാളുടെ ഇരുകണ്ണിലൂടെയും കണ്ണുനീർ ഒലിച്ചിറങ്ങി. ചെയ്ത് കൂട്ടിയ കൊടും പാപത്തിന്റെ തീരാ സങ്കടം എന്ന പോലെ.

ജീവിതം അതിന്റെ അനായാസത്തോടെ ജീവിക്കാൻ പറ്റുക വളരെ ചുരുക്കം പേർക്കൊക്കെ പടച്ചോൻ കൊടുക്കുന്ന അനുഗ്രഹമാണടോ മുമു പറഞ്ഞു. അതിൽ താൻ പെടില്ല എന്റെ ലൈഫ് കുറച്ച് കട്ടിയിലാ തന്നത്. പിന്തിരിഞ്ഞോടാൻ വയ്യ. പൊരുതിയെ മതിയാവുമായിരുന്നുള്ളു. അതു കൊണ്ടിപ്പം മോൾ കല്യാണം കഴിഞ്ഞു സന്തോഷത്തോടെ ജീവിക്കുന്നു. മോൻ ഇക്കാക്കയുടെ കൂടെ ഗൾഫിലാണ് പിന്നെ ഇവിടപ്പോൾ ഞാനും എന്റെ ഇളയ മോളും ഉണ്ട് അവൾ പഠിക്കുന്നു. പിൻന്തിരിഞ്ഞോടിയിരുന്നെങ്കിൽ അവരുടെ ജീവിതം മറ്റൊന്നാവുമായിരുന്നു.

അപ്പോഴും അവളുടെ മുഖത്ത് നിറഞ്ഞ പുഞ്ചിരി ഉണ്ടായിരുന്നു. ജീവിതത്തെ പൊരുതി തോൽപ്പിച്ച നിശ്ചയദാർഢ്യത്തോടെയുള്ള ആ പുഞ്ചിരി താൻ നോക്കി നിന്നു. ■

**മിനികഥ**



**കാരിത്തടം വർക്കി**

# അസംബന്ധം

**മാ**വേലി സ്റ്റോറിൽ ക്യൂ നിൽക്കുകയായിരുന്ന രാധിക തൊട്ടുപുറകിൽ നിൽക്കുകയായിരുന്നയാളോട് തട്ടിക്കയറി.

"നിനക്കൊന്നും നാണമില്ലേടാ... രാവിലെ വന്ന് വല്ല പെണ്ണുങ്ങളുടേയും പുറകിൽ നിന്ന് എന്തെങ്കിലും അസംബന്ധം പറയാൻ?"

ബഹളം കേട്ട് തൊട്ടു മുന്നിൽ നിന്നയാൾ ഇടപെട്ടു. "അതിനയാൾ വേണ്ടാത്തതൊന്നും പറഞ്ഞില്ലല്ലോ?"

രാധിക അയാളുടെ നേർക്ക് തട്ടിക്കയറി.

"താനും കേട്ടതല്ലാടോ അയാൾ എന്നോട് പറഞ്ഞത്!. ഒന്നു മുട്ടോട്ട് നീങ്ങി നിന്നേ ആന്റീന്ന്..."

"അതിലെന്താ ഇത്ര തെറ്റ്?"

"തെറ്റ് എന്താണെന്നോ? കാര്യം രണ്ടു മക്കളുടെ അമ്മയാണെങ്കിലും ഇവന്റെയൊക്കെ ആന്റിയാകാൻ മാത്രം പ്രായമൊന്നും എനിക്കായിട്ടില്ല. മനസ്സിലായോ..."

അതുകേട്ട് അയാളുടെ കൈയിൽ നിന്ന് റേഷൻ കാർഡ് ഊർന്ന് താഴേയ്ക്ക് വീണു.

ചെറുകഥ



മനോജ് കെ.കെ.

# വിലക്കുകൾ



അരുത് കയറരുത് വീഴും എവിടെ നിന്നൊക്കെയോ വിളിച്ച് കൂവുന്ന പലരും തിരിഞ്ഞ് നോക്കുമ്പോൾ കുറേപേർ എന്താണ് സംഭവിക്കുന്നത് എന്നറിഞ്ഞുകൂടാ... അരുത് എന്ന് മാത്രം ഉറക്കെ ചെവിയിൽ കേൾക്കുന്നു. പെട്ടന്ന് ഞെട്ടി എഴുന്നേറ്റു. സമയം നോക്കുമ്പോൾ നേരം പുലരാറായിരിക്കുന്നു. കണ്ടസ്വപ്നം ചെറുപ്പത്തിൽ മുട്ടിട്ട് ഇഴഞ്ഞു നടക്കുന്നകാലം. മുട്ടിട്ട് ഇഴഞ്ഞ് കോണിപ്പടികൾ കയറാൻ ശ്രമിക്കുന്ന നേരത്ത് കേൾക്കാൻ തുടങ്ങിയ വിലക്കുകൾ ഇന്നും തുടരുന്നു. അവിടുന്നു തുടങ്ങിയ വിലക്കുകൾ നമ്മൾ ജീവിതത്തിൽ എത്രകാലം പേറിനടക്കുന്നു, എന്ന് ആരെങ്കിലും ഒരിക്കൽപ്പോലും ചിന്തിച്ചിട്ടുണ്ടോ. ഒരു നിഴൽപോലെ നമുക്ക് ചുറ്റും വിലക്കുകൾ നടന്ന് വരുന്നു. നടക്കാൻ തുടങ്ങിയ പ്രായത്തിൽ, പിന്നെ ജീവിതത്തിന്റെ എല്ലാ പ്രകാരത്തിലും വിലക്കുകൾ നമ്മൾ നേരിടുന്നു. വിലക്കുകൾ ഇല്ലാത്ത ജീവിതം ആർക്കെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന് നമ്മൾ ചിന്തിക്കേണ്ടിയിക്കുന്നു. ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ മുതൽ തുടങ്ങിയ വിലക്കുകൾ സ്ക്കൂൾ ജീവിതം കഴിഞ്ഞ് ആശ്വാസമേകും എന്ന് കരുതി. കാരണം സ്ക്കൂളിൽ പഠിക്കുമ്പോൾ അടുത്ത വീട്ടിലെ സതീഷേട്ടൻ പറഞ്ഞ് കോളേജിൽ എത്തായാൽ വേറെ ലെവലാണ് നമ്മൾക്ക് ഇഷ്ടമുള്ള ക്ലാസ്സിൽ കയറിയാൽ മതി ഒന്നും ഇഷ്ടമല്ലെങ്കിൽ നമ്മൾക്ക് ഇഷ്ടമുള്ളയിടത്തേക്ക് പോകാം. അങ്ങിനെയെങ്കിൽ അവിടെ എത്താനുള്ള ആഗ്രഹമായി സ്വാതന്ത്രം അത് തന്നെ വലിയ ലക്ഷ്യം. പക്ഷേ കോളേജിൽ ചേർന്ന് കുറച്ച് ദിവസം കഴിഞ്ഞപ്പോൾ തോന്നി അടുത്ത ക്ലാസിൽ കയറണ്ട ക്ലാസ്സ് കട്ട് ചെയ്യാം എന്ന് തീരുമാനിച്ചു പുറത്തേക്ക് ഇറങ്ങി. പുറത്ത് എത്തിയതും അച്ഛനെയറിയുന്ന മാഷ് പുറത്ത് നിന്ന് എന്താ ക്ലാസ്സില്ലേ? "ങ്ഹാ" ഉണ്ട് ഞാൻ ഒന്ന് ബാത്ത്റൂമിലേക്ക് പോകുവാൻ ഇറങ്ങിയതാണ് അതോടെ അതും പൊളിഞ്ഞു.

കോളേജ് ജീവിതം കഴിഞ്ഞു ജോലിക്ക് കയറി അതും അന്യസംസ്ഥാനത്ത് പോകുമ്പോൾ മനസ്സിൽ ഒരു ആഗ്രഹമേ ഉണ്ടായിരുന്നുള്ളു. അതും സ്വാതന്ത്ര്യം തന്നെ. പക്ഷേ ചെന്ന സ്ഥലത്ത് താമസം അന്വേഷിച്ച് ഇറങ്ങിയപ്പോൾ അവിടെയും വിലക്കുകൾ മാത്രം. രാവിലെ ഓഫീസ്സിൽപ്പോയി തിരികെ ഏഴ് മണിക്ക് ഹോസ്റ്റലിൽ എത്തണം. ഏഴര കഴിഞ്ഞാൽ ഗേയ്റ്റ് അടക്കും. പിന്നെ അത്താഴവും കിട്ടില്ല. അവിടെയും പണിപ്പാളി... ഇതെന്തൊരു നിയമങ്ങൾ എവിടെയും മനുഷ്യന് സ്വാതന്ത്ര്യമില്ലേ.... ഇതേക്കുറിച്ച് നിങ്ങളും ഒരിക്കലെങ്കിലും ചിന്തിച്ചിട്ടില്ലേ ഈ അവസ്ഥ ഒരിക്കലെങ്കിലും ജീവിതത്തിൽ മാറ്റപ്പെടുമോയെന്ന്.

ഈ ലോകത്ത് വിലക്കുകൾ ഇല്ലാതെ ജീവിച്ച ഒരാളെയെങ്കിലും കണ്ടാൽ സന്തോഷമായിരുന്നു എന്ന് ചന്തിച്ച് കിടക്കുമ്പോൾ മുമ്പിൽ കണ്ട ന്യൂസ്പേപ്പറിൽ കണ്ടു ഒരു പരസ്യം ജീവിത വിജയത്തിന് ഇതാ ഒരു എളുപ്പവഴി-നാളെ ഇന്ന സ്ഥലത്ത് വരിക ഞങ്ങളുടെ ക്ലാസ്സിൽ പങ്കെടുക്കുക. അപ്പോൾ തന്നെ ഉറപ്പിച്ചു നാളെ ആ ക്ലാസ്സിൽ പങ്കെടുക്കണം. അപ്പോൾ ക്ലാസ്സിന്റെ സമയം നോക്കുമ്പോൾ ഏഴരമണിക്ക്... അപ്പോൾ വീണ്ടും ചോദ്യമുയർന്നു എന്ത് ചെയ്യും ഏഴ് മണിക്ക് ഹോസ്റ്റലിൽ എത്തണം. ഒന്ന് തീരുമാനിച്ചു. ഹോസ്റ്റൽ വാർഡനോട് ചോദിച്ചു സമ്മതം എടുക്കുക. അദ്ദേഹവും വിലക്കു

കവിത



പ്രഭാകരൻ നറുകര

# പക്ഷിക്കുഞ്ഞ്

ചിറകുവിടർത്തി
പറന്നുപോകാൻ
പക്ഷിക്കുഞ്ഞിനു
മോഹമുണർന്നു
ഭക്ഷണവും തേടി
പ്പോയല്ലോ തള്ള-
പ്പക്ഷിയെ കാണാതെ
കുഞ്ഞിരിക്കുന്നു
മാമരച്ചില്ലയിൽ
കൂട്ടിന്നുള്ളിലെ
താമസം നിർത്തി
പറന്നീടാൻ ദാഹം
ചിറകു വിടർത്തി
മാനത്തു നോക്കും
കിളിയുടെ തോന്നൽ
പൂവണിഞ്ഞില്ല

അന്നവും കൊണ്ടു
പറന്നു വന്നമ്മ
കുഞ്ഞിന്റെ മോഹ-
മതെന്തന്നറിഞ്ഞു
പക്ഷിതൻ സ്നേഹ
ത്തിൻ ശബ്ദമുയർന്നു
അക്ഷരം "ഹരിശ്രീ"
യായി കുറിച്ചു
"നിന്നിൽ ചിറകു
കിളിർക്കുന്നു കുഞ്ഞേ
തിളങ്ങുന്ന തൂവൽ
വളരട്ടെ വേഗം
എല്ലാമെല്ലാം നിൻ
ശക്തയായ്തീർന്നാൽ
ഉല്ലാസം പൂണ്ടെങ്ങും
പാറിനടക്കാം."

## വിവാഹിതരായി <>18.04.2021<>





**വരൻ**

**വിപിൻ**

S/O പുരുഷോത്തമൻ
നെല്ലിപ്പൊയിൽ ഹൗസ്
കൊമ്മേരി

**വധു**

**അശ്വനി ടി.പി.**

D/O പരമേശ്വരൻ & അംബിക
താഴിശ്ശേരി ഹൗസ്
കൊമ്മേരി

വിവാഹവേദി: വധുഗൃഹം





**വരൻ**

**ബിജോയ്**

S/O പുരുഷോത്തമൻ
നെല്ലിപ്പൊയിൽ ഹൗസ്
കൊമ്മേരി

**വധു**

**ആരതി**

D/O അശോകൻ
മുടങ്ങാളിത്താഴെ പറമ്പ്
കല്ലായ്

ഇവർ 30.05.2021 വധുഗൃഹത്തിൽ വെച്ച് വിവാഹിതരായി

കൾ ഏർപ്പെടുത്തിയാൽ സംഗതി നടക്കില്ല. എന്തായാലും പോയി ചോദിക്കുകതന്നെ. നേരെ താഴെക്കിറങ്ങി കാര്യം പറഞ്ഞു അപ്പോൾ അദ്ദേഹം ചോദിച്ചു എപ്പോൾ തിരിച്ച് വരും ഏകദേശം ഒൻപത് മണിക്കൂള്ളിൽ. എന്നാൽ ഒക്കെ അത് കഴിഞ്ഞാൽ ഗേയിറ്റ് തുറന്ന് തരില്ല, ഉറപ്പിച്ചു.

കൃത്യസമയത്ത് തന്നെ ക്ലാസ്സിൽ എത്തി ഒരു കാഷായ വസ്ത്രമണിഞ്ഞ് തലയിൽ മുടിയില്ലാത്ത പരിപ്പൂർണമായി മൊട്ടയടിച്ച ഒരു സ്വാമിയുടെ രൂപത്തിലുള്ള വ്യക്തിത്വം ഇരിക്കുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഹാൾ പൂർണ്ണമായും നിറഞ്ഞു. ക്ലാസ്സ് തുടങ്ങി. സ്വാമി പറഞ്ഞു നിങ്ങൾക്ക് സ്വതനന്ത്ര്യം വേണോ എങ്കിൽ നിങ്ങൾക്ക് സന്തോഷം തോന്നുന്ന കാര്യത്തിൽ ഏർപ്പെടുക അതേ ഒരു വഴിയുള്ളു. അത് പഠിത്തത്തിലായാലും ജോലിയിലായാലും കുടുംബജീവിതത്തിൽ ആയാൽപ്പോലും, അത് നിങ്ങൾ തന്നെ മനസ്സിലാക്കി ചെയ്യുക. സന്തോഷം തോന്നുന്ന കോഴ്സുകൾ ചെയ്യുക,പഠിക്കുമ്പോൾ ജോലി സന്തോഷം തോന്നുതിൻ ചേരുക. കുടുംബജീവിതത്തിലായാലും എല്ലാ സമയങ്ങളിലും സന്തോഷം നൽകുന്ന കാര്യങ്ങൾ മാത്രം ചെയ്യുക.... പിന്നെയും സംശയമായി നമ്മൾക്ക് സന്തോഷം തോന്നുന്ന കാര്യം മാത്രം എങ്ങിനെയാണ് കിട്ടുക. പഠിക്കുന്ന കാര്യത്തിലായാലും ജോലിയിലായായിലും എല്ലാകാര്യത്തിലും നമ്മൾക്ക് അത് ലഭിക്കാൻ സാധ്യതയുണ്ടോ? എന്ത് ചെയ്യും ഇതിനു വേണ്ടി. അപ്പോൾ സ്വാമി വീണ്ടും പറഞ്ഞു എവിടെ സന്തോഷമുണ്ടോ അവിടെയെ വിലക്കുകൾ ഇല്ലാതാവുകയുള്ളു. അവിടേയേ സ്വാതന്ത്ര്യമുള്ളു... എങ്ങിനെ ഇത് സാധിക്കും വീണ്ടും ചോദ്യ ചിഹനമായി തുടരുന്നു ജീവിതം. ഒന്ന് ചിന്തിച്ചാൽ സ്വാമി പറഞ്ഞതിലും കാര്യമില്ലേ?

വിലക്കുകൾ ചെറുപ്രായത്തിൽ തുടങ്ങി ജീവിതത്തിലുടനീളം നമ്മൾ പേറി നടക്കുന്നു. പിന്നെയെവിടെ സന്തോഷം സത്യമല്ലേ എന്ന് ഞാൻ എന്നോട് തന്നെ ചോദിച്ചു. അല്ലാതെ ജീവിതം മുഴുവനും വിലക്കുകളിൽ പെട്ട് അവസാനിപ്പിക്കണണമോ? അതോ സ്വാതന്ത്ര്യം ലഭിക്കാൻ സന്തോഷമുള്ള കാര്യങ്ങൾ ചെയ്യണമോ? ഒന്നും കൂടെ ചിന്തിച്ച് ഇനിയെങ്കിലും ജീവിക്കുകതന്നെ. അതിനാൽ ഞാൻ സന്തോഷമുള്ള കാര്യങ്ങൾ തിരഞ്ഞെടുത്തോട്ടെ; കൂടെ പരിമിതികൾ ഏർപ്പെടുത്തി? ഞാൻ നിങ്ങളോട് ഓരോരുത്തരോടും കൂടെയാണ് ചോദിക്കുന്നത്. എന്താണ് നിങ്ങളുടെ അഭിപ്രായം.... സമ്മതമല്ലേ? ■

## CMS സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**






ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

## സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 9388412430**



BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



സോഫസെറ്റ് - 14500 രൂപ മുതൽ
കട്ടിൽ & ബെഡ് - 16000 രൂപ മുതൽ
ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ
ഡൈനിംഗ് ടേബിൾ &
6 Nos ചെയർ (Wooden) 21900 രൂപ മുതൽ





ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും

## Agency : KACOPS, KOTTOOLI

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**



## ശാരദ
## ഇൻഡസ്ട്രിയൽസ്



**കാളൂർറോഡ് , മാങ്കാവ്**

കോഴിക്കോട് - 673 007

Mob:9846412070



കവിത



ബാബുരാജൻ ചമ്പയിൽ

# കോവിഡ് 19 - ഇതല്ലെദുഃഖം; വലിയദുഃഖം

**കാ**ലമില്ലാകാലത്തൊരു ദുഃഖം വന്നു
കോവിഡാൽ ലോകത്ത് ദുഃഖം വന്നു.
മനുഷ്യർ മനുഷ്യരെ കണ്ടാൽ അകന്നു നിൽക്കലും-
വായ് മൂടി കെട്ടലും ദുഃഖമായ് വന്നു.
അറിയാതാരേലും തൊട്ടുപോയാൽ
സോപ്പിട്ടു കഴുകുന്ന കാലവും ദുഃഖമായ് വന്നു.
അവനവന്റെ ദുഃഖം അപരന്റെ തല്ല-
അവനവന്റെ ദുഃഖം അവനവന്റെ ദുഃഖം
ടൂറിനു പോകാൻ കഴിയാത്ത ദുഃഖം
ചിലർക്കൊക്കെ വെറും യാത്ര ചെയ്യാൻ കഴിയാത്ത ദുഃഖം
ആഢംബരങ്ങളാം കൗതുക വസ്തുക്കൾ-
വാങ്ങിയങ്ങളാവാൻ കഴിയാത്ത ദുഃഖം
മുഖത്തങ്ങുചായംത്തേച്ചും മിനുക്കിയും പിന്നെ
ആഭാസവസ്ത്രം ധരിക്കാൻ കഴിയാത്തതും ദുഃഖം
തുള പറഞ്ഞിരിക്കാനും സൊറ-
പറഞ്ഞിരിക്കാനും കഴിയാത്ത ദുഃഖം
അവൾക്കവനേയും അനവളേയും കാണാൻ കഴിയാത്ത ദുഃഖം
യോഗത്തിൽ പോകാനും കയ്യടി നൽകാനും കഴിയാത്ത ദുഃഖം
കലയും സ്പോർട്സും കാണാനും കളിക്കാനും-
കയ്യടി നൽകാനും കഴിയാത്ത ദുഃഖം
കമ്പിനിക്കാരൊത്ത് വെള്ളമടിച്ചങ്ങ്-
അടിപിടി കൂടാൻ കഴിയാത്ത ദുഃഖം
ബീച്ചിലും പാർക്കിലും തെരുവിലും വായ്-
നോക്കി പോകാൻ കഴിയാത്തതും ദുഃഖം
രാഷ്ട്രീയ സമരങ്ങളും പൊതുയോഗങ്ങളും ആളെ-
കൂട്ടി നടത്താൻ കഴിയാത്തതും ദുഃഖം
ആത്മീയ കേന്ദ്രങ്ങൾ അടഞ്ഞു കിടന്നതും ആത്മ പ്രഭാഷണം-
ശ്രവിക്കാൻ കഴിയാത്തതും ഒരു ദുഃഖം
വസ്തുവകകൾ വാങ്ങിയും വിറ്റും പണം-
വാരികൂട്ടാൻ കഴിയാത്ത ദുഃഖം
വിദ്യാലയങ്ങൾ തുറന്നങ്ങു പഠിക്കാനും-
പഠിപ്പിക്കാനും കഴിയാത്ത ദുഃഖം
പഠിച്ചങ്ങുയർന്നിട്ടും ഒരു ജോലി ലഭിക്കാത്ത ദുഃഖം
ജോലിക്കു കാലത്ത് പോകാൻ കഴിയാത്ത ദുഃഖം
കടകളിതെന്നും തുറക്കാത്ത ദുഃഖം
ഉറ്റവർക്കെങ്ങാനും വ്യാധികൾ വന്നാൽ ചാരത്തു-
ചെല്ലാൻ കഴിയാത്ത ദുഃഖം
കല്ല്യാണമില്ല കളബാണമില്ല ഉറ്റവർ ഒന്നിച്ചു കൂടാത്ത ദുഃഖം
കോവിഡു കാരണം മരണപ്പെട്ടാൽ ഒരു നോക്കു-
കാണാൻ കഴിയാത്ത ദുഃഖം
കുഞ്ഞുങ്ങൾക്കെന്തേലും വന്നുപോയാൽ അവരെ-
ചികിത്സിക്കാൻ കഴിയാത്ത ദുഃഖം
അന്യദേശത്തരി തേടി പോയോരെ ഒരു നോക്കു-
കാണാൻ കഴിയാത്തതും ദുഃഖം
ദുഃഖങ്ങൾ പലതാണെങ്കിലും വിശപ്പിൻ ദുഃഖം വല്ലാത്ത ദുഃഖം
എങ്ങിനെ ചൊല്ലിടും വിശപ്പെന്ന ദുഃഖം
എത്രനാൾ താങ്ങുമീ ദുഃഖം
വയർവേദനയോ എരിച്ചിലോ പുകച്ചിലോ കൈകാൽ തളർച്ചയോ-
തലചുറ്റലോ ബോധം നശിക്കലോ ഇതല്ലെ ദുഃഖം വലിയ ദുഃഖം

കവിത



പി.വി. പോൾ രാജൻ

# കൂപ്പുകൈ

**കൈ** കൂപ്പിയെന്നും
വണങ്ങുന്നു ഞങ്ങൾ
ഈ വിശ്വനാഥാ ജഗദീശ്വരാ-
ഈ വിശ്വനാഥാ ജഗദീശ്വരാ
അനുഗ്രഹിക്കേണമേ
എന്നുമീ ഞങ്ങളെ-
ജീവന്റെ ജീവനായ്-
കാത്തരുളേണമേ
ജീവിതയാത്രയിൽ-
കൂരിരുൾ വീഥിയിൽ
അജ്ഞരായ് ഞങ്ങൾ
അലഞ്ഞീടുമ്പോൾ
ഒട്ടും മടിക്കാതെ-
വന്നണയേണമേ
ഒരുതിരി വെട്ടമായ്
തെളിയേണമേ
ദിവ്യപ്രകാശമായ്
ജ്വലിക്കേണമേ
ദിവ്യപ്രകാശമായ്
ജ്വലിക്കേണമേ

ഗാനം



മഞ്ചേരി ബാലചന്ദ്രൻ

# ഇണയരയന്നമെ...

**അ**കന്നുപോയതെന്തേ
എൻ ഇണയരയന്നമെ...
ഇനിയേത് രാവിൽ കാണും
നിറമിഴി പൂക്കളുമായ്
(അകന്നു...)
ഒരുനിമിഷം നിന്നെയോർത്ത്
ഒരുവസന്തം താനെ കൊഴിഞ്ഞു
ഒരു നൊമ്പരത്തിൻ പരിഭവം
ഓമലെയെൻ പരിരംഭണം
(ഒരു...)
ഹൃദയത്തിൻ തംബുരു മീട്ടി
അറിയാതെ രാഗ തരംഗം
അകതാരിൽ നിൻ മന്ദഹാസം
അറിയാൻ കഴിഞ്ഞില്ലയെന്നും
(ഹൃദയ...)

ചെറുകഥ

# സദ്ഉദ്യമൻ

ഇ. അഗസ്ത്യൻ

പണ്ട് പണ്ട് മലയാളക്കരയിൽ "സദ്ഉദ്യമൻ" എന്ന ഒരു മർത്ത്യൻ ജീവിച്ചിരുന്നു. അദ്ദേഹം പണ്ഡിതനും രാഷ്ട്രീയമീംമാസയും കായികാഭ്യാസവും തന്റെ ജീവിതാനുഭവങ്ങളിൽ കൂടി അഭ്യസിച്ച ഒരു മഹാനും കൂടിയായിരുന്നു. സദ്ഉദ്യമൻ തന്റെ ജീവിത വിജയങ്ങൾക്കു വേണ്ടിയും തന്റെ തന്തതായമാരെയും സഹോദരി സഹോദരന്മാരേയും നല്ലനിലയിൽ പരിചരിക്കുവാനും പല പല മഹദ് ഉദ്യമങ്ങളും നിർവ്വഹിച്ചിട്ടും വിജയം കൈവരിക്കാനായില്ല. എന്നാൽ അതിനുള്ള കാരണം തന്റെ വളർച്ചയാൽ താഴ്ച സംഭവിക്കുമെന്ന മനക്ലേശത്തിൽ പ്രവർത്തിക്കുന്ന രാജപ്രീതി പാത്രങ്ങളായി രാജസദസ്സിൽ സ്ഥാനമനുഷ്ടിക്കുന്ന ചില ദുഷ്വിചാരക്കാരായിരുന്നു. സദ്ഉദ്യമന്റെ വളർച്ചയിൽകൂടി തങ്ങൾക്ക് എന്തെങ്കിലും അധോഗതി സംഭവിക്കുമെന്ന ഭയമായിരുന്നു അവരുടെ മനസ്സിനെ നയിച്ചത്. സദ്ഉദ്യമന്റെ പുരോഗതിയിലേക്കുള്ള പാതയിൽ അവർ കല്ലും മുള്ളും നിറയ്ക്കുകയും എല്ലായ്പ്പോഴും സദ്ഉദ്യമന്റെ മുന്നേറ്റം തടയുവാനായി നിശ്ചയിച്ച സഹായികളെ പ്രവർത്തിപ്പിക്കുകയും എന്നാൽ തങ്ങളുടെ പൊയ്മുഖങ്ങൾ അന്തർലീനമാക്കി വെച്ച് നിസ്സഹായകരെപ്പോലെയും പാവങ്ങളെപ്പോലെയും രാജസദസ്സുകളിലും ഗംഭീരസദസ്സുകളിലും നല്ലപിള്ള ചമഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു.

സദ്ഉദ്യമന് ഒരു തരത്തിലും മുന്നോട്ടേക്കുള്ള പുരോഗതി കാലത്തിലേക്ക് പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാനാകുകയില്ല എന്നു തോന്നിയ അക്കാലത്ത് അദ്ദേഹം ഒരു ശപഥം ചെയ്തു. മഹർഷിമാരെപ്പോലും നിശ്ചലമാക്കുന്ന അതിശക്തമായ ദേവർഷികളുടെ പോലും പ്രീതിപാത്രമായ സദ്ഉദ്യമൻ ചെയ്ത ശപഥം തന്റെ ജന്മം പൂണ്ട ദിനം മുതലുള്ള കൊല്ലവർഷത്തിനെ ദേവപ്രീതിയാൽ ഉൾകൊണ്ട വിശ്വാസത്തിൽ അദ്ദേഹം എ.ബി. എന്ന രണ്ടക്ഷരത്തിനാൽ "ആഫ്റ്റർ ബർത്ത്"



എന്നു സ്വയം നാമകരണം ചെയ്തു. പിന്നീട് അദ്ദേഹം തന്റെ പുരോഗതിക്കും വളർച്ചക്കും കുടുംബ പരിപാലത്തിനും തടസ്സമുണ്ടാക്കിയ ആളുകളെ നോക്കി സ്വയം ആത്മഗതം ചെയ്തു.


"നിന്റെ വളർച്ചക്കു തടസ്സമാകുമെന്നു തോന്നി എന്റെ ജീവിതത്തേയും പുരോഗതിയേയും വളർച്ചയേയും സുപ്രസിദ്ധിയേയും സൽകീർത്തിയേയും നശിപ്പിക്കുന്നതിനു പദ്ധതി ആസൂത്രണം ചെയ്ത് വിജയശ്രീലാളിതനായി പ്രവർത്തിച്ചതിനാൽ ഇനി നിനക്ക് ഏതൊരുകാലത്തും എന്നെക്കാൾ മുന്തിനില്ക്കുന്ന സുപ്രസിദ്ധിയും സൽകീർത്തിയും ഉണ്ടാകുകയില്ല, എല്ലാവിധ മേന്മയുടെ തരത്തിലും എന്നെക്കാൾ താഴെ മാത്രമായിരിക്കും എന്നെ മറന്ന, നിന്നെയൊക്കെ അത്യുന്നതങ്ങളിലേക്കു നയിച്ച രാശിയോഗ പ്രീതി മറന്ന, നന്ദികെട്ടവരുടെ പര്യയമായ നിന്റെയൊക്കെ സ്ഥാനമാനങ്ങൾ. എന്നു മാത്രമല്ല എന്റെ എത്രത്തോളമുള്ള വളർച്ചയുണ്ടോ അതിനുകീഴെ അതായിരിക്കും നിന്റെയും സഹായികളുടേയും ഇനിയുള്ള വളർച്ചയും പുരോഗതിയും നിശ്ചയിക്കുന്ന അളവുകോൽ. ഞാൻ എന്തോ അതിലും കീഴെ തട്ടിലിരിക്കും നീ. എന്റെ സുപ്രസിദ്ധിയുൾപ്പെടെയുള്ള എല്ലാ സ്ഥാനമാനങ്ങളും താഴ്ചയിലേക്ക് വലിച്ചാൽ എനിക്കുകീഴെയിരിക്കും നിന്റെ സ്ഥാനം. പഴമൊഴിപിൻതുടർന്ന് വെടക്കാക്കി തനിക്കാക്കാൻ അഭ്യസിച്ചാൽ എന്റെ സ്ഥാനമാനങ്ങൾക്കും ഒരുപടി താഴെയിരിക്കും നിങ്ങൾ. മികച്ചു നിൽക്കാൻ യോഗമുള്ളവൻ ഞാൻ. എനിക്ക് ചെറുനാഴി അളർന്നവർക്ക് ഭൂമിയിൽ ഒരു കാലത്തും എന്നെക്കാൾ മുന്തി നിൽക്കാനാവില്ല. ഇതുതന്നെയായിരുന്നു സദ്ഉദ്യമൻ ചെയ്ത ശപഥവും". എ.ബി. ക്കു ശേഷമുള്ള കാലം തൻപോരിമ സാധിപ്പിക്കാനായി സദ്ഉദ്യമനോട് കച്ചകെട്ടി പോർമുഖത്തുള്ള ബഹുമുഖർ തിന്മേഛയിൽ പ്രീണിപ്പിച്ചും, നിരാശ്രയരാക്കിയും, ആശ്രിതരാക്കിയും, ആജ്ഞാനുവർത്തികളാക്കിയും സദ്ഉദ്യമന് എക്കാലവും "ട്ടാ"വട്ടത്തിലുള്ള കിണറ്റിൽ നീന്താൻ കുഴൽമതിലുകൾ ചുറ്റപാടുകളിൽ നിർമ്മിക്കുന്നതിനു സഹായികളായി തന്ത്രപ്രധാനികളായവർ "സദ്ഉദ്യമൻ സഞ്ചരിക്കുന്നതിനു കുഴൽപ്പാത നിർമ്മിക്കുന്നതിനു ചെയ്ത കർമ്മങ്ങളുടേയും വായ്മൊഴിവചനങ്ങളുടേയുംചീത്തവശങ്ങളിൽകൂടിയും സ്വഭാവത്തിൽ പൊയ്മുഖം കാണിച്ചു ഒളിപ്പിച്ച വഞ്ചനയിനാലും സദ്ഉദ്യമനെക്കാൾ കീഴെ അധഃപതന പാതാളത്തിൽ എത്തിച്ചേർന്നവരായ, എന്നാൽ പോർമുഖം വിട്ടൊഴിയാത്ത, സദ്ഉദ്യമന്റെ സദ്ഉദ്യമങ്ങൾ പരാജയപ്പെടുന്നതിനു സ്വാർത്ഥവശത്തേക്ക് രാജസദസ്സുകളിലേയും-ഗംഭീരസദസ്സുകളിലേയും പ്രമുഖർ വന്നുചേരുന്നതിനു അടവുകൾ പയറ്റിക്കുന്നതിനു പ്രധാന കാര്യകാരണക്കാരായ രാജാവിന്റേയും പരിവാരങ്ങളുടേയും സേനാനായകന്മാരുടേയും സേനകളുടേയും പലവിധ സ്ഥാനമാനങ്ങളുടേയും അധഃപതനം കണ്ടുകൊണ്ടു ഭൂമിയിലെത്തിയ ദേവർഷകൾ സദ്ഉദ്യമനെക്കുറിച്ചു അഭിമാനംകൊണ്ടു ആശിർവാദത്തിന്റെ സംപൂജ്യ പൂക്കൾ ഭൂമിയിൽ പിതറി. ■

ചെറുകഥ



സത്യൻ താന്നിപ്പുഴ

# ചക്ക നല്ല ചക്ക തേൻ വരിക്ക ചക്ക



ദമയന്തി വിഷു ആഘോഷിക്കുവാൻ തയ്യാറെടുത്തു. ഭർത്താവ് അജേഷ് അമേരിക്കയിൽ നിന്നു വന്നിട്ടുണ്ട്. അച്ഛനും അമ്മയും മക്കളും ദമയന്തിയും കൂടി നെയ്യപ്പം ഉണ്ടാക്കി കായയും ചക്കയും വറുത്തു. വെളുപ്പിന് അഞ്ചു മണിക്ക് എല്ലാവരും എഴുന്നേല്ക്കണമെന്നു ദമയന്തി പറഞ്ഞു.

വിഷു ദിനത്തിൽ ഉണർന്നാൽ ആദ്യം കണികാണണം എന്നാണ് മലയാളികളുടെ ആചാരം. ഒരു ഉരുളിയിൽ കണിവെള്ളരിക്ക, ചക്ക, മാങ്ങ, വാഴപ്പഴം, അരി അലക്കിയ വെള്ളമുണ്ട്, കൊന്നപ്പൂവ്, സ്വർണ്ണമാല, കണ്ണാടി, നാണയം, എന്നിവ ഒരുക്കി മുൻവശത്തെ മുറിയിൽ വച്ചു. അഞ്ചു തിരിയിട്ട നിലവിളക്കും വച്ചു.

വിഷുദിനത്തിൽ ബ്രഹ്മമുഹൂർത്തത്തിൽ ദമയന്തി എഴുന്നേറ്റ് നിലവിളക്ക് കൊളുത്തി. കുടുംബാംഗങ്ങളെല്ലാം എഴുന്നേറ്റ് കണി കണ്ടു. മുത്തച്ഛൻ പേരക്കുട്ടിക്ക് വിഷുകൈനീട്ടം കൊടുത്തു. പേരക്കുട്ടികൾ മുത്തച്ഛനും മുത്തശ്ശിക്കും അമ്മയ്ക്കും അച്ഛനും വിഷുകൈനീട്ടം കൈമാറി. എല്ലാവരും കുടുംബവിശേഷങ്ങൾ പറഞ്ഞിരുന്നു. അപ്പോൾ പേരക്കുട്ടി ചോദിച്ചു; "എന്താ മുത്തച്ഛാ വിഷുവിന്റെ പ്രത്യേകത?"

അന്നാണ് സൂര്യൻ നേരെ കിഴക്കുദിച്ച് നേരെ പടിഞ്ഞാറ് അസ്തമിക്കുന്നത്. മുത്തച്ഛൻ പറഞ്ഞു. അവർ സംസാരിച്ചിരുന്നപ്പോൾ വിഷുപ്പക്ഷിയുടെ പാട്ട് കേട്ടു.

**അച്ഛൻ കൊമ്പത്ത്**
**അമ്മ വരമ്പത്ത്**
**കള്ളൻ കേട്ടു**
**കണ്ടാൽ ചക്കേട്ടു**
**കണ്ടാൽ മിണ്ടേണ്ട**
**കൊണ്ടൊയ് തിന്നോട്ടെ**

ദേശാടനപക്ഷയുടെ പാട്ട് നാട്ടിൽ വന്ന് കേട്ടപ്പോൾ അജേഷിന് വലിയ ആനന്ദം തോന്നി. കൊറോണ കാലത്ത് പുറത്തിറങ്ങാൻ കഴിയാതെ വീട്ടിലിരിക്കുമ്പോൾ ഒരു നിമിഷം ടെൻഷൻ മാറി സന്തോഷിച്ചു.

ചക്കപ്പാട്ട് കേട്ടപ്പോൾ ചക്കപായസം കഴിക്കണമെന്നാഗ്രഹം തോന്നി അജേഷിന്. അടുത്ത വീട്ടുകാരന്റെ മുറ്റത്തെ പ്ലാവിൽ ചക്ക ഉണ്ടായി കിടക്കുന്നതു കണ്ടു. ഒരു ചക്ക വിലകൊടുത്തു വാങ്ങി.

**ചക്ക നല്ല ചക്ക**
**തേൻവരിക്ക ചക്ക**
**ചക്കപഴുക്കും നേരം**
**ചക്കപ്പായസമുണ്ടാക്കാം.**

ചക്കയുമായി ചെന്നപ്പോൾ ഭാര്യ പറമ്പിലേക്ക് വിളിച്ചു കൊണ്ടു പോയി. പറമ്പിലെ പ്ലാവിലേക്ക് ചൂണ്ടികാണിച്ചുകൊണ്ടു ചോദിച്ചു. "ഇതെന്താണ് ഒന്നു നോക്കൂ." അവിടെ പ്ലാവിൽ നിറയെ ചക്ക ഉണ്ടായി കിടക്കുന്നു. ആവശ്യമില്ലാത്തതുകൊണ്ട് കുറെയൊക്കെ പഴുത്ത് താഴെ വീണുകിടക്കുന്നു.

"ഇടക്ക് നമ്മുടെ വീടും പരിസരവും ഒന്നു കാണണം. വീട്ടിൽ വന്നാലും പറമ്പിലിറങ്ങി നോക്കാറില്ലല്ലോ?" ഭാര്യയുടെ പരിഹാസം.

ഭർത്താവ് അമേരിക്കയിലായിരുന്നു. കൊറോണകാലത്ത് നാട്ടിൽ വന്നതാണ്. വീട്ടിലെ കാര്യങ്ങളും പറമ്പിലെ വിവരങ്ങളും അറിയാൻ പാടില്ലായിരുന്നു. ■

# പരസ്യങ്ങൾ ആവശ്യമുണ്ട്







**വർഷത്തിൽ 4 മാസങ്ങളിലായി (ഇടവിട്ട 3 മാസങ്ങളിൽ) പ്രസിദ്ധികരിക്കുന്ന RNI രജിസ്ട്രേഷനുള്ള നക്ഷത്രരാജ്യം ത്രൈമാസികയിൽ 200 രൂപ പ്രകാരം (4 × 200 = 800) <> പേജ് 1 ൽ 10 ബോക്സ്<> 1 വർഷം പരസ്യം ചെയ്യുവാൻ ആഗ്രഹമുള്ള വ്യവസായ, കച്ചവട സ്ഥാപനങ്ങളും, കുടിൽ വ്യവസായ സംരംഭകരും നേരിട്ടോ ഫോണിലൂടെയോ ബന്ധപ്പെടുക.**

**മൊത്തം 1 വർഷത്തേക്ക് ഒന്നിച്ച് പണം അടക്കേണ്ടതായില്ല. പരസ്യം പ്രസിദ്ധം ചെയ്ത ത്രൈമാസ ബിൽ കാലയളവിൽ 200 രൂപ പ്രകാരം അടച്ചാലും മതിയാകും.**

**Black / White മറ്റു പരസ്യങ്ങൾ:-**

| | |
|---|---|
| 78 mm × 72 mm(ഒരു പേജിൽ 6 എണ്ണം) | RS. 400/- |
| 155 mm × 55 mm(ഒരു പേജിൽ 4 എണ്ണം) | RS. 650/- |
| Half page | RS. 800/- |
| Full page | RS. 1,500/ |





ഫോൺ : 9847649567, 9744233997


മാനേജിംഗ് എഡിറ്റർ

നക്ഷത്രരാജ്യം ത്രൈമാസിക

P.B : No. 1205, Mankave P.O., Kozhikode-673 007












Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No. 1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.


Break the chain
സോപ്പിട്ട്
മാസ്ക്കിട്ട്
ഗ്യാപ്പിട്ട്
നിൽക്കാം
വാക്സിൻ
സ്വീകരിക്കൂ...
കൊറോണയെ
പ്രതിരോധിക്കൂ...
സാമൂഹിക പ്രതിബദ്ധതയോടെ,
നക്ഷത്രരാജ്യം
ത്രൈമാസിക


വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്ങ്സ് & ലിറ്ററേച്ചർ ക്രീഷൻസ്
ഇ. രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന
അമ്പല്ലൂർവാഴിക്കോട്ട
നാടകം
VIDEO CD
ഭൂമിഗീതം
നാടകം
അഗ്നിചിറകുള്ള തുമ്പികൾ
പേടമാൻപാടുന്നകാട്
നാടകം
VIDEO CD
VIDEO CD AVAILABLE
നാടക ഗാനങ്ങൾ
നാടകം അമ്പല്ലൂർവാഴികോട്ട: സംഗീതം: ഹാരിസ് സൂഫി
1. ആകാശത്തിലെ പറവകളെല്ലാം..... : സുനിൽ കുമാർ
2. ആകാശമിന്നൊരു കുട.... : സുനിൽ കുമാർ, ഉണ്ണിമോൾ കുന്ദമംഗലം
3. കണ്ണീരിൻ കടവിലെ..........: സുനിൽ കുമാർ
നാടകം പേടമാൻ പാടുന്ന കാട്: സംഗീതം: ജയൻ കോഴിക്കോട്
1.ഈശ്വരാ ജഗദീശ്വരാ.......: ജയൻ കോഴിക്കോട്
2. നിശാഗന്ധി നിശാഗന്ധി.............: സോന
3. വനദേവതകൾ............(male & Female): ജയൻ കോഴിക്കോട്, സോന
വനദേവതകൾ......... : ജയൻ കോഴിക്കോട്
നാടകം ഭൂമിഗീതം: സംഗീതം: ജയൻ കോഴിക്കോട്
1. യക്ഷ രാജകുമാരി............: വിജിത
2. നിലാപക്ഷി പാടി.................: ജയൻ കോഴിക്കോട്, വിന്നി
3. സ്വപ്ന സുന്ദരി...............: ജയൻ കോഴിക്കോട്
നാടകം അഗ്നിചിറകുള്ള തുമ്പികൾ: സംഗീതം: ജയൻ കോഴിക്കോട്
1. പൂനിലാമഴ........: ജയൻ കോഴിക്കോട്, ദീപ
2. ഗോപികേ.........: (ജയൻ കോഴിക്കോട്, ദീപ
2. കാലം കുതിരയായി..............: ജയൻ കോഴിക്കോട്
നാടകം ബുക്കിങ്ങിനും അനേഷണങ്ങൾക്കും : ഇ രാധാകൃഷ്ണൻ കൊമ്മേരി
വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്ങ്സ് & ലിറ്ററേച്ചർ ക്രീയേഷൻസ്, മാങ്കാവ്, കോഴിക്കോട് 7
Phone : 9847 649 567, 9744 233 997 E-mail: nakshathrarajyam@gmail.com

VOL: 3, ISSUE : 12
RNI REG NO. : KERMAL16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2021 MAY, JUNE, JULY
RS. 10/-

മഹാലക്ഷ്മി പൂജാമഠം
മാങ്കാവ്, കോഴിക്കോട് – 673 007



ശത്രുദോഷം, തടസ്സം, വശ്യം,
വേർപിരിഞ്ഞ ഭാര്യഭർത്താക്കന്മാരെ
ഒന്നിപ്പിക്കൽ, മറ്റുള്ള
എല്ലാ പ്രശ്നങ്ങൾക്കും

8943 77 40 60
9846 54 40 60

പൂജാമഠത്തിലേക്ക് ജ്യോതിഷവും പൂജയും അറിയുന്ന ആളുകളെ ആവശ്യമുണ്ട്.
താമസം, ഭക്ഷണം ഉണ്ടായിരിക്കും.
9846 77 40 60, 8943 77 40 60, 9846 54 40 60

Srishty Consultants
SRISHTY





Er. Shaju Kollambalath,
BE (Civil), ME(Structures), MIE, MICI
Chartered Engineer (India)
Mob: 9447702585

N.T.C. Building, Pottammal, Calicut - 17,
Ph: 0495 2744585
shajusrishty@gmail.com

Civil Engineers • Architectural Consultants

Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.